# സത്യദൂതൻ

2024 ജനുവരി | ലക്കം 01

വില ₹ 30

## വായനക്കാർക്ക്
## നവവത്സരാശംസകൾ



## തിരുനബിﷺ യുടെ യുദ്ധ മാതൃക

## ഫലസ്തീൻ പ്രശ്നം:
## മതപരവും രാഷ്ട്രീയവുമായ മാനങ്ങൾ

## മനുഷ്യൻ: പരിണാമ മുന്നേറ്റം

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം


*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*




# അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

**തിരുനബിﷺയുടെ യുദ്ധ മാതൃക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

2023 ഡിസംബർ 15 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.




**9**

**മനുഷ്യന്റെ പരിണാമ മുന്നേറ്റം**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**12**

**നിരീശ്വരവാദം വെല്ലുവിളിയും പ്രതിവിധിയും**

ഹാരിസ് റഹ്മാൻ സഫർ (അമേരിക്ക)



**18**

**ബ്രിട്ടൻ, ഇബ്നു സഊദ്, വഹാബിസം**

ഡോ: അബ്ദുല്ലാ മുഹമ്മദ് സിദ്ധി



**28**

**ഫലസ്തീൻ പ്രശ്നം മതപരവും രാഷ്ട്രീയവുമായ മാനങ്ങൾ**

എ. എം മുഹമ്മദ് സലീം

**36**

**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**

ഖലീഫത്തുൽ മസീഹ് അവ്വൽ رضی اللہ عنہ

ഇബ്നു വഫാ ബേപ്പൂർ



**41**

കുറിപ്പുകൾ

**വലതുപക്ഷ തീവ്രവാദത്തിലേക്ക് നീങ്ങുന്ന യൂറോപ്പും ഇസ്ലാമും**

മുസാഫിർ



لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

2024 ജനുവരി
ഹി.ശ. 1404– സുലഹ്
1445 ജ ആഖിർ – റജബ്
പുസ്തകം 96 ലക്കം 01
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**എച്ച്.ശംസുദ്ദീൻ**
**ഫോൺ : 9946 021 252**

മാനേജർ
**മാലിക് അമീൻ**
**ഫോൺ : 9895 867 185**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ നാഥന്റെ വചനങ്ങൾ ഓർമപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെകൊള്ളെ വീഴില്ല. (25:74)



## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞാനവും കുഴപ്പവും പ്രത്യക്ഷപ്പെടും. 'ഫറജ്' വർദ്ധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു: എന്താണ് 'ഫറജ്'? തിരുമേനിﷺകൈ കൊണ്ട് ഇങ്ങനെ ആഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനിﷺ കൊലപാതകത്തെയാണ് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും മനസ്സിലായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

**ശാന്തരായി ചിന്തിക്കൂ**

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരേ എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്ര യിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരരുത്. അതല്ല സ്വാതികരുടെ മാർഗം ... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ്. നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ 'ലാ ഇക്റാഹ ഫി ദ്ദീൻ' (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല) എന്ന് അല്ലാഹു പഠിപ്പിച്ചിട്ടുള്ളതായി ക്കാണുന്നു. (കശ്തിനൂഹ്)



# സത്യദൂതൻ നൂറിന്റെ നിറവിൽ

സത്യദൂതൻ മലയാളത്തിലെ പ്രസിദ്ധീകരണ ചരിത്രത്തിൽ അന്യാദൃശമായ ഒരു നാഴികക്കല്ല് പിന്നിടുകയാണ്. 1925 ജനുവരിയിൽ ആരംഭിച്ച സത്യദൂതൻ 2024 ജനുവരിയോടെ സംഭവബഹുലമായ ഒരു നൂറ്റാണ്ടിന്റെ പൂർത്തീകരണത്തിലേക്ക് കടക്കുകയാണ്. ഇസ്‌ലാമിൽ മുഹമ്മദ് നബി(സ) വാഗ്ദാനം ചെയ്ത മഹ്ദീ മസീഹിന്റെ സത്യ മാർഗത്തിലേക്കുള്ള ആശയ പ്രചരണത്തിനു വേണ്ടിയാണ് സത്യദൂതൻ സമർപ്പിക്കപ്പെട്ടത്. ദൈവപ്രേഷിതരായ ആത്മീയ പുരുഷന്മാരെ ഒരിക്കലും സമൂഹം ഇരുകൈകളും നീട്ടി സ്വീകരിച്ചിട്ടില്ല. ആത്മീയ പ്രകാശത്തിന്റെ സംവാഹകരായി മാറുന്ന അവരുടെ പ്രസ്ഥാനങ്ങളും പ്രസിദ്ധീകരണങ്ങളും ബഹിഷ്ക്കരിക്കപ്പെടുകയും നിശിതമായ വിമർശനങ്ങൾ ഏറ്റുവാങ്ങുകയും ഉന്മൂലന ശ്രമങ്ങൾക്ക് വിധേയമാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സത്യദൂതന്റെ പൂർവ്വ സൂരികളായ പത്രാധിപന്മാർ അഹ്മദിയ്യാ ജമാഅത്തിനോടൊപ്പം കനൽപഥങ്ങൾ താണ്ടിയാണ് നൂറ്റാണ്ടിന്റെ കാലഖണ്ഡം പൂർത്തിയാക്കിയത്. സൂര്യനുദിച്ചാൽ ചെളിവെള്ളത്തിലും അതിന്റെ പ്രതിഫലനം ഉണ്ടാകുന്നത് പോലെ സത്യദൂതന്റെ പ്രകാശം കേരളീയ മുസ്‌ലിം സമൂഹത്തിലെ ഇരുട്ടുകോട്ടകളിൽ വെളിച്ചം വിതറുകയും ആ പ്രകാശ പ്രകീർണനത്താൽ അഹ്മദിയ്യത്തിന്റെ പ്രതിയോഗികളുടെ ദർശന ശേഷിയെപ്പോലും അത് സ്വാധീനിച്ചു. പ്രത്യക്ഷമായും പരോക്ഷമായും സത്യദൂതൻ ഉണ്ടാക്കിയ ചലനങ്ങളും പ്രതിചലനങ്ങളും ആഴത്തിലുള്ളതായിരുന്നു.

വിശുദ്ധ ഖുർആന്റെ വിശദീകരണങ്ങൾ, റസൂൽ തിരുമേനി(സ)യുടെ ഒളിമങ്ങാത്ത ജീവിതസന്ദേശം, ആത്മീയ ജീവിതത്തിന്റെ അകം പൊരുൾ, നുബുവ്വത്തിന്റെയും രിസാലത്തിന്റെയും സാരാംശങ്ങൾ, ആരോഗ്യകരമായ മതസംവാദങ്ങൾ, നാസ്തിക വാദത്തിനെതിരെയുള്ള ആശയ സമരം മുതലായ മുസ്‌ലിം ധിഷണയെ ആവേശം കൊള്ളിക്കുകയും വഴികാട്ടുകയും ചെയ്ത ഹദ്റത്ത് അഹ്മദ്(അ)ന്റെ ദൈവികമായ ആശയങ്ങളും ആഹ്വാനങ്ങളും മലയാള ദേശത്ത് പ്രകാശിതമാക്കിയതിൽ മുഖ്യപങ്ക് വഹിച്ചത് സത്യദൂതനായിരുന്നു. അതിനു പുറമേ നൂറ്റാണ്ടിന്റെ ചരിത്രസന്ധികളിൽ ഉണ്ടായ സംഭവങ്ങൾക്ക് മുന്നിൽ നിവർത്തിപിടിച്ച ഇസ്‌ലാമിക ദർപ്പണം കൂടിയായിരുന്നു സത്യദൂതന്റെ താളുകൾ. രണ്ടാം ലോക മഹായുദ്ധം, ജപ്പാനിൽ വർഷിക്കപ്പെട്ട അണുബോബ്, ഐക്യരാഷ്ട്ര സഭയുടെ രൂപീകരണം, ഇസ്റയേൽ സ്ഥാപനം, യഹൂദ ഗൂഢാലോചനകൾ, ക്യൂബൻ പ്രതിസന്ധി, കമ്മ്യൂണിസത്തിന്റെ തകർച്ച, മതരാഷ്ട്ര വാദത്തിന്റെ അപകടങ്ങൾ, ഗൾഫ്‌യുദ്ധം, ശ്രദ്ധിച്ചില്ലെങ്കിലും അറബ് മുസ്‌ലിം ലോകത്തിന് കാലാകാലങ്ങളിൽ അഹ്മദിയ്യാ ഖലീഫമാർ നല്കിയ സദുപദേശങ്ങൾ, മൂന്നാം ലോകമഹായുദ്ധത്തെ പറ്റിയുള്ള മുന്നറിയിപ്പുകൾ മുതലായ നിരവധി വിഷയങ്ങൾ സത്യദൂതന്റെ താളുകളിലൂടെ വായനക്കാരിലെത്തി.

അഹ്മദിയ്യാ ജമാഅത്തിന്റെ മുഖപത്രമായ സത്യദൂതനെ എതിർപ്പിലൂടെയും വിമർശനങ്ങളിലൂടെയും ഇല്ലാതാക്കാൻ വമ്പിച്ച ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ അകമ്പടിയോടെ പല മുസ്‌ലിം മലയാള പ്രസിദ്ധീകരണങ്ങളും ശ്രമിച്ചുനോക്കി. പലതും കാലയവനികക്കുള്ളിൽ തിരോഭവിച്ചെങ്കിലും സത്യദൂതൻ നൂറിന്റെ നിറവിൽ വായനക്കാരുടെ കൈകളിലെത്തുകയാണ്. മനുഷ്യന്റെ മാർഗദർശനത്തിന് പ്രയോജനകരമായിരിക്കുന്ന ചിരസ്ഥായിയായ ഒരു ദൈവിക പ്രസ്ഥാനത്തിന്റെ പ്രസിദ്ധീകരണം എന്ന നിലക്കാണ് സത്യദൂതന്റെ ഈ ദീർഘായുസ്സ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞത് പോലെ

**'ഫ അമ്മ സ്സബദു ഫയദ്ഹബു ജുഫാഅൻ, വ അമ്മാ മാ യൻഫഉന്നാസ ഫയംകുസു ഫിൽ അർളി'**

പതയാവട്ടെ അത് ചണ്ടിയായിപ്പോവുന്നു. മനുഷ്യർക്ക് പ്രയോജനകരമായത് ഭൂമിയിൽ നിലനിൽക്കുകയും ചെയ്യുന്നു. (13:18)



# തീജ്വാലകൾക്ക് എന്നെ നശിപ്പിക്കാനാവില്ല.

**ഹ്ദറത്ത് അഹ്മദ്(അ)**

ഈ മഹാവിപ്ലവത്തെ നോക്കിക്കാണുവിൻ! ഇതു മനുഷ്യന്റെ കൈകളാൽ സംഭവിക്കുന്നതാണോ എന്നാലോചിക്കുവിൻ! ലോകർ ആഗ്രഹിച്ചു, ഈ പ്രസ്ഥാനത്തിന്റെ നാമാടയാളങ്ങൾ പോലും ബാക്കിയാവാത്ത നിലയിൽ നശിപ്പിച്ചു കളയണമെന്ന്. ഇത് അവരുടെ വരുതിയിൽപ്പെട്ട കാര്യമാണെങ്കിൽ ഈ പ്രസ്ഥാനം എന്നേ നശിച്ചൊടുങ്ങുമായിരുന്നു. എന്നാൽ, ഇതു അല്ലാഹുവിന്റെ പ്രവൃത്തിയാകുന്നു. അവൻ ഉദ്ദേശിക്കുന്നതെന്തോ അതിനെ തടയാൻ ഈ ലോകത്തിന് സാധിക്കുന്നതല്ല. ലോകം ഉദ്ദേശിക്കുന്നതെന്തോ അത് ദൈവം ഇച്ഛിച്ചതെല്ലെങ്കിൽ അതൊരിക്കലും സംഭവിക്കുന്നതല്ല. ചിന്തിച്ചു നോക്കുവിൻ! എന്റെ കാര്യത്തിൽ മുഴുവൻ ഉലമാക്കന്മാരും പീർപുത്രന്മാരും പുണ്യസ്ഥാനികളും എതിരാളികളായി അണിനിരന്നു. മറ്റു മതസ്ഥരെയും എന്റെ ശത്രുതയിൽ അവർ കൂട്ടുകാരാക്കിമാറ്റി. എന്നെ സംബന്ധിച്ചിടത്തോളം അവർ എല്ലാതരം ശ്രമങ്ങളിലും ഏർപ്പെട്ടു. മുസ്‌ലിംകളേയും എന്റെ നേരെ ദുർഭാവന പുലർത്തുന്നവരാക്കി മാറ്റാനായി കുഫ്റ ഫത്‌വ പുറപ്പെടുവിച്ചു. ഈ പരിപാടിയിലും വിജയം സിദ്ധിക്കാതെ വന്നപ്പോൾ കേസ്സുകളുടെ ഒരു പരമ്പര ആരംഭിച്ചു. കൊലക്കേസ്സിലും എന്നെ കുരുക്കിയിട്ടു. എന്നെ ശിക്ഷയിലകപ്പെടുത്തുന്നതിന് കഴിയുന്നത്ര എല്ലാ ശ്രമങ്ങളും നടത്തി. ഒരു പാതിരിയെ വധിക്കാൻ ശ്രമിച്ചതായി എന്റെ പേരിൽ കള്ളക്കുറ്റം ചുമത്തി. ഈ കേസിൽ മുഹമ്മദ് ഹുസൈൻ ബട്ടാലവി സാക്ഷി പറയാൻ സന്നദ്ധനാവുകയും ചെയ്തു. ഞാൻ കേസിൽപെട്ടു വിഷമിക്കണമെന്നും ശിക്ഷിക്കപ്പെടണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നുണ്ടായിരുന്നു. മുഹമ്മദ് ഹുസൈന്റെ ഈ ശ്രമങ്ങൾ വ്യക്തമാക്കിയത് തെളിവുകളും പ്രമാണങ്ങളുമുന്നയിക്കാൻ അദ്ദേഹം അശക്തനാണെന്നത്രെ. ശത്രു ന്യായവാദങ്ങൾ ഉന്നയിക്കാൻ പ്രാപ്തനാകാതെ വരുമ്പോഴും പ്രമാണങ്ങളിലൂടെ കുറ്റം വിധിക്കാൻ കഴിയാതെ വരുമ്പോഴും ദ്രോഹിക്കാനും കൊല്ലാനും പ്ലാനിടുകയും നാട്ടിൽ നിന്നും ആട്ടിപുറത്താക്കാൻ വട്ടം കൂട്ടുകയും ചെയ്യുന്നതാണല്ലോ സമ്പ്രദായം. അവർ പല തരത്തിലുള്ള ഗൂഢാലോചനകളും ആസുത്രണം ചെയ്യാൻ തുടങ്ങുന്നു. തിരുനബി(സ)ക്കെതിരെ മക്കയിലെ അവിശ്വാസികൾക്ക് ഒന്നും ചെയ്യാനാകാതെ വരികയും എല്ലാ വിധത്തിലും അവർ അശക്തരായി ഭവിക്കുകയും ചെയ്തപ്പോൾ അവരും ഇത്തരത്തിൽ തന്നെ തിരുമേനി(സ)യെ കൊല്ലുകയോ തടവിലിടുകയോ നാട്ടിൽ നിന്നും അടിച്ചോടിക്കുകയോ ചെയ്യാൻ ഗൂഢാലോചന നടത്തുകയോ ആണല്ലോ ഉണ്ടായത്. തിരുനബി(സ)യുടെ സഹചരർക്ക് കടുത്ത ക്ലേശങ്ങൾ ഉണ്ടാക്കിവെച്ചു. എന്നാൽ ഒടുവിൽ തങ്ങളുടെ എല്ലാ ആസൂത്രണങ്ങളിലും ഗൂഢാലോചനകളിലും അവർ പരാജിതരും നിരാശരുമായിതീർന്നു. അതേ സുന്നത്തും രീതികളും തന്നെയാണ് എന്റെ കാര്യത്തിലും പ്രാവർത്തികമാക്കപ്പെടുന്നത്. എന്നാൽ ഈ ലോകം അതിന്റെ സ്രഷ്ടാവും സർവലോക രക്ഷിതാവുമായ ഒരു സത്തയുടെ പ്രഭാവത്തിനടിമപ്പെട്ടിരിക്കുന്നു. അവൻ തന്നെയാണ് കള്ളവാദിയേയും സത്യവാദിയെയും വേർതിരിക്കുന്നത്. സത്യവാദിക്ക് പിന്തുണ നല്കുകയും സത്യവാദിയെ വിജയിപ്പിച്ചുകാണിക്കുകയും ചെയ്യുന്നതും അവൻ തന്നെ. ഇപ്പോൾ ഈ കാലഘട്ടത്തിലും ദൈവം അവന്റെ അത്ഭുത ശക്തിയുടെ ഉദാഹരണം കാണിച്ചിരിക്കയാണ്. ദൈവത്തിന്റെ പിന്തുണയുടെയും സഹായങ്ങളുടെയും സജീവമായ ഒരടയാളമാകുന്നു ഞാൻ. സമുദായം മുഴുവനും തള്ളിക്കളഞ്ഞ അതേവ്യക്തി തന്നെയാണ് ഈയുള്ളവൻ. ഞാനിന്നും സ്വീകൃതന്മാരിൽ പെട്ടവനായി നിങ്ങളുടെ മുമ്പിൽ നിൽക്കുകയാണ്. ഇന്നേക്ക് നാൽപ്പത് കൊല്ലം മുമ്പ് ഞാനിവിടെ വന്നിരുന്നപ്പോൾ എന്നോടൊന്നിച്ച് നിൽക്കാൻ ആരാണ് ഇഷ്ടപ്പെട്ടിരുന്നത്? ഉലമാക്കളും ഫുക്കറാക്കളും എല്ലാതരത്തിൽ പെട്ട മഹാന്മാരും ഉന്നതരായ വ്യക്തികളും ഞാൻ നശിച്ചു പോകണമെന്ന് ആഗ്രഹിക്കുകയായിരുന്നു. ഈ പ്രസ്ഥാനം നശിച്ചൊടുങ്ങിപ്പോവുമെന്നും അവർ ആശിച്ചുകൊണ്ടിരുന്നു. എനിക്ക് പുരോഗതിയുണ്ടാകുമെന്ന് അവർ ഊഹിക്കുക പോലും ചെയ്തിട്ടില്ല. എന്നാൽ തന്റെ സത്യ ദാസരെ എപ്പോഴും പിന്തുണച്ചുപോന്ന ആ ദൈവം, സ്വാതികരേയും സദ്ധർമ്മികളേയും വിജയിപ്പിച്ചു കൊണ്ടിരുന്ന ആ സർവാധിനാഥൻ എന്റെ പിന്തുണക്കെത്തി. എന്റെ എതിരാളികൾതിക്കെതിരെ അവരുടെ ഉദ്ദേശ്യങ്ങൾക്കും ആസൂത്രണങ്ങൾക്കും നേർ വിപരീതമായ നിലയിൽ, എനിക്കവൻ

ശേഷം പേജ് 27 ൽ

# തിരുനബിﷺയുടെ യുദ്ധ മാതൃക

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2023 ഡിസംബർ 15 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

തിരുനബി(സ)ന്റെ ചരിത്ര സംബന്ധമായി ഉഹുദ് യുദ്ധത്തെ കുറിച്ചാണ് പരാമർശിച്ചുകൊണ്ടിരിക്കു ന്നത്. ഇതിന്റെ കൂടുതൽ വിവരണം ഇപ്രകാരമാകുന്നു:- തിരുനബി(സ) ഉഹുദ് മൈതാനത്തിൽ തമ്പടിച്ചപ്പോൾ മുസ്‌ലിം സൈന്യത്തിന്റെ ഒരു വശത്ത് ഉണ്ടായിരുന്ന ഉഹുദ് മല കാരണം മുസ്‌ലിം സൈന്യം പിന്നിൽനിന്നുള്ള ആക്രമണങ്ങളിൽ നിന്ന് സുരക്ഷിതമായിരുന്നു. അതെ സമയം ഒരിടത്ത് മലയിടുക്ക് ഉണ്ടായിരുന്നു. ശത്രു തക്കം പാർത്ത് അതിലൂടെ ആക്രമിക്കാൻ സാധ്യതയും ഉണ്ടായിരുന്നു. അങ്ങനെ തിരുനബി(സ) ഈ സങ്കീർണതയും അപകടാവസ്ഥയും മനസ്സിലാക്കി കൊണ്ട് അൻപത് അമ്പെയ്ത്തുകാരായ സ്വഹാബാക്കളുടെ ഒരു സംഘത്തെ അബ്ദുല്ലാഹ് ബിൻ ജുബൈർ(റ)ന്റെ നേതൃത്വത്തിൽ നിയോഗിക്കുകയുണ്ടായി. ഇവർക്ക് തിരുനബി(സ) ഇപ്രകാരം നിർദേശം നൽകി:- ഞങ്ങളെ പക്ഷികൾ റാഞ്ചുന്നതായി നിങ്ങൾ കണ്ടാലും ഞങ്ങൾ ശത്രുക്കളെ പരാജയപ്പെടുത്തുകയും അവരെ നിലപരിശാക്കിയതായും കണ്ടാലും ഞാൻ നിങ്ങൾക്ക് നിർദേശം നൽകുന്നത് വരെ നിങ്ങൾ ഒരിക്കലും നിങ്ങളുടെ സ്ഥലത്തു നിന്ന് മാറരുത്.

ഒരു ചരിത്രകാരൻ വിവരിക്കുന്നു: തിരുനബി(സ) പറഞ്ഞു: ശത്രുക്കൾ ഞങ്ങളെ പിന്നിൽനിന്ന് ആക്രമിക്കാതിരിക്കാൻ നിങ്ങൾ അവരുടെ കുതിരപ്പടയെ ഞങ്ങളിൽനിന്നും അകറ്റി നിർത്തണം. നിങ്ങൾ ഈ സ്ഥലത്ത് നിൽക്കുന്നിടത്തോളം നമ്മൾ തന്നെയാണ് വിജയിക്കുക. തുടർന്ന് (നബി(സ)) പറഞ്ഞു: 'അല്ലാഹുവേ! ഞാൻ ഇവർക്കുമേൽ നിന്നെ സാക്ഷിയാക്കുന്നു.'

ഒരു ഗ്രന്ഥകാരൻ നബി(സ)യുടെ യുദ്ധനൈപുണ്യത്തെ വിവരിച്ചു കൊണ്ട് എഴുതുന്നു: യുക്തിസഹമായ യുദ്ധനീക്കം വളരെ സമുചിതവും സങ്കീർണവുമായിരുന്നു. നബി(സ)ന്റെ സൈനീക നേതൃത്വത്തിലുള്ള വ്യതിരിക്തതയെ അത് പ്രകടമാക്കുന്നു. സൈന്യാധിപൻ എത്രതന്നെ വിവേകശാലിയാണെങ്കിലും തിരുനബി(സ)യെക്കാൾ മികച്ച രീതിയിൽ സങ്കീർണവും സമുചിതവുമായ യുദ്ധതന്ത്രങ്ങളെ തയ്യാറാക്കാൻ കഴിയുന്നതല്ല.

അമ്പെയ്ത്തുകാരുടെ സംഘത്തെ മലയിടുക്കിൽ നിശ്ചയിച്ചതിനുശേഷം നബി(സ)ന് സമാധാനമായി. തുടർന്ന് അണികളെ തയ്യാറാക്കി തുടങ്ങി. പ്രത്യക്ഷത്തിൽ മുസ്‌ലിംകളുടെ അംഗബലവും സാധന സാമഗ്രികളും ആയുധങ്ങളും വളരെ ദുർബലമായിരുന്നു. മുശ്‌രികീങ്ങൾ തങ്ങളുടെ സൈന്യത്തെ പത്ത് നിരകളായിട്ടാണ് ക്രമീകരിച്ചിരുന്നത്. അതേ സമയം ഇസ്‌ലാമിക സൈന്യം കേവലം രണ്ടു നിരകളിൽ ഒതുങ്ങിയിരുന്നു. അൻപത് അമ്പെയ്ത്തു കാർ മലയിടുക്കിലും ആയിരുന്നു.

അല്ലാഹുവിന്റെ റസൂൽ(സ) വിനയത്തോടും ആത്മാർഥതയോടും കൂടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയായിരുന്നു. ഉഹുദ് ദിനത്തിൽ റസൂൽ(സ) ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു വെന്ന് അനസിൽ നിന്ന് നിവേദനം. അതായത്, 'അല്ലാഹുവേ, നീ ഉദ്ദേശിക്കുകയാണെ

ങ്കിൽ ഭൂമിയിൽ നീ ആരാധിക്കപ്പെടുന്നതല്ല; അതായത് നീ സഹായിക്കുന്നില്ലെങ്കിൽ പിന്നെ അങ്ങനെയാണ് സംഭവിക്കുക. ചില നിവേദനങ്ങളിൽ ബദ്ർ യുദ്ധ ദിവസവും ഈ ദുആ തന്നെയാണ് ചെയ്തിരുന്നത് എന്ന് വന്നിട്ടുണ്ട്. വല്ലാഹു അഅ്ലം.

ഹദ്റത്ത് സഅദ് ഇബ്നു അബീ വഖാസ് നിവേദനം ചെയ്യുന്നു: അബ്ദുല്ലാഹ് ബിൻ ജഹശ് പറയുന്നു: വരുവിൻ, നമുക്കെല്ലാവർക്കും ഒന്നിച്ച് ചേർന്ന് ദുആ ചെയ്യാം. ഹദ്റത്ത് സഅദ് ഇപ്രകാരം ദുആ ചെയ്തു: എന്റെ നാഥാ നാളെ ഞങ്ങളുടെ ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ നീ എന്നെ ശക്തനായ ഒരു യോദ്ധാവിനു മുന്നിൽ ആക്കേണമേ. എന്നിട്ട് ഞാൻ അയാളെ വധിക്കണം. പിന്നെ അബ്ദുല്ലാഹ് ബിൻ ജഹശ് എഴുന്നേറ്റുനിന്ന് ഇങ്ങനെ ദുആ ചെയ്തു: അല്ലാഹുവേ, നാളെ വളരെ ശക്തനും യുദ്ധവീരനുമായ ഒരാളുമായി എനിക്ക് പോരടിക്കാൻ അവസരം നൽകേണമേ. അയാൾ എന്നെ പിടിച്ച് എന്റെ കാതും മൂക്കും വെട്ടി മാറ്റുകയും വേണം. അങ്ങനെ നാളെ ഞാൻ നിന്റെ മുന്നിലെത്തുമ്പോൾ പറയും, അല്ലാഹുവേ നിന്റെയും നിന്റെ റസൂലിന്റെയും പ്രീതിക്ക് വേണ്ടിയാണു എന്നോട് ഇങ്ങനെ ചെയ്യപ്പെട്ടത്. അവർ രണ്ടു പേരും ചെയ്തിരുന്ന ദുആകൾ (ആ യുദ്ധത്തിൽ) സ്വീകരിക്കപ്പെട്ടിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിന്റെ വിശദീകരണത്തിൽ സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു, തങ്ങളുടെ ചുറ്റുപാടും സുരക്ഷിതമാക്കികൊണ്ട് നബി(സ) ഇസ്ലാമിക സൈന്യത്തെ അണിനിരത്തി. ഓരോ സംഘത്തിലും വെവ്വേറെ നായകന്മാരെ നിശ്ചയിച്ചു. ഈ സന്ദർഭത്തിൽ ഖുറൈശീ സൈന്യത്തിന്റെ പതാക ത്വൽഹയുടെ കയ്യിലാണെന്നു നബി(സ)നു അറിയിപ്പ് ലഭിച്ചു. തൽഹ, ഖുറൈശി ഗോത്രത്തിന്റെ തുടക്കക്കാരനായ ഖുസ്സയ് ബിൻ കുലാബിനാൽ സ്ഥാപിതമായ സംവിധാനത്തിന് കീഴിൽ യുദ്ധങ്ങളിൽ ഖുറൈശികളുടെ പതാക വഹിക്കാൻ അവകാശമുള്ള കുടുംബത്തിൽപെട്ട ആളായിരുന്നു. ഇതറിഞ്ഞപ്പോൾ നബി(സ) പറഞ്ഞു: നമ്മൾ സാമൂഹികമായി കൂറുകാണിക്കാൻ ഏറ്റവുമധികം കടമപ്പെട്ടവരാണ്. അതുകൊണ്ട് നബി(സ) ഹദ്റത്ത് അലിയിൽ നിന്ന് മുഹാജിരീങ്ങളുടെ പതാക വാങ്ങി തൽഹ യുടെ അതേ കുടുംബക്കാരനായിരുന്ന മുസ്അബ് ബിൻ ഉമൈറിനെ ഏല്പിച്ചു. മറുഭാഗത്ത് അബൂസുഫിയാനായിരുന്നു സൈന്യാധിപൻ. സ്ത്രീകൾ സൈന്യത്തിന് പിന്നിൽ ദഫ് മുട്ടിയും ഗാനം ആലപിച്ചും പുരുഷന്മാരുടെ ശൗര്യം വർധിപ്പിച്ചു കൊണ്ടിരുന്നു.

യുദ്ധത്തിന് ആരംഭം കുറിച്ചത് അബൂ ആമിർ ആയിരുന്നു. ഔസ് ഗോത്രത്തിൽനിന്നുള്ള മദീനാവാസിയായ അയാൾ ജാഹിലിയാ കാലഘട്ടത്തിൽ റാഹിബ് എന്നാണ് അറിയപ്പെട്ടിരുന്നത്. ഇയാൾ തിരുനബി(സ)യോടുള്ള വിദ്വേഷത്തിലും അസൂ യയിലും (മദീനയിൽ നിന്ന്) പിന്തിരിഞ്ഞ് മക്കക്കാർക്കൊപ്പം ചേർന്നിരുന്നു. അയാൾ തന്റെ ജനത്തെ കണ്ടുമുട്ടുമ്പോൾ അവർ എല്ലാവരും തന്റെ കൂടെ കൂടുന്നതാണ് എന്ന് തെറ്റിദ്ധരിച്ചു. അയാൾ വിളിച്ചു പറഞ്ഞു: ഔസ് ഗോത്രക്കാരെ ഞാൻ അബൂ ആമിറാകുന്നു. അപ്പോൾ അൻസാരീങ്ങൾ പറഞ്ഞു: അല്ലയോ ഫാസിഖ് അല്ലാഹു നിന്റെ കണ്ണിനു കുളിർമ നൽകാതിരിക്കട്ടെ. തുടർന്ന് അയാൾക്ക് മേൽ കല്ലെറിയുകയും ചെയ്തു. അയാൾ തന്റെ സംഘത്തോടൊപ്പം ഓടിപ്പോകുകയുണ്ടായി.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തന്റെ വിവരണത്തിൽ എഴുതുന്നു. അബൂആമിറും സംഘവും ഓടിപ്പോവുന്ന കാഴ്ച കണ്ട് ഖുറൈശി തലവൻ ത്വൽഹ ആവേശത്തോടെ മുന്നോട്ട് വന്ന് അത്യധികം ധാർഷ്ട്യത്തോടെ ഒരു യോദ്ധാവിനെ വെല്ലുവിളിച്ചു. ഹദ്റത്ത് അലി(റ) മുന്നോട്ട് വന്ന് ഏതാനും പ്രഹരത്താൽ ത്വൽഹയെ വെട്ടി തുണ്ടമാക്കി. അതിനുശേഷം, ഖുറൈശികളിൽനിന്നുള്ള ഒമ്പതോളം പേർ അവരുടെ പതാക മാറിമാറി കൈകളിൽ എടുത്തു; പക്ഷേ അവരെയെല്ലാം മുസ്ലിംകൾ കൊലപ്പെടുത്തുകയുണ്ടായി.

ഖുറൈശി നേതാവ് കൊല്ലപ്പെട്ടതിനുശേഷം, ഇരു സൈന്യങ്ങളും പരസ്പരം പോരടിക്കുകയും ഒരു നീണ്ടസമയം രക്തച്ചൊരിച്ചിൽ ഇരുവശത്തും തുടരുകയും ചെയ്തു. ഒടുവിൽ ഖുറൈശി സൈന്യത്തിന് ഇസ്ലാമിക സൈന്യത്തിന് മുന്നിൽ കാലിടറാൻ തുടങ്ങി.

പ്രശസ്ത ബ്രിട്ടീഷ് ചരിത്രകാരൻ സർ വില്യം മ്യൂർ എഴുതുന്നു, മുസ്ലീങ്ങളുടെ അപകടകരമായ ആക്രമണങ്ങൾക്ക് മുന്നിൽ മക്കാ സൈന്യം വിറക്കാൻ തുടങ്ങി. ബദ്റിന്റെ അവസരത്തിൽ മുസ്ലിംകൾ കാണിച്ച അതേ ധീരതയും പൗരുഷവും മരണത്തോടും ആപത്തിനോടുമുള്ള അതേ നിസ്സംഗ തയും ഉഹുദ് രംഗത്തും മുസ്ലിംകൾ കാണിച്ചു.

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: യുദ്ധം നടന്നു. അല്ലാഹുവിന്റെ സഹായത്താൽ ചുരുങ്ങിയ സമയത്തിനുള്ളിൽ മക്കയിലെ അനുഭവ പരിചയമുള്ള മൂവായിരം സൈനികർ അറുനൂറോളം മുസ്ലിംകൾക്ക് മുമ്പിൽ അടിയറവ് പറഞ്ഞു ഓടിപ്പോയി. ഈ അവസരത്തിൽ, നബി(സ) പറഞ്ഞത് താക്കീത് എന്ന നിലക്ക് മാത്രമാണ് എന്നും ശത്രു ഓടിപ്പോയാലും നിങ്ങൾ അവിടെ നിൽക്കണമെന്ന് അവിടുന്ന് ഉദ്ദേശിച്ചില്ലെന്നും മലയിടുക്കിൽ ഉണ്ടായിരുന്ന മുസ്ലീങ്ങൾക്ക് തോന്നി. അങ്ങനെ അവർ മലയിടുക്കിനെ ഉപേക്ഷിച്ച് യുദ്ധക്കളത്തിലേക്ക് കുതിച്ചു. ഈ അനുസരണക്കേട് കാരണത്താൽ പിന്നീട് ഉണ്ടായ ഫലങ്ങളെപറ്റി പിന്നീട് പരാമർശിക്കുന്നതാണ്.

(ശേഷം പേജ് 36 ൽ)

# മനുഷ്യൻ: പരിണാമ മുന്നേറ്റം

കോടാനുകോടി വർഷത്തെ ജൈവ പരിണാമത്തിന്റെ സങ്കീർണവും
വിസ്മയകരവുമായ സംഗ്രഹമാണ് മനുഷ്യൻ. നീതിതത്വങ്ങളുടെ സൂക്ഷ്മമായ
സന്തുലനം ദൈവത്തിന്റെ ഉത്തമ സൃഷ്ടിയായ മനുഷ്യനിൽ കാണാം.
'കേവല നീതി കാരുണ്യം ബന്ധുത്വം: മൂന്ന് സക്രിയ തത്വങ്ങൾ' എന്ന കൃതിയിൽ നിന്ന്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

മനുഷ്യൻ സൃഷ്ടിയുടെ മഹിതമായ ഒരു ദിവ്യാത്ഭുതമാണ് അവതരിപ്പിക്കുന്നത്. ശതകോടി വർഷത്തെ ജൈവപരിണാമം അവനിൽ സാന്ദ്രീകരിക്കപ്പെടുകയും സംഗ്രഹിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് യാതൊരർഥത്തിലും ഒരു അതിശയോക്തിയല്ല. ജീവിപരിണാമത്തിന്റെ സമഗ്രമായ ഒരു സമ്പൂർണ രേഖ ഓരോ മനുഷ്യനിലുമുണ്ട്. മനുഷ്യൻ ഒരു സൂക്ഷ്മ പ്രപഞ്ചമാണ്. തീർച്ചയായും സ്ഥല കാലങ്ങളുടെ സമ്പൂർണ സംയോജനത്തിന്റെ ജീവൽ പ്രതീകമാണ് അവൻ. എന്നാൽ ഇത് കൂടുതൽ ചർച്ചചെയ്യുന്നതിന് മുമ്പായി ഒരു കാര്യം പരാമർശിക്കാതിരിക്കുക സാധ്യമല്ല. അതായത്, മനുഷ്യസൃഷ്ടിയുടെ പരമ പ്രധാനമായ എല്ലാ പരിണാമ ദശകളും അടിസ്ഥാന സവിശേഷതകളും പ്രസ്താവ്യ യോഗ്യമായ എല്ലാ ഘട്ടവും അതുപോലെ പരിണാമ യാത്രയിലെ ഓരോ ചുവടുവെപ്പും വിട്ടുപോകാതെ വിശുദ്ധ ഖുർആൻ പരാമർശിക്കുന്നു എന്നത് വിസ്മയകരമാണ്.

എല്ലാ ജീവിരൂപങ്ങളിലും വച്ച് മനുഷ്യ സൃഷ്ടിപ്പിനെ സംബന്ധിച്ച ഖുർആൻ പരാമർശം ഏറ്റവും പ്രതീകാത്മകവും പ്രാതിനിധ്യാത്മകവുമായ രീതിയിൽ നീതിയുടെ പങ്ക് തികവുറ്റ രീതിയിൽ പരാമർശിച്ചിരിക്കുന്നു.

ഓ മനുഷ്യാ, ഉദാരമതിയായ നിന്റെ നാഥനെ കുറിച്ച് നിന്നെ ഗർവ്വിഷ്ഠനാക്കിയത് എന്ത് കാര്യമാണ്? അവൻ നിന്നെ സൃഷ്ടിക്കുകയും തികവുറ്റ രീതിയിൽ സന്തുലനപ്പെടുത്തുകയും നീതിപൂർവ്വം രൂപപ്പെടുത്തുകയും ചെയ്തു. എല്ലാ ഘട്ടത്തിലും ഇതാണ് അവൻ നിർവഹിച്ചത്. എല്ലാ രൂപങ്ങളിലും അവൻ യോഗാനുസാരം മിശ്രണം ചെയ്യുകയും രൂപപ്പെടുത്തുകയും ചെയ്തു. (സൂറ: അൽ ഇൻഫിതാർ. 82: 7–9)

നമുക്കിപ്പോൾ പ്രസ്തുത വചനം കൂലങ്കുശമായി പുന:പ്പരിശോധിക്കാം. ഈ വചനത്തിൽ ദൈവം മനുഷ്യനെ അഭിസംബോധന ചെയ്ത് പറയുന്നതായി കാണുന്നത് 'ഓ മനുഷ്യാ, എന്ത് അടിസ്ഥാനത്തിലാണ് നീ നിന്നെ സൃഷ്ടിച്ച രക്ഷിതാവിനോട് ഇങ്ങനെ ഗർവിഷ്ഠനായി പെരുമാറുന്നത്? പ്രപഞ്ചത്തിലെ അപരിമേയമായ അത്ഭുതങ്ങളും മഹിതപ്രതാപവും നിന്റെ ഗ്രാഹ്യതക്ക് അതീതമാണെങ്കിൽ നീ നിന്റെ അസ്തിത്വത്തെ കുറിച്ച് തന്നെ അഗാധമായി ചിന്തിക്കുക. നിന്റെ സൃഷ്ടിപ്പിലുള്ള തികവുറ്റ സന്തുലനത്തെ സംബന്ധിച്ച് നീ അത്ഭുതം കൂറുക. അതായത് നിന്നിലുള്ള പ്രപഞ്ചത്തെ കുറിച്ച്. എന്നിട്ടും ദൈവത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യാൻ നീ ധാർഷ്ട്യം കാണിക്കുന്നു. നാം വീണ്ടും മേൽ പറഞ്ഞത് ആവർത്തിക്കുന്നു. നിന്നെ സൃഷ്ടിച്ചത് അവനാണ്. രൂപപ്പെടുത്തിയത് അവനാണ് പിന്നെ നിന്നെ സന്തുലനപ്പെടുത്തിയതും'

മേൽ പ്രസ്താവിച്ച വചനം ആയിരത്തി നാന്നൂറ് വർഷം മുമ്പ് വെളിപ്പെട്ടതാണ്. നാം ഇപ്പോൾ ജീവിക്കുന്ന സമകാലീന ലോകത്തിലെ വികസിത വിജ്ഞാനത്തിന്റെ കാലത്ത് അവതരിച്ചത് പോലെയാണ് അത് കാണപ്പെടുന്നത്. വിശുദ്ധ ഖുർആൻ അവതരിക്കുന്ന കാലത്ത് മനുഷ്യൻ ഭ്രൂണാവസ്ഥയിൽ വിവിധ ഘട്ടങ്ങളിലൂടെ വിവിധ രൂപങ്ങളിൽ കടന്നു പോയി എന്ന സങ്കൽപ്പം തന്നെ ഉണ്ടായിരുന്നില്ല. അതായത് പരിണാമ ചരിത്രത്തിലെ വിവിധ ജൈവികാനുപാതത്തിലുള്ള ഘട്ടങ്ങളെ അനുസ്മരിപ്പിക്കുന്ന ഒരു സ്മരിണിക പോലെ ഭ്രൂണാവസ്ഥയിൽ മനുഷ്യൻ കടന്നു പോകുന്നു എന്ന സങ്കൽപ്പം തന്നെ അന്നില്ലായിരുന്നു. സൂറ: അൽ ഇൻഫിതാറിൽ ഉദ്ദരിച്ച 9 ാം വചനം ഒരിക്കലും തന്നെ അക്കാലത്തെ മനുഷ്യ മനസ്സിന്റെ സൃഷ്ടിയായിരിക്കില്ല. ആ വചനം സൂചിപ്പിക്കുന്നത് മനുഷ്യൻ ജനിക്കുന്നതിന് മുമ്പേ വിവിധ രൂപത്തി

ലൂടെയും ഘടനയിലൂടെയും കട ന്നു പോയിട്ടുണ്ട് എന്ന് അത് മനു ഷ്യനെ ഓർമിപ്പിക്കുന്നു. അതായ ത് വ്യത്യസ്ത ജൈവ അനുപാത മുള്ള എണ്ണമറ്റ മാറ്റങ്ങളിലൂടെയാ യിരുന്നു ഭ്രൂണാവസ്ഥയിലുള്ള ഈ കടന്നു പോക്ക്. ഇത്തരം ജ്ഞാനങ്ങൾ ഉദയം ചെയ്യാത്ത ഒരു കാലത്ത് ആ പ്രാചീന ജനത ക്ക് ഈ വചനത്തിൽ നിന്നും എന്ത് സന്ദേശമാണ് ലഭിച്ചിട്ടുണ്ടാവുക എന്ന് ഒരാൾ അത്ഭുതപ്പെട്ടു പോകും.

മനുഷ്യസൃഷ്ടിയുടെ ഈ പ്രമേയം സൂറ: അൽ ഖിയാമയിൽ വിണ്ടും വികസിക്കുന്നത് കാണുക:

വാസ്തവമിതാണ്: മനുഷ്യന് ത ന്റെ ആത്മാവിന്മേൽ ഒരു ഉൾ ക്കാഴ്ച്ചയുണ്ട്. അവൻ എത്രതന്നെ തന്റെ ഒഴികഴിവുകൾ ബോധിപ്പി ച്ചാലും ശരി. (സൂറ: ഖിയാമ 75: 15-16)

അതായത്, ഈ പറഞ്ഞത് മനു ഷ്യൻ അവന് അവന്റെ ഒഴികഴി വുകൾക്ക് പിന്നിൽ പോയൊളിക്കാം. എങ്കിലും അവന്റെ ഉദ്ദേശ്യങ്ങൾക്ക് പിന്നിലെ അന്തിമമായ ലക്ഷ്യം എന്താണെന്ന് കണ്ടു പിടിക്കാനു ള്ള കഴിവ് മനുഷ്യനുണ്ട്. മനുഷ്യന് അവനെതന്നെ മനസ്സിലാക്കാൻ അ വനിൽ തന്നെ അന്തർലീനമായി കി ടക്കുന്ന കഴിവുകളെ സംബന്ധിച്ചാ ണ് വിശുദ്ധ ഖുർആൻ വീണ്ടും സം സാരിക്കുന്നത്. സൂറ: അശ്ശംസിൽ വീണ്ടും പറയുന്നു:

എന്നിട്ട് അവൻ (അല്ലാഹു) അ തിന് എന്താണ് തെറ്റെന്നും (ഫു ജൂർ) എന്താണ് ശരിയെന്നും (തഖ്‌വ) ബോധനം നല്കി (സൂറ: അശ്ശംസ് 91:9)

ഇതിന്നർഥം എല്ലാ ആത്മാ വിനും തെറ്റ് എന്താണെന്നും ശരി എന്താണെന്നുമുള്ള ഉൾക്കാഴ്ച്ച നല്കിയിരിക്കുന്നു. എന്താണ് അ വൻ ചെയ്യേണ്ടതെന്നും എന്താണ് അവൻ ചെയ്യരുതാത്തതെന്നും. ആയ തിനാൽ മനുഷ്യന്റെ പ്രകൃതിയിൽ ആലേഖനം ചെയ്തിരിക്കുന്ന ആ ന്തരിക സന്ദേശം വായിക്കുകയാ ണെങ്കിൽ മനുഷ്യൻ തെറ്റും ശരിയും വിധിക്കാൻ കഴിവുള്ളവനാണ്. മറ്റു വാക്കുകളിൽ പറയുകയാണെങ്കിൽ ദൈവം മനുഷ്യ പ്രകൃതിയിൽ അവന്റെ തീരുമാനങ്ങളിൽ ആസ ന്നമായി ഉണ്ടായേക്കാവുന്ന അപ കടങ്ങളെ കുറിച്ച് അറിയാനുള്ള സഹജാവബോധത്തിനുള്ള കഴി വ് പതിപ്പിച്ചിരിക്കുന്നു. അതുപോ ലെ ശരിതെറ്റുകളെ കുറിച്ച് വിവേ ചനം ചെയ്ത് മുൻകൂട്ടി ജാഗരൂക രാനാകുള്ള കഴിവും മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു. പ്രായോഗി കമായി സ്വയം അറിയാതെ ഒരു തെറ്റ് ചെയ്യാൻ മനുഷ്യന് കഴിയില്ല.

ഓരോ വചനവും ചേർത്ത് സം യോജിപ്പിച്ച് ഈ വചനങ്ങൾ പഠി ക്കുകയാണെങ്കിൽ അവ വിജ്ഞാ നത്തിന്റെ പുതിയ വഴികൾ തു റക്കുന്നതായി കാണാം. ശാസ്ത്ര ജ്ഞന്മാർ ഈ വീഥികളിലൂടെ മുഴുവൻ ഗവേഷണം നടത്തിയാൽ അന്വേഷിക്കുംതോറും അതിന്റെ വ ലുപ്പവും വിതാനവും കൂടി വരു ന്നതായി കാണാം. വാസ്തവത്തിൽ അവ പരിധിയില്ലാതെ കാണപ്പെടു ന്നു. എല്ലാ ജീവി വർഗങ്ങളുടെ യും ജീവന്റെ സ്വഭാവ വാഹക ജീനുകളിൽ നിഗൂഢനം ചെയ്യപ്പെട്ട രഹസ്യങ്ങൾ പഠിക്കുകയാണെങ്കിൽ ശാസ്ത്രജ്ഞന്മാരുടെ നൂറുക്കണ ക്കിന് തലമുറകൾ വേണ്ടി വരും. എന്നാലും വിഷയം തീർന്നുപോ കില്ല.

### ജീവന്റെ അടിസ്ഥാന ഘടകങ്ങൾ

മനുഷ്യന്റെ ശരീരപ്രകൃതിയും അതിന്റെ ഘടകങ്ങളും നാം പരിശോ ധിക്കുകയാണെങ്കിൽ നമ്മുടെ ശരീ രത്തിൽ അതിസങ്കീർണമായ വ്യവ സ്ഥകൾ പ്രവർത്തിച്ചു കൊണ്ടിരി ക്കുന്നത് കാണാം. മനുഷ്യശരീരം കോടിക്കണക്കിന്ന് കോശങ്ങൾ കൊ ണ്ടാണ് നിർമിച്ചിരിക്കുന്നത്. ഓ രോ രീതിയിലുള്ള കോശങ്ങളും വ്യത്യസ്തമാണ്. ഒരോന്നിനും അ തിന്റെ പ്രവർത്തനങ്ങൾക്കനുസരിച്ച് ചില പ്രത്യേക സവിശേഷതകളു മുണ്ട്. കോശങ്ങൾ പല രൂപത്തിലും വലുപ്പത്തിലുമുള്ളവയാണ്. വ്യത്യ സ്തങ്ങളായ പല ഭാഗങ്ങളും കോ ശത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. ഓ രോ കോശഭാഗങ്ങളും ശരീരത്തി ലെ ഓരോ പ്രത്യേക പ്രവർത്ത നങ്ങളാണ് നിർവഹിക്കുന്നത്. അതു പോലെ കോശത്തിലെ ഓരോ ഭാ ഗവും അതിനോട് ബന്ധപ്പെട്ട പ്ര വർത്തനങ്ങൾ നിർവഹിക്കുന്നു. കോ ശത്തിന്റെ കേന്ദ്ര ഭാഗം ന്യൂക്ലിയ സ്സാണ്. അതിന്റെ ധർമ്മമാകട്ടെ അ തീവ സങ്കീർണവും വ്യാമിശ്രവു മാണ്.

കോശത്തിനകത്ത് ന്യൂക്ലിയസ്സ് അ തിന്റേതായ ഒരു സ്തരത്തിനുള്ളി ലാണ് സ്ഥിതിചെയ്യുന്നത്. ന്യൂക്ലി യർ സ്തരത്തിന്നകത്ത് RNA, DNA തന്മാത്രകൾ സാന്ദ്രീകരിച്ച ന്യൂക്ലി യ ദ്രവം (Nucloplasm) ആണുള്ളത്. കോശത്തിന്റെ പകർപ്പുകൾ നിർ മിക്കുന്നതിൽ സുപ്രധാന പങ്കാണ് ന്യൂക്ലിയ ദ്രവം വഹിക്കുന്നത്. ആരോ ഗ്യമുള്ള ഒരു കോശത്തിന്റെ നില നിൽപ്പ് അതിന്റെ കോശദ്രവ്യവുമാ യി ബന്ധപ്പെട്ടതാണ്. വളർച്ചയുടേ യും ഉപാപചയത്തിന്റേയും, പ്രത്യുൽ പാദത്തിന്റേയും സ്വഭാവ കൈമാറ്റ ത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട ഏജന്റാണ് കോശമർമം (Nucleus) അഥവാ ന്യൂക്ലിയസ്സ്

വിവരണം എന്ന നിലക്ക് പറയു മ്പോൾ നമുക്ക് പറയാൻ സാധിക്കു ന്നത് മനുഷ്യന്റെ ഒരു ശരീര കോ ശത്തിൽ ശേഖരിക്കപ്പെട്ട വിവരങ്ങൾ (മനുഷ്യ ശരീരത്തിൽ അത്തരം കോടാനുകോടി കോശങ്ങളുണ്ട്) ഏറ്റവും വികസിതവും സങ്കീർണ വുമായ മനുഷ്യ നിർമിത കമ്പ്യൂട്ടറി നുള്ളിലെ വിവരശേഖരത്തേക്കാൾ കൂടുതലാണ്. അതുപോലെ തികച്ചും സമാനമായ വിവരണങ്ങളാൽ നിർ മിതമായ കോടിക്കണക്കിന് ശരീ ര കോശങ്ങളുണ്ട് എന്നാണ്. ഓരോ കോശവും സങ്കീർണമായ ശരീര ത്തിൽ അതിന്റേതായ പങ്ക് നിർവ

ഹിക്കുന്നു. ഒരു കോശം എന്തിനാണോ സൃഷ്ടിക്കപ്പെട്ടതും അതിന്റെ ഘടന നിർമിക്കപ്പെട്ടതും എന്നതനുസരിച്ച് ആ കോശ വ്യവസ്ഥക്കുള്ളിൽ ശരിയായ സമയത്ത് ശരിയായ ദിശയിൽ പ്രതിപ്രവർത്തനം ആരംഭിക്കുന്നു. അപ്രകാരം ശരീരത്തിലെ മറ്റു ആവശ്യമായ ഭാഗങ്ങളിലേക്ക് RNA സന്ദേശ വാഹക സെല്ലുകളുടെ സഹായത്തോടെ വിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. ഇതെല്ലാം യാതൊരു പരസ്പര സംഘർഷമോ പൊരുത്തക്കേടോ ഇല്ലാതെ വളരെ തികവുറ്റ രീതിയിൽ ഏകോപനത്തോടെയാണ് പ്രവർത്തിക്കുന്നത്.

ദൈവം ഈയൊരു വിവരം വിശുദ്ധ ഖുർആൻ മുഖേന വളരെ കാലം മുമ്പ് പ്രവാചകൻ മുഹമ്മദിന്(സ) വെളിപ്പെടുത്തി എന്ന വസ്തുതയെ നമുക്ക് നമിക്കേണ്ടതുണ്ട്. മനുഷ്യന്റെ കോശപരമായ വിസ്മയങ്ങളെ ശാസ്ത്രജ്ഞന്മാർക്ക് മൈക്രോസ്കോപ് ഉപയോഗിച്ച് പരിശോധിക്കാൻ സാധ്യമാകുന്നതിന്നും നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധ വിശുദ്ധ ഖുർആൻ എറ്റവും ഉചിതമായ തികവാർന്ന അർഥപ്രകാശനം ലഭിക്കുന്ന വാക്കുകളിലാണ് ഈ വിവരങ്ങൾ പ്രതിപാദിച്ചിരിക്കുന്നത് എന്നത് ആരെയും അത്ഭുതപ്പെടുത്തും. 'അവൻ നിന്നെ നീതിപൂർവ്വം സൃഷ്ടിക്കുകയും തികവാർന്ന രീതിയിൽ അവികലമാക്കുകയും എന്നിട്ട് വിഭിന്ന രൂപങ്ങളിൽ അവൻ നിന്നെ പൂർണമായും സന്തുലനപ്പെടുത്തുകയും ചെയ്തു.' (സൂറ: അൽ ഇൻഫിതാർ 82: 7-9) അക്കാലത്തെ ഒരാൾ എന്തു കൊണ്ട് വിശുദ്ധ ഖുർആൻ മനുഷ്യരാശിയുടെ സൃഷ്ടിപ്പും ഘടനയും വിവരിക്കാൻ *അദലക്ക (Adalaka) എന്ന വാക്ക് ഉപയോഗിച്ചു എന്നതിൽ ആശ്ചര്യപ്പെടാൻ സാധ്യതയുണ്ട്. അതിനു മുമ്പുള്ള ഒരു മതഗ്രന്ഥവും തത്ത്വശാസ്ത്ര ഗ്രന്ഥവും മനുഷ്യന്റെ സൃഷ്ടിപ്പിനെപ്പറ്റി വിവരിക്കുമ്പോൾ അത്തരമൊരു വാക്ക് പ്രയോഗിച്ചിട്ടുണ്ടാകില്ല.

### സന്തുലനവും ബോധവും

രണ്ട് വ്യത്യസ്ത സ്ഥലങ്ങളിൽ വന്ന ഈ ഖുർആനിക പ്രയോഗം എങ്ങനെ പരസ്പരം സങ്കീർണമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് കൗതുകകരമാണ്. ഉദാഹരണത്തിന് സന്തുലനം എന്ന പ്രതിഭാസം എല്ലാ ഭൗമവസ്തുക്കളിലും പ്രബലമാണ്. എന്നാൽ *അദ്ൽ എന്ന പദം മനുഷ്യനിൽ പ്രവർത്തിക്കുന്ന നീതിയുടെ തത്ത്വം വിവരിക്കാനാണ് എന്ന് വരുമ്പോൾ അതിനർത്ഥം മനുഷ്യൻ *മൗസൂൻ അല്ല എന്നല്ല. *അദ്ൽ എന്ന പദം *മൗസൂനെയും അതുപോലെ *മീസാനെയും ഉൾക്കൊള്ളുന്നു എന്ന അർഥത്തിലാണ്. അതുപോലെ നീതിയും സന്തുലനവും ബോധപൂർവം സാക്ഷാത്ക്കരിക്കുക എന്ന ഒരു അർഥധ്വനിയും *അദ്ൽ എന്ന പദം ഉൾക്കൊള്ളുന്നു. അതിനാൽ *അദ്ൽ എന്ന പദം സൂചിപ്പിക്കുന്നത് ബോധം എന്ന ഘടകം കൂടി ഉൾക്കൊള്ളുന്ന സന്തുലനത്തിന്റെ കൂടുതൽ വികസിതമായ ഒരു ഘട്ടത്തെയാണ്. *അദ്ൽന്റെ തത്ത്വത്തിൽ സൃഷ്ടിക്കപ്പെട്ടത് എന്നാണ് മനുഷ്യനെ വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നത്. ഇത് അവനെ നീതിയുടെ മഹത്തായ സ്വർഗീയ ബൃഹദ് പദ്ധതിയുടെ അഗ്രിമ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയും അവനെ ദൈവത്തിന്റെ മറ്റെല്ലാ സൃഷ്ടികളിൽ നിന്നും വേറിട്ട ഒരു സൃഷ്ടിയായി മാറ്റുകയും ചെയ്യുന്നു.

ആരംഭത്തിൽ നീതിയുടെ തത്ത്വം തികച്ചും പ്രകൃതി നിയമങ്ങളുടെ രൂപത്തിൽ തികച്ചും അബോധാത്മകമായ ഒരു പങ്കാണ് നിർവ്വഹിച്ചത്. പിന്നീട് പ്രപഞ്ച പരിണാമം ജീവന്റെ പടിവാതിൽക്കൽ എത്തിയപ്പോൾ നീതിയുടെ അബോധാത്മകമായ പ്രയോഗം സഹജാവബോധത്തിന്റെ രൂപത്തിൽ സന്തുലനാത്മകമായ പെരുമാറ്റമായി മാറുകയുണ്ടായി. മാത്രമല്ല പരിണാമത്തിന്റെ എല്ലാ ഘട്ടത്തിലും പ്രവർത്തിച്ചിരുന്ന *ക്രിയാത്മക തത്ത്വങ്ങൾ എല്ലാംതന്നെ ഒന്നുകിൽ പൂർണമായ ബോധം അല്ലെങ്കിൽ വിവിധതരം സന്തുലനത്വത്തിന്റെ സഹജാവബോധമാണ് ഭരിച്ചിരുന്നത്. ഇതിന്ന് മുമ്പ് ഊന്നിപ്പറഞ്ഞത് പോലെ മനുഷ്യൻ മാത്രമാണ് ഉയർന്ന മൂന്നാം ബോധത്തിൽ എത്തിചേർന്നത്.

കോടാനുകോടി വർഷത്തെ പുരോഗതിയിലൂടെ ജീവിതം നിരന്തരം ബോധത്തിന്റെ ഉയർന്ന വിതാനങ്ങളെ പ്രാപിച്ചുകൊണ്ടിരുന്നു. അതെല്ലാം തന്നെ അർഥമാക്കിയിരുന്നതും ലക്ഷ്യമിട്ടതും അവസാനത്തെ ഘട്ടമായ ബോധാത്മക നീതിയാണ്. പിന്നീട് മനുഷ്യ മനസ്സിനും ആത്മാവിനും പുരോഗിക്കാനും അജ്ഞാതമായ ഉന്നതരൂപത്തിലേക്കും കൂടുതൽ സൂക്ഷ്മ ശരീരിയായ അസ്തിത്വത്തിലേക്കുമുള്ള പ്രയാണത്തിനും ആവശ്യമായതും ഈ ബോധാത്മക നീതിയാണ്. പുരോഗമനാത്മകമായ ഈ സോപാനത്തിലേക്കുള്ള ഓരോ ഗോവണിപ്പടികളും *അദ്ൽ കൊണ്ട് നിർമിതമാണ്. ഉന്നതമായ ഒരസതിത്വവും *അദ്ലിന്റെ ഒരു ഘട്ടം കടന്നല്ലാതെ മറ്റൊരു *അദ്ലിന്റെ ഘട്ടം പ്രാപിക്കാനാവില്ല. നീതി *ഇഹ്സാനിന് ജന്മം കൊടുത്തിരുന്നു. ഇഹ്സാൻ അവസാനമായി പരമ പവിത്രമായ *ഈതാഇ ദിൽ ഖുർബായിലേക്ക് മാറേണ്ടതുണ്ടായിരുന്നു.

ചുരുക്കത്തിൽ *അദ്ൽ എന്ന് വ്യഞ്ജിപ്പിക്കുമ്പോൾ പ്രത്യേകമായി ബോധത്മക നടപടികളും പെരുമാറ്റങ്ങളുമായി ഒരു ബന്ധമുണ്ട്. അത് മനുഷ്യന്റെ സ്വഭാവം വിവരിക്കാൻ വേണ്ടി ഉപയോഗിക്കുന്ന പദമാണ്. അവരുടെ പ്രവർത്തനങ്ങളെല്ലാം പൂർണബോധത്തോടെയായിരിക്കും തീരുമാനിക്കുന്നത്. അതിന്ന് ഇടത്തോട്ടോ വലത്തോട്ടോ ആന്തോളനം ചെയ്യുന്ന പ്രവണതയില്ല. ഇവിടെയാണ് ജീവിതത്തിന്റെ പുതിയ ഘട്ടം ആരംഭിക്കുന്നത്.

വിവ : എ.എം.മുഹമ്മദ് സലീം.

# നിരീശ്വരവാദം: വെല്ലുവിളിയും പ്രതിവിധിയും

നിരീശ്വര വാദികൾ അങ്ങനെ ആയിത്തീരാനുള്ള കാരണത്തിൽ നിന്നും വിശ്വാസങ്ങൾക്കും വിശ്വാസികൾക്കും പങ്കുണ്ട്. അമേരിക്കയിലും സൗദി അറേബ്യയിലും നിരീശ്വരവാദികൾ അധികരിച്ചു വരികയാണ്.
വിവ: വസീം അഹ്മദ് വഫ, ബേപ്പൂർ.

ഹാരിസ് റഹ്മാൻ സഫർ (അമേരിക്ക)

കുറേ വർഷങ്ങളായി അമേരിക്കയ്ക്കു പുറമേ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ചർച്ച ചെയ്യപ്പെട്ടുവരുന്ന വിഷയങ്ങളിൽ കൗതുകം ജനിപ്പിക്കുന്നതാണ് തങ്ങൾ നിരീശ്വരവാദികൾ ആണെന്ന് സ്വയം വിശേഷിപ്പിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത്.

നിരീശ്വരവാദികളെ മതവിരുദ്ധർ അല്ലെങ്കിൽ വിശ്വാസികളിൽ നിന്ന് വേർതിരിച്ചുകാണേണ്ടതുണ്ട്. കഴിഞ്ഞവർഷം 'പ്യൂഫോറം ഓൺ റിലീജിയൻ ആൻഡ് പബ്ലിക് ലൈഫ' (PEW Forum for Religion & Public Life എന്ന സംഘടന നടത്തിയ ഒരു പഠനത്തിൽ 6% (ഏകദേശം 13 ദശലക്ഷം) അമേരിക്കൻ ജനത നിരീശ്വരവാദികളോ ആജ്ഞേയവാദികളോ ആണെന്ന് കണ്ടെത്തി. ഇതിൽ പകുതിയിൽ താഴെ ആളുകൾ നിരീശ്വരവാദികൾ ആണെന്ന് സ്വയം വിശേഷിപ്പിക്കുന്നവരാണ്. ഈ പഠനം സൂചിപ്പിക്കുന്ന പ്രധാന വസ്തുത കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ നിരീശ്വരവാദികളായി സ്വയം പ്രഖ്യാപിക്കപ്പെടുന്നവരുടെ എണ്ണം വർഷംതോറും സ്ഥിരമായ വളർച്ച കൈവരിക്കുന്നുവെന്നതാണ്.

അമേരിക്കയിലെ ജനപ്രിയ താരങ്ങൾ ദൈവത്തിലും മതത്തിലുമുള്ള അവിശ്വാസത്തെക്കുറിച്ച് കൂടുതൽ ശബ്ദമുയർത്തുന്നു. ഇത് വിശ്വാസികളും നിരീശ്വരവാദികളും തമ്മിൽ നടന്നു കൊണ്ടിരിക്കുന്ന ആശയങ്ങളുടെയും വാചകങ്ങളുടെയും പോരാട്ടത്തിന്റെ ഭാഗമായി കാണാം. ദൈവവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവിശ്വാസത്തിലേക്ക് തിരിയുന്ന അമേരിക്കക്കാരുടെ പ്രവണത ഒരു പ്രശ്നത്തെ സൂചിപ്പിക്കുന്നു. ദൈവവിശ്വാസം ഉപേക്ഷിക്കുന്നതിനുള്ള ഒരു പ്രത്യയശാസ്ത്രം പ്രഖ്യാപിക്കുന്നത് കൂടുതൽ പ്രശ്നകരമാകുന്ന ഒരു പ്രവണതയാണ്. നിരീശ്വരവാദികളെ സംബന്ധിച്ച് അവർ ബോധപൂർവ്വം നിരസിച്ച പ്രത്യയശാസ്ത്രം ലോകത്തിനു മുമ്പിൽ പ്രഖ്യാപിക്കുന്നതും ഒരു വലിയ പ്രശ്നം ഉയർത്തുന്നുണ്ട്.

ഈ അടുത്ത കാലത്ത് ക്രിസ്റ്റഫർ ഹിച്ചൻസ്, സാം ഹാരിസ്, ഡാൻബർക്കർ തുടങ്ങിയ ഇവാഞ്ചിലിക്കൻ നിരീശ്വരവാദികളുടെ വരവും കൂടാതെ ജോർജ് കാർലിൻ, ബിൽമഹർ, റിക്കിഗർവായിസ് തുടങ്ങിയ മതങ്ങളെ പരസ്യമായി വെല്ലുവിളിക്കാൻ തങ്ങളുടെ സ്വാധീനം ഉപയോഗിക്കുന്ന ജനപ്രിയ സെലിബ്രിറ്റികളുടെ എണ്ണവും കൂടി. മാത്രമല്ല മതങ്ങളെ പരിഹസിക്കുന്നത് രസകരമാക്കിയ നിരവധി ഹാസ്യ നടന്മാരും നിരീശ്വരവാദ പ്രസ്ഥാനത്തിന് കൂടുതൽ പ്രാധാന്യം നൽകുകയുണ്ടായി.

മതവിശ്വാസികളും സ്ഥാപനങ്ങളും വരുത്തിയ ഏറ്റവും വലിയ തെറ്റ് അവിശ്വാസികളോടും സന്ദേഹവാദികളോടുമുള്ള പെരുമാറ്റ രീതിയാണ്. നിരീശ്വരവാദികളുടെ വാക്കുകൾ നിശബ്ദമാക്കാൻ നടത്തിയ ശ്രമങ്ങൾ സ്വയം അവഹേളനത്തിനും പരിഹാസത്തിനും ഇടയായിട്ടുണ്ട്.

**നിരീശ്വരവാദികൾ ദൈവത്തെ വെറുക്കുന്നു, അവർ ദൈവത്തിന്റെ ആവിഷ്കാരത്തെ വെറുക്കുന്നു, അവർ ലോകത്തോടും തങ്ങളോട് തന്നെയും വെറുക്കുന്നു, സമൂഹത്തോട് ദേഷ്യപ്പെടുന്നു. ദൈവത്തെ ആരാധിക്കുന്ന നിരപരാധികളുടെ മേൽ ഈ വെറുപ്പും ദേഷ്യവും പ്രയോഗിക്കുന്നു.**

പ്രസ്തുത ടെലിവിഷൻ സുവിശേഷകനായ പാറ്റ് റോബർട്ട്സൻ കഴിഞ്ഞവർഷം സിക്ക് ക്ഷേത്രത്തിൽ നടന്ന വെടിവെപ്പിനുള്ള പ്രതികരണം ഇപ്രകാരമാണ്– 'നിരീശ്വരവാദികൾ ദൈവത്തെ വെറുക്കുന്നു, അവർ ദൈവത്തിന്റെ ആവിഷ്കാരത്തെ വെറുക്കുന്നു, അവർ

ലോകത്തോടും തങ്ങളോട് തന്നെയും വെറുക്കുന്നു, സമൂഹത്തോട് ദേഷ്യപ്പെടുന്നു. ദൈവത്തെ ആരാധിക്കുന്ന നിരപരാധികളുടെ മേൽ ഈ വെറുപ്പും ദേഷ്യവും പ്രയോഗിക്കുന്നു,' രാജ്യത്തെ ഏറ്റവും പ്രമുഖനും സ്വാധീന മുള്ളവരുമായ മത നേതാക്കളിൽ ഒരാളാണ് റിക്വാറൻ. അദ്ദേഹം ദൈവമില്ലെന്ന വിശ്വാസത്തെ കുറിച്ചും മരണശേഷം ജീവിതം ഇല്ലെന്ന വിശ്വാസത്തെക്കുറിച്ചും പറഞ്ഞത് ഇപ്രകാരമായിരുന്നു.- 'ഭൂമിയിലെ നിങ്ങളുടെ സമയം മാത്രമേ നിങ്ങളുടെ ജീവിതത്തിന് ഉള്ളൂവെങ്കിൽ അത് ഉടൻ തന്നെ ജീവിക്കാൻ ഞാൻ നിർദ്ദേശിക്കും.

**ദൈവവിശ്വാസത്തിൽ നിന്ന് തുടക്കത്തിലെ അവരെ പിന്തിരിപ്പിച്ച കാര്യങ്ങൾ മനസ്സിലാക്കാതെ നിരീശ്വരവാദികളെ അജ്ഞരായി മാറ്റിനിർത്തുന്നത് ബുദ്ധിശൂന്യമാണ്.**

നിങ്ങളുടെ പ്രവർത്തനങ്ങളുടെ അനന്തരഫലത്തെ കുറിച്ച് നിങ്ങൾ വിഷമിക്കേണ്ടതില്ല. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദീർഘകാല പ്രത്യാഘാതങ്ങൾ ഉണ്ടാക്കാത്തതിനാൽ നിങ്ങൾക്ക് പൂർണമായും സ്വാർത്ഥതയിൽ ഏർപ്പെടാം. 'ഒരു മതേതര വ്യക്തിക്ക് ഒരു മാന്യനാകാൻ സാധിക്കുകയില്ലെന്ന് അദ്ദേഹം ആരോപിക്കുന്നു. അഹങ്കാരത്തിലും അധാർമികമായ പെരുമാറ്റത്തിലും ഏർപ്പെടുന്ന സ്വാർത്ഥരും പൊങ്ങച്ചക്കാരുമായ ആളുകളാണ് നിരീശ്വരവാദികൾ എന്നത് നിരീശ്വരവാദികളെ കുറിച്ചുള്ള ദുർബലമായ കാഴ്ചപ്പാടാണ്. ഇത് ദൈവത്തിലോ മതത്തിലോ വിശ്വാസം നഷ്ടപ്പെട്ടവരെ പൈശാചിക വൽക്കരിക്കാൻ ശ്രമിക്കുന്ന ഒന്നാണ്. അവരുടെ വിശ്വാസം കുറഞ്ഞതിന്റെ കാരണം മനസ്സിലാക്കുന്നതിന് പകരം ആളുകൾ അവരെ ദുഷ്ട വ്യക്തികളായി ചിത്രീകരിച്ച് സമൂഹത്തിൽനിന്ന് കൂടുതൽ അകറ്റി നിർത്തുന്നു.

അഹ്മദി മുസ്‌ലിംകൾ എന്ന നിലയിൽ മുഹമ്മദ് നബി(സ)യുടെ മനോഹരങ്ങളായ അധ്യാപനങ്ങൾ സ്വീകരിക്കുന്നതോടൊപ്പം വരാനിരിക്കുന്ന വാഗ്ദത്ത മസീഹിനെയും ഞങ്ങൾ അംഗീകരിച്ചു. നിരീശ്വരവാദികളും ദൈവവിശ്വാസികളും ഉൾപ്പെടെ എല്ലാ മനുഷ്യരെയും ദൈവത്തിൻറെ പാതയിലേക്ക് തിരികെ കൊണ്ടുവരിക എന്നതാണ് അദ്ദേഹത്തിന്റെ പ്രധാന ദൗത്യം.

അതിനാൽ നിരീശ്വരവാദികളുമായി ഇടപെടുമ്പോൾ മറ്റു മതവിശ്വാസികൾ ചെയ്യുന്ന അതേ തെറ്റിൽ നിന്ന് നാം സ്വയം സംരക്ഷിക്കേണ്ടതുണ്ട്. നിരീശ്വരവാദികൾ ഉൾപ്പെടുന്ന ഒരു സമൂഹത്തിന് സമാധാനത്തോടും ധാർമികതയോടും കൂടി ജീവിക്കാൻ കഴിയുമോ ഇല്ലയോ എന്നത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഒരു വ്യക്തി എന്ന നിലയിൽ നിരീശ്വരവാദിക്ക് നല്ലവനാകാൻ കഴിയില്ലെന്ന് ആരോപിക്കുന്നത് ശരിയല്ല. അവർ വഴിതെറ്റിക്കപ്പെട്ടവരാണെന്നും ദൈവത്തിന്റെയും അവന്റെ സൃഷ്ടികളുടെയും യഥാർത്ഥ സ്വഭാവത്തെ കുറിച്ചുള്ള ധാരണ നഷ്ടപ്പെട്ടവരാണെന്നും നമുക്ക് വിശ്വസിക്കാം. അതുപോലെ നിരീശ്വരവാദികളെ സ്വാർത്ഥത, അത്യാഗ്രഹം, അഹങ്കാരം എന്നിവയുമായി താരതമ്യം ചെയ്യുന്നതും ഒരു നിരീശ്വരവാദിക്കും നല്ല ജീവിതം നയിക്കാൻ സാധിക്കുകയില്ലെന്ന് ആരോപിക്കുന്നതും അന്യായമാണ്. ആ തിന്മകൾ ചില നിരീശ്വരവാദികൾക്കിടയിൽ നിലനിൽക്കുന്നതുപോലെ ചില മതവിശ്വാസികൾക്കിടയിലും നിലനിൽക്കുന്നുണ്ട്. നല്ല ജീവിതം നയിക്കുന്ന നിരീശ്വരവാദികളെയും മതാന്തര സംഭാഷണങ്ങളിൽ സജീവ സാന്നിധ്യരായും കൂടാതെ സാമൂഹിക സേവനത്തിനും മാനുഷിക ആവശ്യങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യുന്ന ചിലരെയും ഞാൻ കണ്ടിട്ടുണ്ട്. അതിനാൽ അവരെ അധാർമികരും സ്വാർത്ഥരും അഹങ്കാരികളുമാണെന്ന് വിധിച്ചു മനുഷ്യത്വം ഇല്ലാത്തവരാണെന്ന് മുദ്ര കുത്തരുത്. ദൈവവിശ്വാസം നഷ്ടപ്പെട്ടവരുടെ നേരെ വിരൽ ചൂണ്ടുന്നതിന് പകരം എന്തുകൊണ്ട് ദൈവവിശ്വാസികളുടെ നേരെ വിരൽ ചൂടുന്നു? ഇത് ആത്മ പരിശോധനക്കുള്ള സമയമാണ്. സർവ്വശക്തനിൽ വിശ്വസിക്കുന്നതിൽ നിന്ന് മറ്റുള്ളവരെ പിന്തിരിപ്പിക്കാൻ ദൈവ വിശ്വാസികൾ എന്താണ് ചെയ്തത്? ലോകമെമ്പാടുമുള്ള എല്ലാ മതവിശ്വാസികളെയും പോലെ നമ്മളും വിശ്വാസികളാകാൻ ആഗ്രഹിക്കുന്നതിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുന്ന എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ അതോ ചെയ്തിട്ടുണ്ടോ എന്ന് ഒരു നിമിഷം ചിന്തിക്കുക.

ആളുകൾ നിരീശ്വരവാദത്തിലേക്ക് തിരിയുന്നതിന്റെ ചില കാരണങ്ങളെക്കുറിച്ച് കേൾക്കാൻ നിങ്ങൾക്ക് ഒരു നിമിഷം നിൽക്കാൻ സാധിക്കുമോ? ദൈവവിശ്വാസത്തിൽ നിന്ന് തുടക്കത്തിലെ അവരെ പിന്തിരിപ്പിച്ച കാര്യങ്ങൾ മനസ്സിലാക്കാതെ നിരീശ്വരവാദികളെ അജ്ഞരായി മാറ്റിനിർത്തുന്നത് ബുദ്ധിശൂന്യമാണ്. മതത്തെക്കുറിച്ച് ശ്രദ്ധിക്കാത്തവരും ആരോടെങ്കിലും ആത്മീയമായ എന്തെങ്കിലും ഉത്തരം പറയേണ്ടി വരുന്നത് ഒഴിവാക്കാൻ വേണ്ടിയോ അവിശ്വാസം തിരഞ്ഞെടുക്കുന്നവരുണ്ട്.

തങ്ങൾക്ക് കാണാൻ കഴിയാത്ത ഒരു ദൈവത്തിൽ വിശ്വസിക്കുവാൻ അവർക്ക് ബുദ്ധിമുട്ടാണ്. അങ്ങനെ ചെയ്യുന്നതിൽ എന്ത് മൂല്യമാണ് ലഭിക്കുക എന്നും അവർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. അവിശ്വാസത്തെക്കാൾ അവർക്ക് നിസ്സംഗതയുമായി കൂടുതൽ ബന്ധമുണ്ടെന്ന് പറയുന്നത് ചിന്തനീയമായ ഒരു കാരണമല്ല. ജീവിതത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിച്ചതിനുശേഷം ദൈവവിശ്വാസം അവസാനിപ്പിക്കുന്ന ചിലരുണ്ട്. ഇങ്ങനെ സംഭവിക്കാൻ ദൈവം അനുവദിക്കുമെന്ന് മനസ്സിലാക്കാൻ കഴിയാത്തവരാണിവർ. ഇതൊരു ഭയാനകവും ചിന്തനീയവുമായ അവിശ്വാസം അല്ല, മറിച്ച് പച്ചയായ വികാരത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നും കൂടാതെ ഇതിന് ഒരാളുടെ യുക്തിസഹമായ നിർണയങ്ങൾ മൂടിവെക്കാനുള്ള കഴിവുണ്ടെന്നും മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ അത്തരം കാരണങ്ങളിൽ എല്ലാ നിരീശ്വരവാദികളും വിശ്വസിക്കുന്നില്ല. ഉദാഹരണത്തിന് ശാസ്ത്രത്തെ മതവുമായി സ്വമന്വയിപ്പിക്കുവാൻ കഴിയാത്തവരും മതത്തേക്കാൾ ശാസ്ത്രത്തിന് മുൻഗണന നൽകുന്നവരും ഉണ്ട്. ക്രിസ്ത്യൻ സുഹൃത്തുക്കളിൽ പലരും ശാസ്ത്രത്തെ നിഷേധിക്കുകയും തുടർന്ന് ഒന്നുകിൽ ദൈവത്തിലുള്ള വിശ്വാസം അല്ലെങ്കിൽ ശാസ്ത്രസിദ്ധാന്തങ്ങളിൽ ഉള്ള വിശ്വാസം ഉണ്ടാവണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് ലോകത്തിലെ ഏറ്റവും അറിയപ്പെടുന്ന നിരീശ്വരവാദികളിൽ ഒരാളായ റിച്ചാർഡ് ഡോക്കിൻസ് ഒരിക്കൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി– 'ഒരുപക്ഷേ ദൈവത്തിലുള്ള അവിശ്വാസത്തിന് ഏറ്റവും പ്രധാന കാരണം പരിണാമമാണ്.'

**'മനുഷ്യൻ ഇന്ന് ലോകത്തിന്റെ ശാസ്ത്രീയ നേട്ടങ്ങളുടെയും ധാരണകളുടെയും വെളിച്ചത്തിലേക്ക് മുന്നേറുന്നതിനാൽ ബൈബിളിലെ ചില പ്രസ്താവനകളും നമുക്ക് ചുറ്റുമുള്ള പ്രകൃതിയും തമ്മിലുള്ള ചില വൈരുദ്ധ്യങ്ങൾ അവർ ശ്രദ്ധിക്കുവാൻ തുടങ്ങിയപ്പോൾ ചില സംശയങ്ങൾ അവരുടെ മനസ്സുകളിലേക്ക് കടന്നു വരുന്നു.'**

അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ പരിണാമത്തെ ക്രിസ്തീയ

അധ്യാപനങ്ങളുമായി സമന്വയിപ്പിക്കുവാൻ കഴിയുകയില്ല. അങ്ങനെ ചെയ്യാൻ ശ്രമിക്കുന്നത് തികച്ചും വ്യാമോഹമാണെന്നും അടിവരയിടുന്നു. പരിണാമവും ക്രിസ്തുമതവും തമ്മിൽ ആഴത്തിലുള്ള പൊരുത്തക്കേടുകൾ ഈ രീതിയിൽ നിലനില്ക്കുന്നുണ്ട്. കാരണം പല ക്രിസ്തുമത വിശ്വാസികളും പരിണാമം തന്നെ തെറ്റാണെന്നും, പരിണാമത്തിന് അനുകൂലമായി വാദിക്കാൻ ഉപയോഗിക്കുന്ന ഫോസിലുകൾ പോലുള്ള രേഖകൾ അവർ സംബോധനം ചെയ്യുന്നില്ലെന്നും വാദിക്കുന്നു. ധാർമികതയും മതത്തിന്റെ അധ്യാപനങ്ങളും ശാസ്ത്രപുരോഗതിയുമായി സമന്വയിപ്പിക്കാനുള്ള കഴിവില്ലായ്മ യുക്തിവാദത്തിനായുള്ള അവരുടെ ഭൗതിക അന്വേഷണങ്ങളെ തൃപ്തിപ്പെടുത്തുന്ന അത്ര കർക്കശമല്ലാത്ത ഒരു വിശ്വാസം തിരഞ്ഞെടുക്കുവാൻ പലരെയും പ്രേരിപ്പിച്ചു. മനുഷ്യരെന്ന നിലയിൽ നാം സത്യത്തിനായി അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ മതപരമായ അധ്യാപനങ്ങൾ ഉൾപ്പെടെ എന്തെങ്കിലും സത്യം അന്വേഷിക്കുന്നത് തടസ്സമാകുന്നുവെന്ന് ആർക്കെങ്കിലും മനസ്സിലായാൽ അവർ രണ്ടിനെയും സമന്വയിപ്പിക്കുക എന്ന വെല്ലുവിളി അഭിമുഖീകരിക്കേണ്ടി വരുന്നു.

ഈ സാഹചര്യത്തിൽ മതവും ശാസ്ത്രവും തമ്മിലുള്ള മാനസിക സംഘർഷം അനുഭവിച്ചവരെ മാത്രം കുറ്റപ്പെടുത്തുകയാണോ? ആർക്കാണ് യഥാർത്ഥത്തിൽ വിശ്വാസത്തിന്റെ കുറവുണ്ടായത്? ശാസ്ത്രത്തെ മതവുമായി എങ്ങനെ സമന്വയിപ്പിക്കാം എന്ന് ചോദിച്ചവർക്കോ അതിനു കൃത്യമായ ഉത്തരം നൽകാൻ കഴിയാത്തവർക്കോ?

ഇത് ശാസ്ത്രത്തിന് അതീതമാണ്. അന്ധവിശ്വാസം പിന്തുടരാത്ത എത്രയോ ആൾക്കാർ നമ്മുടെ ചുറ്റുമുണ്ട്. ദൈവശാസ്ത്രത്തിന്റെ ചില മേഖലകൾ യഥാർത്ഥ രൂപത്തിൽ മനസ്സിലാക്കാത്തതുകൊണ്ട് അവരുടെ മനസ്സുകളിൽ ചില ചോദ്യങ്ങളുണ്ട്.

അവരുടെ മനസ്സ് നിരസിക്കുന്ന ഒരു കാര്യം ഹൃദയത്തിന് സ്വീകരിക്കാൻ കഴിയില്ലെന്ന് അവർ വാദിക്കുന്നു. അതുകൊണ്ട് അവരെ മതവിരുദ്ധരായോ അതോ വിശ്വാസികളിൽ ദുർബലരായ വിഭാഗമെന്നോ മുദ്രകുത്തണമോ? യഥാർത്ഥത്തിൽ ദുർബലരായവർക്ക് അവരുടെ മതത്തിനു വേണ്ടി യുക്തിസഹമായ ഒരു കാര്യവും അവതരിപ്പിക്കുവാൻ

കഴിയില്ല. മതത്തിലെ ഇത്തരം അനശ്ചിതത്വം കൈകാര്യം ചെയ്യുന്നതിന് പകരം നിങ്ങൾക്ക് മതത്തെ ചോദ്യം ചെയ്യാൻ കഴിയില്ലെന്ന് പറഞ്ഞു അവരെ ഒഴിവാക്കുകയാണോ വേണ്ടത്?

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്[റഹ്] ഒരിക്കൽ വിശദീകരിക്കുകയുണ്ടായി-

'മനുഷ്യൻ ഇന്ന് ലോകത്തിന്റെ ശാസ്ത്രീയ നേട്ടങ്ങളുടെയും ധാരണകളുടെയും വെളിച്ചത്തിലേക്ക് മുന്നേറുന്നതിനാൽ ബൈബിളിലെ ചില പ്രസ്താവനകളും നമുക്ക് ചുറ്റുമുള്ള പ്രകൃതിയും തമ്മിലുള്ള ചില വൈരുദ്ധ്യങ്ങൾ അവർ ശ്രദ്ധിക്കുവാൻ തുടങ്ങിയപ്പോൾ ചില സംശയങ്ങൾ അവരുടെ മനസ്സുകളിലേക്ക് കടന്നു വരുന്നു.'
'താൻ സൃഷ്ടിച്ച പ്രകൃതിക്ക് വിരുദ്ധമായി എന്തെങ്കിലും പറയാൻ ദൈവത്തിനു കഴിയുമോ എന്ന് അവർ ചോദിക്കുന്നു.' അവിശ്വാസത്തിലേക്ക് തിരിയുന്ന അത്തരം ആളുകളെ അഹങ്കാരികളായോ അജ്ഞരായോ വിശേഷിപ്പിക്കുന്നത് ന്യായമാണോ? ഇത്തരം പ്രയാസകരമായ ചോദ്യങ്ങൾക്ക് മതം കൃത്യവും യുക്തിസഹവുമായ ഉത്തരം നൽകുന്നില്ല. പകരം ഈ ചോദ്യങ്ങൾ ചോദിക്കുന്നവരെ നഷ്ടപ്പെട്ടവരോ അജ്ഞരോ ആണെന്നാണ് വിലയിരുത്തുന്നത്. ആളുകൾ മതത്തെ ഉപയോഗിച്ച രീതികണ്ട് മനസ്സിലാക്കിയതിനു ശേഷം മതത്തിൽ നിന്ന് പിന്തിരിഞ്ഞ നിരീശ്വരവാദികളുണ്ട്. യേശുവിന്റെ, ക്രൂശീകരണത്തി ഇപ്പോഴത്തെ യഹൂദരെപ്പോലും കുറ്റപ്പെടുത്താൻ നിർബന്ധിച്ച് കൊണ്ട് നൂറ്റാണ്ടുകളായി യഹൂദ വിരുദ്ധതയെ പ്രോത്സാഹിപ്പിച്ചത് എന്ത് നീതിയാണെന്ന് അവർ ചോദിക്കുന്നു. കുരിശുയുദ്ധകാലത്ത് മുസ്‌ലിംകൾ മറ്റുള്ളവർക്കും എതിരെ നടത്തിയ അതിക്രമങ്ങളും ക്രൂരതകളും എന്തിന്നായിരുന്നു.?

ഈ രാജ്യത്തെ അമേരിക്കക്കാരും ആഫ്രിക്കൻ അടിമകളും ഉൾപ്പെടെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ ആളുകളെ നിർബന്ധിച്ചത് എങ്ങനെ? സ്വന്തം വിശ്വാസത്തിന്റെ പേരിൽ കൂടെയുള്ള ക്രിസ്ത്യാനികളെ കൊന്നൊടുക്കിയത് എങ്ങിനെ? ഇത് ക്രിസ്ത്യാനികളുടെ മാത്രം കാര്യമല്ല, ലോകത്തിലെ മുസ്‌ലിം തീവ്രവാദികളുടെ പ്രവർത്തി നോക്കൂ-അവർ ചാവേറുകളും തട്ടിക്കൊണ്ടു പോകുന്നവരും ശിരച്ഛേദം ചെയ്യുന്നവരും ആണ്. എന്നിട്ട് ഈ പ്രവൃത്തികൾക്ക് ന്യായീകരണം അവകാശപ്പെടുന്നു. പള്ളികളും എംബസികളും മറ്റും നശിപ്പിക്കുന്ന ഇക്കൂട്ടർ തങ്ങൾ മുസ്‌ലിങ്ങളാണെന്ന് അവകാശപ്പെടുന്നു. ഇനി ജൂത കുടിയേറ്റക്കാരുടെ കാര്യം നോക്കുക-അവർ മറ്റുള്ളവരിൽ നിന്ന് ഭൂമി തട്ടിയെടുക്കുന്നു. അവിടെ താമസിക്കുന്നവർക്കും പ്രത്യേകിച്ച് കുട്ടികൾക്കും എന്ത് സംഭവിച്ചാലും അത് ദൈവീകമായി നിയോഗിക്കപ്പെട്ട കാര്യമാണെന്നും കൂടാതെ ഈ ഭൂമി തങ്ങളുടെതാണെന്ന് ദൈവം പറഞ്ഞിട്ടുണ്ടെന്നും വിശ്വസിക്കുന്നു. ഇത് എല്ലാ മതങ്ങളുടെയും ഛായാരൂപങ്ങളിൽ കാണാം. മാത്രമല്ല അഡോൾഫ് ഹിറ്റ്ലർ തന്റെ മെയിൻ കാംഫ് (Mein Kamph) എന്ന വിശ്വപ്രസിദ്ധ പുസ്തകത്തിൽ ഒരു ദൈവീക ഭാവം (ലക്ഷ്യം) അവകാശപ്പെട്ടു -

'ഞാൻ സർവ്വശക്തനായ സൃഷ്ട്ടാവിന്റെ ഇഷ്ടത്തിന് അനുസരിച്ച് പ്രവർത്തിക്കുന്നു, ജൂതനിൽനിന്ന് എന്നെത്തന്നെ പ്രതിരോധിക്കുന്നതോടൊപ്പം ഞാൻ ദൈവത്തിന്റെ പ്രവർത്തനത്തിനായി പോരാടും.' നാസി സൈന്യങ്ങളുടെ ബെൽറ്റുകളിൽ God is with us എന്ന് ആലേഖനം ചെയ്തിട്ടുണ്ട്. ഈ വാചകം ജർമൻ ചക്രവർത്തിയുടെ സൈന്യത്തിൽ നിന്ന് മോഷ്ടിച്ചതാണ്. എന്നിട്ട് ഈ വാചകം അവരുടെ കവചത്തിൽ ഉപയോഗിച്ചു. ഇത് കാണുന്നവരെ സംബന്ധിച്ച് നാസികൾ ദൈവത്തെ ധ്യാനിക്കുന്നവരാണെന്ന് തോന്നും. ലോകത്തിലെ ഏറ്റവും ക്രൂരവും പൈശാചികവുമായ അതിക്രമങ്ങൾ നടത്തിയ ആളുകൾ തങ്ങൾക്ക് വ്യക്തമായ ദൈവീകാനുമതി ലഭിച്ചത് കൊണ്ടാണ് ഇത്തരം പ്രവർത്തികൾ ചെയ്തതെന്ന് ക്രിസ്റ്റഫർ ഹിച്ചൻസിനെ പോലുള്ള നിരീശ്വരവാദികൾ വാദിക്കുന്നത്.

മതത്തിനെതിരായ ഇത്തരം ആരോപണങ്ങൾ തള്ളിക്കളയാവതല്ല. മതത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടിന് നമുക്ക് നിരീശ്വരവാദികളെ കുറ്റപ്പെടുത്തുവാൻ കഴിയുമോ? അതോ കുറ്റം ദൈവവിശ്വാസികളുടെ മേലെയാണോ? വിശ്വാസികളായ നമ്മൾ എങ്ങനെയാണ് നമ്മുടെ ജീവിതം നയിക്കുന്നത്? നമ്മുടെ വിശ്വാസത്തെക്കുറിച്ച് നാം എത്ര നന്നായി മനസ്സിലാക്കുകയും മറ്റുള്ളവരോട് വിശദീകരിക്കുകയും ചെയ്തു? തീർച്ചയായും ക്രിസ്തീയ അധ്യാപനങ്ങൾ മതത്തിലും ദൈവത്തിലുമുള്ള അവിശ്വാസത്തിന് കാരണങ്ങളായി പാശ്ചാത്യ ലോകത്തിലെ നിരീശ്വരവാദികൾ ഉദ്ധരിക്കുന്നു. അവർക്ക് ഇത്തരത്തിലുള്ള തെറ്റായ വിശ്വാസം ഉള്ളതിനാൽ സ്വന്തം സൃഷ്ടിയെ വേദനാജനകവും കഠിനവുമായ കത്തുന്ന നരകത്തിലേക്ക് എറിയുന്ന ഒരു ദൈവമുണ്ടെന്ന് വിശ്വസിക്കുവാൻ കഴിയുകയില്ല. നിരീശ്വരവാദികൾക്ക് ക്രിസ്തീയ മത നേതാക്കളോട് തോന്നിയ വെറുപ്പിന്റെ കാരണങ്ങളിൽ ഒന്ന് ക്രിസ്തീയ ദേവാലയങ്ങളിൽ കണ്ടുവരുന്ന ചില കാര്യങ്ങളാണ് - സഭകളിൽ നടക്കുന്ന പേടിപ്പെടുത്തുന്ന കാര്യങ്ങൾ-മാമോദിസ കൂടാതെ പ്രവാചകന്റെ മനുഷ്യബലി

തുടങ്ങിയ ചടങ്ങുകളിൽ വിശ്വസിച്ചില്ലെങ്കിൽ എന്നെന്നേക്കുമായി നരകത്തിൽ ആയിരിക്കും എന്ന ഭയം സഭകളിലും പ്രത്യേകിച്ച് കുട്ടികളിലും ഉളവാക്കി മതനേതാക്കൾ ഉപജീവനം നടത്തുന്നു. നിത്യ നരകം എന്ന ആശയം തന്നെ അനീതിയെ സൂചിപ്പിക്കുന്നു. ഇത്തരം

നീചമായ ആശയങ്ങളെ അഹ്മദിയ്യ മുസ്‌ലിംകൾ എന്ന നിലയിൽ ഞങ്ങൾ നിരസിക്കുന്നു. നമ്മുടെ വിശ്വാസം യഥാർത്ഥത്തിൽ നീതിമാനും കരുണാമയനുമായ ദൈവത്തിലാണ്. അവൻ മനുഷ്യരെ അവരുടെ പ്രവർത്തനങ്ങൾ ഉത്തരവാദികളാക്കുകയും അവരോട് ക്ഷമിക്കുകയും ഒടുവിൽ നിത്യ സമാധാനവും നൽകുകയും ചെയ്യുന്നു.

ദൈവത്തിലുള്ള അവിശ്വാസത്തിന്റെ കാരണങ്ങൾ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ ഇതിൽ പലതും മതവിശ്വാസികളുടെ പെരുമാറ്റ രീതിയിയും കൂടാതെ പ്രത്യശാസ്ത്രവുമായി ബന്ധമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനാൽ ദൈവവിശ്വാസികൾ എന്ന നിലയിൽ ഈ അവിശ്വാസത്തിന്റെ കാര്യത്തിൽ നമുക്കും പങ്കുണ്ടെന്ന് മനസ്സിലാക്കാം.

നിരീശ്വരവാദത്തിന്റെ വളർച്ചയ്ക്ക് പാശ്ചാത്യ ക്രിസ്ത്യാനികളുടെ പങ്കിനോടൊപ്പം ദൈവത്തിൽ അവിശ്വസിക്കുന്നവരുടെ വളർച്ചയിൽ മിഡിൽഈസ്റ്റിലെ മുസ്‌ലിം കൾക്കും പങ്കുണ്ട്. 2012 ൽ ഗ്യാലപ്പ് ഇന്റർനാഷണൽ നടത്തിയ ഒരു വോട്ടെടുപ്പിൽ ലോകത്തിലെ നിരീശ്വരവാദികളുടെ ജനസംഖ്യ പരിശോധിച്ചപ്പോൾ സൗദി അറേബ്യയിൽ അതിശയകരമായ വിവരങ്ങൾ കണ്ടെത്തുകയുണ്ടായി. അവിടെ ജനസംഖ്യയുടെ 5% നിരീശ്വരവാദികൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇത് അമേരിക്കയിൽ ഉള്ളതിന്റെ ഇരട്ടിയാണ്. നിരീശ്വരവാദം ഒരു കുറ്റകൃത്യമായി കണക്കാക്കുന്ന സൗദി അറേബ്യയിൽ സർക്കാർ എത്ര ശ്രമിച്ചിട്ടും ഈ വളർച്ച തടയുവാൻ സാധിക്കുന്നില്ല. അപ്പോൾ ഏറ്റവും യാഥാസ്ഥികവും വളരെ കർക്കശവുമായ ഇസ്‌ലാമിക രാജ്യങ്ങളിൽ ഒന്നിൽ നിരീശ്വരവാദം വളരുന്നതിന്റെ കാരണം എന്താണ്?

മേൽപ്പറഞ്ഞ ചോദ്യത്തിൽ തന്നെ ഉത്തരമുണ്ട്. സൗദി അറേബ്യയിൽ മതത്തിൻറെ കാഠിന്യമേറിയ അധ്യാപനങ്ങൾ കാരണം യുവാക്കൾ കൂട്ടത്തോടെ മതത്തിൽ നിന്ന് അകലുന്നു. അമേരിക്കയിൽ പഠിക്കുകയും എന്നാൽ സ്വന്തം നാട്ടിൽ കാണുന്ന ഈ പ്രതിഭാസങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരു സൗദി അറേബ്യൻ യുവാവിനൊപ്പം ഞാൻ ധാരാളം സമയം ചെലവഴിച്ചിട്ടുണ്ട്. തന്റെ നാട്ടിൽ കാണുന്ന നിരീശ്വരവാദികളുടെ വളർച്ചയ്ക്ക് അവിടെ മതം ആചരിക്കുന്ന വിധവും പഠിപ്പിക്കുന്ന രീതിയും ആണെന്നാണ് അദ്ദേഹത്തിന്റെ നിഗമനം. സൗദി അറേബ്യയിൽ ജനിക്കുകയും വളരുകയും ചെയ്ത ഈ വ്യക്തി അവരെ നേരത്തെ എന്താണോ പഠിപ്പിച്ചത് അതിൽനിന്ന് വ്യത്യസ്തങ്ങളായ മറ്റെല്ലാ ആശയങ്ങളും അതായത് മാർക്സിസം, ദേശീയത, ക്രിസ്തുമതം, ശിയ– സുന്നി വിഭാഗങ്ങളുടെ ആശയങ്ങൾ തികച്ചും തെറ്റാണെന്ന് കുട്ടിക്കാലം മുതൽക്ക് തന്നെ തങ്ങളോട് പറഞ്ഞതായി അദ്ദേഹം ഓർക്കുന്നു. മാത്രവുമല്ല മതത്തെ കുറിച്ചുള്ള അഹ്മദിയ്യ വ്യാഖ്യാനങ്ങൾ തെറ്റാണെന്നും അവരെ വ്യക്തമായി പഠിപ്പിക്കുന്നു. ഈ ആശയങ്ങൾ ചോദ്യം ചെയ്യപ്പെടാത്തതും വീണ്ടും വ്യാഖ്യാനിക്കാൻ കഴിയാത്തതും ആണെന്ന് പറയപ്പെടുന്നു. ഈ ആശയങ്ങളിലൂടെ മാത്രമേ ദൈവത്തെ മനസ്സിലാക്കുവാൻ കഴിയൂ എന്ന് അവർ ചിന്തിച്ചു തുടങ്ങി.

അവിശ്വാസികളോട് വെറുപ്പ് കാണിക്കുന്നതിനെക്കുറിച്ച് റോബർട്ട് സ്പെൻസറുടെ പുസ്തകത്തിൽ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ അവരെ പഠിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി. അവിശ്വാസികളോട് ആരാണ് കൂടുതൽ വെറുപ്പ് കാണിക്കുന്നത് അവർ ദൈവത്തോട് കൂടുതൽ അടുക്കുന്നവർ ആയിരിക്കും എന്ന് മുസ്‌ലിംകളോട് പറയപ്പെട്ടിരിക്കുന്നു.

കൂടാതെ ഇതാണ് ഇസ്‌ലാം ഇങ്ങനെയാണ് ഇസ്‌ലാം ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദീകരണങ്ങൾ ഇപ്പോൾ നിലവിലില്ലെന്നും അവരെ പഠിപ്പിക്കപ്പെട്ടു. അപ്പോൾ അവർ സർക്കാർ സ്പോൺസർ ചെയ്യപ്പെട്ട വ്യക്തി രഹിതവും വിദ്വേഷം നിറഞ്ഞതുമായ വിശ്വാസവ്യവസ്ഥയെ ഇസ്‌ലാമുമായി താരതമ്യം ചെയ്യുവാൻ തുടങ്ങി. എന്നാൽ ഇത് യഥാർത്ഥത്തിൽ വഹാബിസമാണ്. ഇത് ശാസ്ത്ര വിഷയങ്ങളുമായും ധാർമികതയുമായും അവലോകനം ചെയ്യുമ്പോൾ മനുഷ്യരാശികയെക്കാൾ പുരാതനമായ കാര്യമായി കണ്ടെത്തിയപ്പോൾ അവിടുത്തെ ആളുകൾക്ക് യഥാർത്ഥ വിശ്വാസം നഷ്ടപ്പെടുവാൻ കാരണമായി.

മതവിശ്വാസികളുടെ പ്രവർത്തനങ്ങൾ മൂലം ആളുകൾ നിരീശ്വരവാദികളായി മാറിയതിന്റെ കാരണങ്ങൾ നാം ഒന്ന് പരിശോധിക്കണം. ദൈവത്തിൽ ഉറച്ചു വിശ്വസിക്കുന്ന വ്യക്തി എന്ന നിലയിൽ നിരീശ്വരവാദികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് എന്നെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു. ഇത്

എല്ലാവരും എന്നെപ്പോലെ വിശ്വസിക്കണമെന്ന് ആഗ്രഹം ഉള്ളതുകൊണ്ടോ എന്റെ കുടുംബത്തിലോ നമ്മുടെ സമൂഹത്തിലോ അത് എന്ത് സ്വാധീനം ചെലുത്തും എന്ന് ഭയപ്പെടുന്നത് കൊണ്ടോ അല്ല. മറിച്ച് ഇത് ശരിക്കും അസ്വസ്ഥത ഉണ്ടാക്കുന്ന ഒന്നാണ്. കാരണം ദൈവവിശ്വാസികൾ അവരുടെ വാക്കുകളിലൂടെയും പ്രവർത്തി കളിലൂടെയും മറ്റുള്ളവരിൽ യഥാർത്ഥ വിശ്വാസം പ്രചോദി പ്പിക്കുന്നതിൽ പരാജയപ്പെ ട്ടതിന്റെ സൂചനയായി ഞാൻ ഇതിനെ കാണുന്നു. ചില ദൈവവിശ്വാസികൾ ഒരു കാര്യം പ്രബോധിക്കുകയും തുടർന്ന് വിശ്വാസത്തിൽ നിന്ന് ആളുകളെ പിന്തിരിപ്പിക്കുന്ന മറ്റൊരു ജീവിതം നയിക്കുകയും ചെയ്യുന്നതായി കാണുന്നു. മാത്രമല്ല മനുഷ്യവർഗ്ഗത്തിന് ദൈവം നൽകപ്പെട്ട പ്രധാന വരദാനങ്ങളായ യുക്തിയും യുക്തിചിന്തയും ചില ദൈവ വിശ്വാസികൾ ഉപേക്ഷിക്കുന്നതിന്റെ സൂചന യായും ഞാൻ ഇതിനെ കാണുന്നു.

നമ്മുടെ സ്രഷ്ടാവുമായി കൂടുതൽ ബന്ധപ്പെടുന്നതിലൂടെ മാത്രമേ നമുക്ക് യഥാർത്ഥവും ദീർഘകാലം നിലനിൽക്കുന്നതുമായ സമാധാനം സ്ഥാപിക്കുവാൻ കഴിയൂ എന്ന് തീർച്ചയായും ഞാൻ വിശ്വസിക്കുന്നു. മറ്റുള്ളവരോട് കാണിക്കുന്ന സ്നേഹം കാരണം എല്ലാവർക്കും ഈ സമാധാനം അനുഭവിക്കാൻ കഴിയട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവർക്ക് വേണ്ടത്ര കരുതൽ നൽകിക്കൊണ്ട് മറ്റുള്ളവരെ സഹായിക്കാൻ കഴിയുന്ന ആ നന്മ ആഗ്രഹിക്കുന്നത് തെറ്റില്ല. സത്യത്തിന്റെ ഒരുപിടി (ഭാഗം) നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ ആ സത്യം മറ്റുള്ളവരുമായി പങ്കിടുവാൻ നാം ശ്രമിക്കണം. ഇതു വളരെ ആത്മാർത്ഥമായും ശ്രദ്ധയോടും ചെയ്യേണ്ടതായിട്ടുണ്ട്.

വിശ്വസിക്കാത്തവരെ അപകീർ ത്തിപ്പെടുത്തുന്നതിലൂടെ നമുക്ക് ഈ വക കാര്യങ്ങൾ അതായത് നന്മ, സത്യം തുടങ്ങിയവ ചെയ്യുവാൻ കഴിയില്ല. മതത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ഒരു അനുഗ്രഹമാണെന്ന് മുഹമ്മദ് നബി(സ) നമ്മോട് അരുൾ ചെയ്തിട്ടുണ്ട്. അങ്ങനെ പറയുവാൻ കാരണം വ്യത്യസ്ത കാഴ്ചപ്പാട് പുലർത്തുന്നവരെ അഭിമുഖീകരിക്കുമ്പോൾ അവരുടെ വിശ്വാസങ്ങളെ കുറിച്ചും നമ്മുടെ സ്വന്തം വിശ്വാസങ്ങളെ കുറിച്ചും നാം പഠിക്കും. പലപ്പോഴും നാം ശരിക്കും കാര്യങ്ങൾ മനസ്സിലാക്കുന്നില്ല – എന്തുകൊണ്ട് നമ്മൾ ഒരു പ്രത്യേക വിശ്വാസം മുറുകെ പിടിക്കുന്നു, എതിർ വീക്ഷണത്താൽ വെല്ലുവിളിക്കപ്പെടുന്നത്? മതവിശ്വാസികളുടെ കാപട്യം, ശത്രുത, ഉപ ദ്രവം, അസഹിഷ്ണുത എന്നീ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നവരിൽ നിന്ന് നമുക്ക് പലതും നേടാൻ കഴിയും. അതുകൊണ്ട് ഇത്തരം അഭിപ്രായവ്യത്യാസങ്ങളെ നാം അവഗണിക്കരുത്.

ഈ പ്രശ്നത്തിനുള്ള പ്രതി വിധി എന്താണെന്ന് നിങ്ങൾ ഇപ്പോൾ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുമെന്ന് ഞാൻ കരുതുന്നു. ഇതിനുള്ള പരിഹാരം നമ്മുടെ കൈകളിലാണ് – അതായത് കൂടുതൽ വിദ്യാഭ്യാസം നേടുക, നമ്മുടെ വിശ്വാസം ശരിക്കും മനസ്സിലാക്കുക, നമ്മുടെ വിശ്വാസം ധാർമിക പെരുമാ റ്റത്തെ പിന്തുണക്കുന്നു എന്ന് ഉറപ്പാക്കുക, വിശ്വാസ രൂപത്തിലുള്ള കാപട്യങ്ങളെ ഒഴിവാക്കുക കൂടാതെ മതപ രവും മതേതരവുമായ വിഷയങ്ങൾ യുക്തിസഹ മായി വിശദീകരിക്കുക. ഈ കാര്യങ്ങൾ ആദ്യം നമ്മളിൽ നിന്ന് തന്നെ തുടങ്ങണം. ഈ വിധത്തിൽ എല്ലാ മതവിശ്വാസികളും പെ രുമാറേണ്ടതാണ്.

അല്ലാഹുവിന്റെ യഥാർത്ഥ സൗന്ദര്യവും സൃഷ്ടാവും സ്രഷ്ടിയും തമ്മിലുള്ള സ്നേ ഹവും നല്ല രീതിയിൽ പ്രകടി പ്പിക്കുന്നതിനായി സ്വന്തം ജീവിതത്തിലും പെരുമാറ്റ ത്തിലും എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്ന് നാം സ്വയം ചോദിക്കണം. ഇതുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി പ റഞ്ഞത് ഞാൻ ഓർക്കുന്നു – 'നിങ്ങൾ ലോകത്ത് കാണാൻ ആഗ്രഹിക്കുന്ന മാറ്റം നിങ്ങൾ തന്നെയായിരിക്കണം.' അതുകൊണ്ട് ലോകത്ത് കൂടുതൽ ആളുകൾ ദൈവവിശ്വാസികളായി കാണാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം സ്വയം ദൈവവുമായി പ്ര ണയത്തിലാവുക. ദൈവത്തിൽ വിശ്വസിക്കുന്നതിന്റെ സൗന്ദര്യവും ജ്ഞാനവും മറ്റുള്ളവർ കാണണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആ സൗന്ദര്യവും ജ്ഞാന വും നിങ്ങൾ ശരിക്കും

---

**ലോകത്ത് കൂടുതൽ ആളുകൾ ദൈവവിശ്വാസികളായി കാണാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം സ്വയം ദൈവവുമായി പ്രണയത്തിലാവുക. ദൈവത്തിൽ വിശ്വസിക്കുന്നതിന്റെ സൗന്ദര്യവും ജ്ഞാന വും മറ്റുള്ളവർ കാണണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആ സൗന്ദര്യവും ജ്ഞാനവും നിങ്ങൾ ശരിക്കും മനസ്സിലാക്കുക.**

---

മനസ്സിലാക്കുക. ആളുകൾ ഇസ്‌ലമിലേക്കും പള്ളികളിലേക്കും ആകർഷിക്കപ്പെടണമെങ്കിൽ ആ കാര്യം ആദ്യം നിങ്ങളുടെ ഹൃദയത്തിൽ വളർത്തുക. അതാണ് നിങ്ങൾ ചെയ്യേണ്ട പ്രധാന പങ്ക്. നിങ്ങളുടെ വിശ്വാസം വളർത്തുന്നതോടൊപ്പം അതിനേക്കാൾ പ്രാധാന്യത്തോടെ ദൈവത്തിന്റെ പ്രകൃതിയെയും മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശത്തെ കുറിച്ചുള്ള ഉൾകാഴ്ചയും വർദ്ധിപ്പിക്കുക. നേരത്തെ വിശ്വാസികൾ അവരുടെ വിശ്വാസവുമായി ബന്ധപ്പെട്ട അധ്യാപനങ്ങൾ ദുഷിപ്പിച്ചു എന്ന് നാം മനസ്സിലാക്കണം. അതുകൊണ്ടാണ് മറ്റുള്ളവരുടെ കണ്ണിൽ മതം യുക്തി രഹിതമായി തീർന്നത്.

സത്യവിശ്വാസികൾ എന്ന നിലയിൽ നാം ഭാഗ്യവാന്മാരാണ്. കാരണം യുക്തിപൂർവ്വമായ ചിന്തയിലൂടെ ദൈവത്തിലും ഇസ്‌ലാമിലും വിശ്വസിക്കുന്നതിന്റെ മൂല്യം നമ്മെ പഠിപ്പിച്ച ഈ കാലഘട്ടത്തിലെ പരിഷ്കർത്താവായ വാഗ്ദത്ത മസീഹും മാർഗ്ഗദർശിയായ ഇമാമും നമുക്കുണ്ട്. മതത്തിൽ യുക്തി കാണാൻ കഴിയാത്ത ആളുകൾക്കിടയിൽ സംശയങ്ങൾ ജനിപ്പിക്കാനുള്ള കാരണം ഈ ശാസ്ത്രയുഗമാണ്. ഈ ശാസ്ത്രയുഗത്തിൽ തന്നെ അത്തരം സംശയങ്ങൾക്ക് അറുതി വരുത്തുവാൻ നമുക്ക് കഴിയണം. വാഗ്ദത്ത മസീഹ് നമുക്കായി അവശേഷിപ്പിച്ച വിജ്ഞാന നിധിയെ കുറിച്ച് പഠിക്കുന്നതിന് ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന യാത്ര തുടരുന്നതിൽ നമുക്ക് ഒട്ടേറെ പ്രയോജനങ്ങൾ ഉണ്ട്. മേൽപ്പറഞ്ഞ വിജ്ഞാന നിധിയിലെ കാര്യങ്ങളാണ് ഇസ്‌ലാമിന്റെ, ഇപ്പോഴത്തെ ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹമ്മദ് സാഹിബ് നമുക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. അങ്ങനെ നാം യുക്തിയുടെ പിൻബലമുള്ള വിശ്വാസം നേടിക്കൊണ്ടിരിക്കുന്നു.

നിരീശ്വരവാദികൾ നമ്മെപ്പോലെ തന്നെയെന്ന് ഓർക്കുക. അവർ വിശ്വാസമില്ലാത്ത ആളുകൾ അല്ല. ഓരോ മനുഷ്യനും വ്യത്യസ്തങ്ങളായ വിശ്വാസങ്ങളിൽ നിലകൊള്ളുന്നവരാണ്. ദൈവാസ്തികൃത്തിലും സ്വർഗ നരകങ്ങളിലും തങ്ങൾക്ക് വിശ്വാസമില്ലെന്ന് ഒരു നിരീശ്വരവാദി വാദിച്ചേക്കാം, കാരണം ആർക്കും അവരെ അത്തരം കാര്യങ്ങളെ തെളിയിച്ചു കൊടുക്കുവാൻ സാധിച്ചിട്ടില്ല. അതുപോലെ ദൈവം ഇല്ലെന്നും സ്വർഗ്ഗവും നരകവും ഇല്ലെന്നും കൂടാതെ മരണാന്തര ജീവിതം ഇല്ലെന്നും തെളിയിക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. യുക്തിയിൽ നിന്ന് തുടങ്ങിയതിനു ശേഷം അവൻ വിശ്വാസത്തിൽ തുടരേണ്ടതുണ്ട്. ഒരു മനുഷ്യനെ സൃഷ്ടിക്കപ്പെട്ടത് എങ്ങനെയെന്നാൽ നിഗമനങ്ങളും യുക്തി വിചാരങ്ങളും ഒരു ഘട്ടത്തിൽ എത്തിച്ചേർന്നതിനുശേഷം ശിഷ്ടജീവിതം വിശ്വാസത്തിലും – പ്രമുഖ ക്രിസ്ത്യൻ എഴുത്തുകാരനും സംവാദകനുമായ ദിനേശ് ഡിസൂസ ഒരിക്കൽ പറഞ്ഞു – 'മരണാനന്തര ജീവിതം ഇല്ലെന്ന് പറയുന്ന നിരീശ്വരവാദിയും ഉണ്ടെന്ന് പറയുന്ന വിശ്വാസിയും തങ്ങളുടെ വിശ്വാസകാര്യത്തിൽ കുതിച്ചുചാട്ടം നടത്തുന്നു '–കാരണം രണ്ടും തെളിയിക്കാൻ കഴിയില്ല. വിശ്വാസം യുക്തിപരമല്ല. യുക്തി (വിവേചന ശക്തി) അവസാനിക്കുമ്പോൾ വിശ്വാസം തുടങ്ങുന്നു' എന്നും അദ്ദേഹം വാദിച്ചു.

നമുക്ക് ആളുകളെ അവരുടെ വിശ്വാസം പരിഗണിക്കാതെതന്നെ അവരെ ബഹുമാനിക്കുകയും പരിപാലിക്കുകയും ചെയ്യാം. അത് നമ്മുടെ ഉള്ളിൽ സ്നേഹവും സമാധാനവും വളർത്തുന്നതോടൊപ്പം മറ്റുള്ളവരും ആയി ബന്ധപ്പെടുവാനും കഴിയും.

അതായത് വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നത് പോലെ വിവേകത്തോടും ഏറ്റവും നല്ല രീതിയിലും ആളുകളെ ദൈവത്തിലേക്ക് വിളിക്കുക. അറബിക് പദമായ 'ഹുസ്ന്' എന്നതിന്റെ അർത്ഥം നല്ലതോ ആകർഷകമോ ആയ രീതി എന്നാണ്. മറ്റുള്ളവരോട് ദയാപൂർവ്വം സംസാരിക്കണമെന്ന് ഖുർആനിൽ പ്രതിപാദിച്ച സ്ഥലങ്ങളിലെല്ലാം ഈ പദമാണ് ഉപയോഗിച്ചത്. വിവേകത്തോടെയും ഏറ്റവും മികച്ചതും ദയയുള്ളതുമായ രീതിയിൽ മറ്റുള്ളവരോട് സംസാരിക്കാൻ ഖുർആൻ നമ്മോട് നിർദ്ദേശിക്കുന്നു.

നമ്മുടെ കടമ മറ്റുള്ളവരിലേക്ക് സന്ദേശങ്ങൾ കൈമാറുക, ബാക്കി കാര്യങ്ങൾ അല്ലാഹുവിന്റെ കരങ്ങളിലേക്ക് വിടുക എന്ന് വിശുദ്ധ ഖുർആൻ ഉദ്ഘോഷിക്കുന്നു. അല്ലാഹുവിലുള്ള ഈ വിശ്വാസം ഇല്ലാതെ ആത്മാർത്ഥമായും കരുതലോടെയും ഉള്ള ദൈവഭക്തിയുള്ള ആളുകളാണ് നാം എന്ന് എങ്ങനെ അവകാശപ്പെടാൻ കഴിയും? അതുകൊണ്ട് നല്ലൊരു വിജയം കൈവരിക്കാൻ നമ്മുടെ കരുതലും വിജ്ഞാനവും പ്രചരണവും പ്രാർത്ഥനയുമായി സംയോജിപ്പിക്കണം. ദൈവം വിശ്വാസികളുടെയും അവിശ്വാസികളുടെയും ഹൃദയങ്ങളെ സ്പർശിക്കുകയും എല്ലാവർക്കും ജ്ഞാനവും പരസ്പര ധാരണയും നൽകി നയിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അങ്ങനെയെങ്കിൽ ഒരുപക്ഷേ നമുക്ക് സ്നേഹനിധിയായ ദൈവത്തിന്റെ മക്കളായി പരസ്പരം തിരിച്ചറിയാൻ സാധിക്കും.

mta INTERNATIONAL
Reaching The Corners of The Earth
www.mta.tv

# ബ്രിട്ടൻ, ഇബ്നു സഊദ്, വഹാബിസം

**വഹ്ഹാബി– ഇബ്നു സഊദ് കുടുംബം മുസ്‌ലിം ലോകത്തോട് ചെയ്ത വഞ്ചനകളും അവരുടെ അവിശുദ്ധ ബ്രിട്ടീഷ് ബാന്ധവവും ലേഖകൻ തുറന്നു കാട്ടുന്നു. സഊദിയിൽ കിംഗ് അബ്ദുൾ അസീസ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായിരുന്നു ലേഖകൻ. കാലിഫോർണിയാ യൂണിവേഴ്സിറ്റിയടക്കം അമേരിക്കയിലെ നിരവധി യൂണിവേഴ്സിറ്റികളിൽ അധ്യാപകനായിരുന്നിട്ടുണ്ട്. അൽ മശ്‌രിക്ക് അൽ ആമിർ സെന്റർ ഫോർ കൾച്ചറൽ ഡവലപ്പ്മെന്റ് സ്റ്റഡീസും (റാമല്ല, അധിനിവിഷ്ഠ ഫലസ്തീൻ) ഫലസ്തീൻ റിസർച്ച് ആന്റ് പബ്ളിഷിംഗ് ഫൗണ്ടേഷനും (അമേരിക്ക) ചേർന്നു നടത്തുന്ന പ്രസിദ്ധീകരണമായ 'കനാൻ ഇലക്ട്രോണിക്ക് ബുള്ളറ്റിൻ' വന്ന (16 ജനു 2004) ലേഖനം.**

**ഡോ: അബ്ദുല്ലാ മുഹമ്മദ് സിന്ധി**

മുസ്‌ലിം വിഭാഗങ്ങളിൽ വച്ച് ഏറ്റവും പിന്തിരിപ്പനും സങ്കുചിതവുമായ കക്ഷികളിൽ പെട്ട ഒരു വിഭാഗമാണ് വഹാബി വിഭാഗം. വിശുദ്ധ ഖുർആനാണ് തങ്ങളുടെ ഭരണഘടനയെന്ന് പറയുന്ന സഊദി അറേബ്യയുടെ പ്രബലമായ ഔദ്യോഗിക ആശയമാണ് വഹാബിസം. വഹാബിസവും സഊദി അറേബ്യയും ജന്മം തൊട്ടേ പരസ്പരം ബന്ധിതമാണ്. വഹാബിസം സഊദി രാജഭരണത്തെ സൃഷ്ടിക്കുകയും സഊദി കുടുംബം വഹാബിസം പ്രചരിപ്പിക്കുകയും ചെയ്തു. ഒന്നിന് മറ്റൊന്നിനെ കൂടാതെ നിലനില്പില്ല. സഊദി കുടുംബത്തിന് അംഗീകാരം നല്കിയത് വഹാബിസമാണ്. പകരം വഹാബിസത്തിന്റെ സംരക്ഷണവും പ്രചാരണവും സഊദി ഭരണകൂടവും നിർവഹിക്കുന്നു. അതു കൊണ്ട് അവ രണ്ടും അവിഭാജ്യവും പരസ്പര ബന്ധിതവുമാണ്.

മറ്റു മുസ്‌ലിം രാജ്യങ്ങളിലേത് പോലെയല്ല സഊദി അറേബ്യ. അവർ സ്ത്രീകളെ മൂന്നാം കിട പൗരന്മാരായാണ് കരുതുന്നത്. അവരുടെ മേൽ നിർബന്ധപൂർവം നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നു. സ്വമേധയാ മുഖം മറക്കുന്നതിന് പകരം ചിലയിടങ്ങളിൽ മുഖം മറക്കാൻ സ്ത്രീകളെ നിർബന്ധിക്കുന്നു. അടിസ്ഥാന മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്നു. രാജ്യത്ത് സ്വതന്ത്രമായി സഞ്ചരിക്കാൻ അനുവദിക്കില്ല. സ്ത്രീകൾക്ക് കാർ ഡ്രൈവിങ്ങിനുള്ള ലൈസൻസ് നൽകാത്ത രാജ്യമാണ് സഊദി. കുറച്ച് വർഷങ്ങൾക്ക് മുമ്പ് വരെ സ്ത്രീകളെ ടി. വി യും റേഡിയോവും കേൾക്കാൻ സഊദി ഭരണകൂടം അനുവദിച്ചിരുന്നില്ല.

മറ്റു മുസ്‌ലിം രാജ്യങ്ങളിൽ നിന്ന് വിഭിന്നമായി മൗലൂദ്(നബി(സ) ജന്മദിനാഘോഷം) നിരോധിച്ച രാജ്യമാണ് സഊദി അറേബ്യ. അവിടെ മതസ്വാതന്ത്ര്യമില്ല. രാഷ്ട്രീയമായ അഭിപ്രായ പ്രകടനത്തെ എതിർക്കുന്നു. നിരന്തരമായി സഊദി ഭരണ നേതാക്കന്മാരെ അനുസരിക്കാൻ ഭരണകൂടം താക്കീത് ചെയ്തു കൊണ്ടിരിക്കുന്നു.

അവരാകട്ടെ, തെരഞ്ഞെടുക്കപ്പെട്ടവർ പോലുമല്ല. കലാ പ്രദർശനങ്ങൾ സഊദിയിൽ നിരോധിക്കുന്നു. പൊതു ജനങ്ങളെയും ബിസിനസ്സ് സ്ഥാപനങ്ങളെയും ആരാധനക്കായി നിർബന്ധിക്കുന്നു. ഇസ്‌ലാമിക നിയമമെന്ന പേരിൽ പൊതുജനങ്ങളെ കഠിനമായി ശിക്ഷിക്കുന്നു. തലവെട്ടൽ, കള്ളന്മാരുടെ കൈവെട്ടൽ എന്നീ കഠിനമായ ശിക്ഷാ സമ്പ്രദായങ്ങൾ നിർബാധം നടക്കുന്നു. അമുസ്‌ലിംങ്ങൾക്ക് സഊദി പൗരത്വം നൽകാറില്ല. 1960 വരെ അടിമത്തം അവിടെ നിലനിന്നിരുന്നു. വഹാബിസം പുകവലിക്കും പാട്ടിനും നൃത്തത്തിനും നിരോധനമേർപ്പെടുത്തിയിട്ടുണ്ട്. ധാർമികത പ്രചരിപ്പിക്കാനും തിന്മ തടയാനുമുള്ള കമ്മിറ്റി തങ്ങളുടെ മതപോലീസുമായി പൊതുജനത്തിനെതിരെ സദാ ജാഗരൂകരായി വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്.

വഹാബിസം എന്നത് ശിയാഇസം പോലെയോ സൂഫിസം പോലെയോ അല്ല. അത് തീവ്രമായി സ്വയം കേന്ദ്രിതവും കടുത്ത അസഹിഷ്ണുത പുലർത്തുന്ന ഒരു ഉല്പതിഷ്ണു പ്രസ്ഥാനമാണ്. അത് അറബ് ദേശീയതയെ വെറുക്കുന്നു. പക്ഷേ സഊദി ദേശീയതയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഏതൊരു ദേശീയവാദമാകട്ടെ അത് ഇസ്‌ലാമിക ഉമ്മത്ത് എന്ന സങ്കല്പത്തിന്റെ നിഷേധമാണ്. ഇസ്‌ലാമിലെ നേരായ മാർഗം തങ്ങളുടെ മതം മാത്രമാണെന്ന് വഹാബിസം കരുതുന്നു. അവരെ എതിർക്കുന്നവരെ അവിശ്വാസികളായും മതത്തിൽ പിഴച്ചവരായും അവർ കരുതുകയും ചെയ്യുന്നു.

### വഹാബിസത്തിന്റെ ജനനം

വഹാബിസം പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അറേബ്യൻ ഉപഭൂഖണ്ഡത്തിലെ നജ്ദ് പ്രവിശ്യയിലെ മദ്ധ്യഭാഗത്ത് ഉറങ്ങിക്കിടന്നിരുന്ന 'ദിരിയ്യാ' എന്ന ഗ്രാമത്തിലാണ് പിറന്നു വീണത്. വഹാബി വിഭാഗത്തിന് ആ പേര് ലഭിച്ചത് അതിന്റെ സ്ഥാപകനായ മുഹമ്മദിബ്നു അബ്ദിൽ വഹാബി

(1703–92)ന്റെ പേരിൽ നിന്നാണ്. നജ്ദ് പ്രവിശ്യയിലെ ഒരു മരുഭൂമി ഗ്രാമത്തിലാണ് അബ്ദുൽ വഹാബ് ജനിച്ചത്. 20-ാളം വിവാഹങ്ങൾ കഴിച്ച വഹാബ് ഒരേ സമയം നാല് ഭാര്യമാരെ വച്ചിരുന്നില്ല. ഈ വിവാഹങ്ങളിലെല്ലാമായി പതിനെട്ട് കുട്ടികളും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം തീവ്രമായ മതപ്രചാരകനായി തീരുന്നതിന് മുമ്പ് അബ്ദിൽ വഹാബ് വ്യാപകമായി വർഷങ്ങളോളം കച്ചവടാവശ്യങ്ങൾക്ക് വേണ്ടിയും വിനോദത്തിന് വേണ്ടിയും വിദ്യാഭ്യാസത്തിന് വേണ്ടിയും ഈജിപ്ത്, സിറിയ, ഇറാഖ്, ഇറാൻ ഇന്ത്യ എന്നിവിടങ്ങളിലേക്ക് നിരന്തരം സഞ്ചരിച്ചിരുന്നു.

മുഹമ്മദ് ബിനു അബ്ദിൽ വഹ്ഹാബ് വഹ്ഹാബിസത്തിന്റെ പിതാവ് എന്നാണ് അറിയപ്പെടുന്നത്. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ മനസ്സിൽ താൻ പിന്നീട് സ്വീകരിച്ച നവീന ആശയങ്ങൾ കുത്തിവച്ചത് ബ്രിട്ടീഷുകാരായിരുന്നു. കാരണം അവർക്ക് തങ്ങളുടെ ചില നിക്ഷിപ്ത താൽപര്യങ്ങൾ ഉണ്ടായിരുന്നു. ഉഥ്മാനിയാ ഖിലാഫത്തിനെ ഉന്മൂലനം ചെയ്യുകയും ഇസ്‌ലാമിനെ നശിപ്പിക്കുകയും ചെയ്യുകയുമായിരുന്നു അവരുടെ ലക്ഷ്യം. ഈ ബ്രിട്ടീഷ് ഗൂഢാലോചനയുടെ എല്ലാവശവും വിശദീകരിക്കുക എന്നത് ഈ ലേഖനത്തിന്റെ ഉദ്ദേശമല്ല. അതെല്ലാം അവരുടെ മുഖ്യചാരന്റെ **Confession of a British Spy** എന്ന ഓർമ്മക്കുറിപ്പിൽ കാണാം താഴെ കാണുന്ന രണ്ട് ഖണ്ഡികകളിലെ ഉള്ളടക്കം ആ പുസ്തകത്തിൽ നിന്നെടുത്ത രണ്ട് ഉദ്ധരണികളെ ആസ്പദമാക്കിയുള്ളതാണ്.[2]

ഇറാഖിലെ ബസറയിലായിരിക്കുമ്പോൾ ഇബ്നു അബ്ദിൽ വഹാബ് ഹംഫർ എന്ന് വിളിക്കപ്പെടുന്ന ബ്രിട്ടീഷ് ചാരന്റെ സ്വാധീനത്തിൽ വീണു. ഉഥ്മാനിയ്യാ സാമ്രാജ്യം തകർക്കാനുള്ള മുസ്‌ലിം രാജ്യങ്ങളിലേക്ക് ബ്രിട്ടീഷുകാരയച്ച നിരവധി ചാരന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഹംഫർ എന്ന വ്യാജ പേരിൽ അറിയപ്പെട്ട ബ്രിട്ടീഷ് ചാരൻ. അദ്ദേഹം 'മുഹമ്മദ്'എന്ന മുസ്‌ലിം നാമം സ്വീകരിക്കുകയും വളരെ സമർഥമായി മുഹമ്മദ് ബ്നു അബ്ദിൽ വഹാബുമായി അടുത്ത ബന്ധം സ്ഥാപിക്കുകയും ചെയ്തു, ഹംഫർ അബ്ദിൽ വഹ്ഹാബിന് പണവും സമ്മാനങ്ങളും വാരിക്കോരി നല്കുകയുണ്ടായി. മിക്ക മുസ്‌ലിംകളും അവർ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ അപകടകരമാംവിധം ലംഘിച്ച് അവിശ്വാസികളും ദൈവത്തിൽ പങ്കു ചേർക്കുന്നവരുമായി തീർന്നിരിക്കുന്നു. അതിനാൽ അവരിൽ മിക്കവരെയും കൊന്നൊടുക്കണമെന്ന് ധരിപ്പിച്ച ഹംഫർ വഹ്ഹാബിനെ മസ്തിഷ്ക പ്രക്ഷാളനം ചെയ്യുകയായിരുന്നു. ഹംഫർ താൻ കണ്ടെന്ന് പറഞ്ഞ ഒരു വ്യാജ സ്വപ്നം അബ്ദിൽ വഹാബിൽ കുത്തിവെക്കുകയുണ്ടായി. ഹംഫറിന്റെ ആ സ്വപ്നത്തിൽ പ്രവാചകൻ മുഹമ്മദ് നബി(സ) അബ്ദിൽ വഹാബിന്റെ രണ്ടു നയനങ്ങൾക്കിടയിൽ ചുംബിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു: 'താങ്കൾ വളരെ മഹാനാണ്. ഇസ്‌ലാമിനെ ദൈവത്തിൽ പങ്ക് ചേർക്കുന്നവരിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും രക്ഷിക്കാൻ വേണ്ടി താങ്കൾ എന്റെ അനുയായിയാവണം.' ഹംഫറിൽ നിന്നും ഈ സ്വപ്ന വിവരണം കേട്ടപ്പോൾ അബ്ദിൽ വഹ്ഹാബ് അത്യധികം ആനന്ദത്താൽ മതിമറന്നു. ഹംഫറിൽ നിന്നും ഇത് കേട്ടപ്പോൾ ഇസ്‌ലാമിനെ ശുദ്ധീകരിക്കാനും നവീകരിക്കാനുമുള്ള ഉത്തരവാദിത്ത്വമേറ്റെടുത്തു കൊണ്ട് ഒരു വിഭാഗത്തെ താൻ സംഘടിപ്പിക്കുമെന്ന ഉറച്ച തീരുമാനം അദ്ദേഹം എടുക്കുകയായിരുന്നു.

ഹംഫർ തന്റെ ഓർമ്മക്കുറിപ്പിൽ അബ്ദിൽ വഹ്ഹാബിനെക്കുറിച്ച് വിവരിക്കുന്നത് അദ്ദേഹം അത്യന്തം ചഞ്ചല ചിത്തനും പ്രാകൃതനും ധാർമികമായി അധപതിച്ചവനും നരമ്പ് രോഗിയും അഹങ്കാരിയും അജ്ഞാനിയുമായിരുന്നു. ബ്രിട്ടീഷുകാർ ഇബ്നു വഹ്ഹാബിനെ ഒരു പ്രത്യേക വിഢിയായിട്ടായിരുന്നു കണ്ടിരുന്നത്. രണ്ട് ചാരന്മാരായ ബ്രീട്ടീഷ് വനിതകളെ 'മുത്ത്അ വിവാഹം' (ലൈംഗികാവശ്യത്തിന്ന് വേണ്ടി മാത്രമായുള്ള താൽക്കാലിക വിവാഹം) ചെയ്യുകയുണ്ടായി. ഒന്നാമത്തെ സ്ത്രീ സഫിയ എന്ന് പേര് മാറ്റിയ ക്രിസ്ത്യൻ വനിതയായിരുന്നു. അവരാണ് ബസ്റയിലും ഇറാനിലെ ഇസ്ഫഹാനിയിലും വഹ്ഹാബിനോടൊപ്പം താമസിച്ചിരുന്നത്. മറ്റേ സ്ത്രീ ഇറാനിലെ ഷിറാസിൽ വെച്ച് വിവാഹം ചെയ്ത യഹൂദ സ്ത്രീയുമായിരുന്നു. അവർ ആസ്യ എന്ന പേരായിരുന്നു സ്വീകരിച്ചിരുന്നത്.

## ആദ്യത്തെ വഹ്ഹാബി രാഷ്ട്രം (1744–1818)

സുദീർഘമായ യാത്രകൾ മതിയാക്കി നജ്ദിലേക്ക് മടങ്ങിയ ഇബ്നു വഹ്ഹാബ് ഉയാനയിൽ വന്യമായ ആശയങ്ങൾ പ്രബോധിക്കാൻ തുടങ്ങി. തന്റെ സങ്കുചിതമായ ഈ പ്രബോധനം മൂലം അദ്ദേഹം ജന്മനാട്ടിൽ നിന്നും പുറത്താക്കപ്പെട്ടു. പിന്നീട് അടുത്തുള്ള ദിരിയ്യായിൽ കേന്ദ്രീകരിച്ചാണ് പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയത്. അവിടെ വച്ച് ഇബ്നു വഹ്ഹാബിന്റെ അടുത്ത സുഹൃത്ത് ഹംഫറും വേഷ പ്രഛന്നരായ ബ്രിട്ടീഷ് ചാരന്മാരും അദ്ദേഹത്തോടൊപ്പം ചേരുകയുണ്ടായി. പുരുഷന്മാരെ മുടികാട്ടി ആകർഷിക്കാതിരിക്കാൻ സ്ത്രീകൾ അവരുടെ തല മൊട്ടയടിക്കണമെന്ന് വഹ്ഹാബ് കല്പന യിറക്കി.[3] അവിടെ പ്രാദേശികമായ ഒരു വേശ്യയെ യാതൊരു ദയാദാക്ഷിണ്യവും കൂടാതെ വലിയ കല്ല് കൊണ്ട് എറിഞ്ഞുകൊന്നു.[5]

ഇസ്‌ലാമിക നിയമ പ്രകാരം ചെറിയ കല്ല് കൊണ്ടാണ് എറിയേണ്ടത്. അത് തന്നെ യഥാർഥത്തിൽ കൊല്ലണമെന്ന ഉദ്ദേശത്തോടെയല്ല ഏറിയാൻ വിധിച്ചിട്ടുള്ളത് എന്ന് മുസ്‌ലിം പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വിയോജിപ്പുണ്ട്. ഇബ്നു വഹ്ഹാബിന്റെ ആശയങ്ങളെ അദ്ദേഹത്തിന്റെ പിതാവും സഹോദരൻ സുലൈമാനും എതിർക്കുകയുണ്ടായി. അവർ ഇരുവരും മത പണ്ഡിതന്മാരായിരുന്നു. ബ്രിട്ടീഷ് ചാരന്മാർ തങ്ങളുടെ ധന സ്വാധീനം കൊണ്ട് യാതൊരു പ്രാധാന്യവുമില്ലാത്ത ദിരിയ്യായിലെ ഒരു ചെറിയ ശൈഖായിരുന്ന മുഹമ്മദ് അൽ സഊദിനെ സ്വാധീനിക്കുകയും ഇബ്നു വഹ്ഹാബിനെ പിന്തുണക്കാൻ ആവശ്യപ്പെടുകയും ചെയ്തു.[5] ഇബ്നു സഊദ് 1744ൽ അബ്ദിൽ വഹ്ഹാബുമായി രാഷ്ട്രീയവും മതപരവും സൈനികവുമായ ഒരു അവിശുദ്ധ സഖ്യമുണ്ടാക്കി. അവരുടെ പരസ്പരമുള്ള ഈ കൂട്ടു സംരംഭത്തിൽ അൽ സഊദിന്റെ കുടുംബത്തലവൻ വഹ്ഹാബി ഇമാമായി അവരോധിതനാവുകയും ഇബ്നു വഹ്ഹാബിന്റെ കുടുംബം മതപരമായ വ്യാഖ്യാനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു.

മത വൈജ്ഞാനികപരമായ സംവാദത്തിലൂടെയോ ഉദ്ബോധനങ്ങളിലൂടെയോ അല്ലാത്ത വെറും രക്തച്ചൊരിച്ചിലും കലാപവും ഭീകര പ്രവർത്തനവും മുഖേനയാണ് വഹ്ഹാബിസം അറേബ്യൻ ഉപഭൂഖണ്ഡത്തിൽ പ്രചരിച്ചത്. 1744 ലെ ഇബ്നു സഊദ് /വഹ്ഹാബി സഖ്യത്തിന്റെ ഫലമായി ഒരു ചെറിയ ബദവി പട്ടാളം രൂപിക്കരിക്കപ്പെട്ടു. ബ്രിട്ടീഷ് ചാരന്മാരുടെ പൂർണ സഹായവും അവർക്കുണ്ടായിരുന്നു. പണവും ആയുധവും ബ്രിട്ടീഷുകാരായിരുന്നു അവർക്ക് നല്കിയിരുന്നത്.[6] ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ പട്ടാളം അറേബ്യൻ ഉപഭൂഖണ്ഡത്തിൽ വലിയൊരു വിപത്തായി മാറി. ഡമാസ്ക്കസ് വരെ മുഴുവൻ അറേബ്യയും ഭീകരതയുടെ കൂത്തരങ്ങായി മാറി. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും വലിയ കുഴപ്പങ്ങളിലൊന്നാ(ഫിത്ന)യിരുന്നു ഇത്. ഈ പട്ടാളത്തിന് അറേബ്യ മുഴുവൻ കീഴടക്കി ഏളുപ്പത്തിൽ ഒരു വഹ്ഹാബി രാഷ്ട്രം സ്ഥാപിക്കാൻ കഴിഞ്ഞു.

മുസ്‌ലികൾ ശിർക്ക് (ദൈവത്തിൽ പങ്കു ചേർക്കൽ) ചെയ്യുന്നവരാണെന്ന് പറഞ്ഞു കൊണ്ട് സഊദി- വഹ്ഹാബികൾ യുദ്ധം ചെയ്ത് മുഴുവൻ മുസ്‌ലിം ലോകത്തെയും ഞെട്ടിപ്പിച്ചു. 1801 ൽ ശിയാക്കളുടെ പവിത്ര സ്ഥലവും പ്രവാചകന്റെ പ്രിയപ്പെട്ട പൗത്രൻ ശഹീദ് ഹുസൈനിബ്നു അലി(റ) യുടെ കർബലയിലെ പരിശുദ്ധ മഖ്ബറ നശിപ്പിക്കുകയും അതിനെ അപമാനിക്കുകയും ചെയ്തു. കർബലയിൽ അവർ 4000 ആളുകളെ നിർദയം വധിക്കുകയുണ്ടായി. കൈയിൽ കിട്ടിയതെല്ലാം സഊദി വഹ്ഹാബികൾ കട്ടു കൊണ്ടു പോകുകയും 4000 ഒട്ടകങ്ങളെയും കൊള്ളയടിക്കുകയും ചെയ്തു.[7] വീണ്ടും 1810 ൽ അവർ അറേബ്യൻ പെനിൻസുലയിലെ നിരപരാധികളായ നിരവധിപേരെ കൊന്നൊടുക്കി. നിരവധി ഹജ്ജ് യാത്രികരെയും കച്ചവട സംഘങ്ങളെയും മക്കയും മദീനയുമടക്കം ഹിജാസിലെ ചില വലിയ പട്ടണങ്ങളും അവർ കൊള്ളയടിക്കുകയും ചെയ്തു.

മക്കയിൽ ഹജ്ജ് യാത്രികർക്കെതിരെയാണ് അവർ തിരിഞ്ഞത്. മദീനയിൽ അവർ പരിശുദ്ധ പ്രവാചകന്റെ കബറിടം പങ്കിലമാക്കുകയും വിശുദ്ധ റൗള തുറന്ന് അതിലുള്ള വളരെ വില പിടിപ്പുള്ള രത്നങ്ങളും സ്വർണങ്ങളും എടുത്ത് വിൽക്കുകയും വിതരണം ചെയ്യുകയും ചെയ്തു.

ഈ വഹ്ഹാബി സഊദി ഭീകര പ്രവർത്തനവും മതനിന്ദാപരമായ ചെയ്തികളും ഇസ്താംബൂളിലെ ഉഥ്മാനിയ്യാ ഖലീഫയടക്കം മുസ്‌ലിം ലോകത്ത് നിന്നും തീവ്രമായ ജനരോഷം ഉയർത്തി. ഇസ്‌ലാമിലെ വിശുദ്ധ ദേവാലയങ്ങളുടെ സംരക്ഷകൻ എന്ന നിലയിലും അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ ഔദ്യേഗിക ഭരണാധികാരി എന്ന നിലയിലും ഖലീഫാ മഹ്മൂദ് രണ്ടാമൻ സഊദി-വഹാബി പരിഷകളെ ശിക്ഷിക്കാൻ ഈജിപ്ഷ്യൻ ഭരണാധികാരിയുടെ മകൻ ഇബ്റാഹിം പാഷയുടെ നേതൃത്വത്തിൽ 1818 ൽ ഒരു ഈജിപ്ഷ്യൻ സൈന്യത്തെ അയക്കുകയുണ്ടായി. അദ്ദേഹം സഊദി-വഹ്ഹാബിയ്യത്തിനെ നിലം പരിശാക്കുകയും അവരുടെ ദിരിയ്യായിലെ തലസ്ഥാനം മരുഭൂമിയിൽ കുഴിച്ചുമൂടുകയും ചെയ്തു. വഹ്ഹാബി ഇമാം അബ്ദുല്ലാഹ് അൽ സഊദിനെയും രണ്ട് അനുയായികളെയും ചങ്ങലകളിൽ ബന്ധിച്ച് ഉഥ്മാനിയ്യാ ഖിലാഫത്തിന്റെ തലസ്ഥാനമായ ഇസ്താംബൂളിലേക്ക് കൊണ്ടു വരികയും അവിടെ പൊതുജനമദ്ധ്യത്തിൽ വച്ച് തല വെട്ടിക്കൊല്ലുകയും ചെയ്തു. ബാക്കി വരുന്ന സഊദി-വഹ്ഹാബികളെ കൈറോവിൽ ജയിലിലടക്കുകയും ചെയ്തു.

### രണ്ടാം വഹാബി–സഊദി രാഷ്ട്രം 1843–1891

1818 ൽ മതഭ്രാന്തന്മാരും കലാപകാരികളുമായ സഊദി-വഹ്ഹാബികളെ തുർക്കി ഖിലാഫത്ത് നശിപ്പിച്ചെങ്കിലും ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ സഹായത്തോടെ അവർ വീണ്ടും ഉയർത്തെഴുന്നേറ്റു. തുർക്കിയിൽ വച്ച് അബ്ദുല്ലാഹ് അൽ സഊദിനെ വധിച്ചശേഷം ബാക്കിയായ വഹ്ഹാബികൾ അവരുടെ അറബ് മുസ്‌ലിം സഹോദരന്മാരെ ശത്രുക്കളായും ബ്രിട്ടീഷ് പാശ്ചാത്യരെ അവരുടെ യഥാർഥ മിത്രങ്ങളായും കണ്ടു. തുടർന്ന് ബ്രിട്ടൻ 1820 ൽ ബഹ്റൈൻ കോളനിയാക്കി. പിന്നീട് ബ്രിട്ടൻ

അവരുടെ കോളനികൾ വിസ്തൃതമാക്കി. ഇബ്നു സഊദിന്റെ വഹ്ഹാബി കുടുംബം ഇതൊരു അവസരമായി കരുതി സഹായവും സംരക്ഷണവും തേടി ബ്രിട്ടീഷുകാരെ സമീപിച്ചു.

1843 ൽ വഹ്ഹാബി ഇമാം ഫൈസൽ ഇബ്നു തുർക്കി അൽ സഊദ് കൈറോവിലെ തടങ്കൽ പാളയത്തിൽ നിന്നും രക്ഷപ്പെട്ട് നജ്ദ് പട്ടണമായ റിയാദിൽ വന്നു. പിന്നീട് ഇമാം ഫൈസൽ ബ്രിട്ടീഷുകാരുമായി നിരന്തരം ബന്ധപ്പെട്ടു. 1848 ൽ ബുഷീർ എന്ന പേർഷ്യൻ പട്ടണത്തിലെ ബ്രിട്ടീഷ് പൊളിറ്റിക്കൽ റസിഡന്റിനെ പോയിക്കാണുകയും ട്രൂഷ്യൽ ഒമാനിലെ തന്റെ പ്രാതിനിധ്യം അംഗീകരിക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. 1851 ൽ ഫൈസൽ ബ്രിട്ടീഷുകാരോട് സഹായവും സംരക്ഷണവും ആവശ്യപ്പെട്ടു.[8] അതിന്റെ ഫലമായി 1865 ൽ ഇബ്നു സഊദിന്റെ കുടുംബവുമായി ഒരു ഔദ്യോഗിക കരാറുണ്ടാക്കുവാൻ കേണേൽ ലൂയീസ് പെല്ലിയെ റിയാദിലേക്കയച്ചു. ഇബ്നു സഊദിന്റെ വഹ്ഹാബി മതഭ്രാന്തും ഭീകരതയും പെല്ലിയെ ഹഠാദാകർഷിച്ചു. ഇമാം ഫൈസൽ അവരോട് പറഞ്ഞത് രാഷ്ട്രീയ യുദ്ധവും മതയുദ്ധവും തമ്മിലുള്ള വ്യത്യാസം രണ്ടാമത് പറഞ്ഞതിൽ അതായത് മതയുദ്ധത്തിൽ ഞങ്ങൾക്ക് ആരെ കൊല്ലുന്നതിലും യാതൊരു വീട്ടുവീഴ്ച്ചയുമുണ്ടാകില്ല. എന്നാണ്.

1866 ൽ ഈബ്നു സഊദിന്റെ വഹ്ഹാബി കുടുബം വഞ്ചനാപരമായി ബ്രിട്ടണുമായി ഒരു സൗഹൃദക്കരാർ ഒപ്പു വച്ചു. മുസ്‌ലിം ലോകത്ത് അവർ കാട്ടിക്കൂട്ടിയ കോളോണിയൽ മർദനങ്ങൾ കാരണം മുസ്‌ലിം ലോകം ബ്രിട്ടീഷുകാരെ വെറുത്തിരുന്നു. അറേബ്യൻ ഗൾഫിലെ മറ്റ് രാജ്യങ്ങളിലെ പാവ ഭരണകൂടങ്ങളുമായി ഇത്തരത്തിൽ യാതൊരു വിധ തത്ത്വദീക്ഷയുമില്ലാത്ത കുപ്രസിദ്ധമായ കരാറുകളായിരുന്നു ഒപ്പുവെച്ചത്. ബ്രിട്ടീഷുകാരെ സഹായിക്കുന്നതിന് പകരമായി പണവും ആയുധങ്ങളും ഇബ്നു സഊദിന്റെ കുടംബത്തിന്ന് തരാമെന്ന് ബ്രിട്ടീഷ് കോളോണിയൽ യജമാനന്മാരും പറഞ്ഞു.

ഇസ്‌ലാമിന്റെയും അറബികളുടെയും ശത്രുവായ ബ്രിട്ടീഷുകാരുമായി ഇബ്നു സഊദിന്റെ കുടുംബവുമായുണ്ടാക്കിയ ഈ വഞ്ചനാ പൂർണമായ ബാന്ധവം അറേബ്യൻ ഉപഭൂഖണ്ഡത്തിൽ അകത്തും പുറത്തും അറബികൾക്കിടയിലും മുസ്‌ലിംകൾക്കിടയിലും വമ്പിച്ച എതിർപ്പ് ക്ഷണിച്ചു വരുത്തി. ഇബ്നു സഊദ് കുടുംബത്തോട് ഏറ്റവും പകയുണ്ടായിരുന്നത് മദ്ധ്യ അറേബ്യയിലെ ഹൈലിൽ താമസിച്ചിരുന്ന രണശൂരരും ആത്മാഭിമാനികളുമായ അൽ റഷീദ് ഗോത്രത്തിനായിരുന്നു. 1891 ൽ തുർക്കി ഖിലാഫത്തിന്റെ സഹായത്തോടെ അൽ റഷീദ് റിയാദ് ആക്രമിക്കുകയും സഊദി-വഹാബി കുടുംബങ്ങളെ നശിപ്പിക്കുകയും ചെയ്തു. പക്ഷേ എങ്ങനെയോ ഇബ്നു സഊദിന്റെ കുടുംബാംഗങ്ങളിൽ ചിലർ രക്ഷപ്പെട്ടു. അതിൽ ഇമാം അബ്ദുർറഹ്മാൻ അൽ സഊദും അദ്ദേഹത്തിന്റെ ബാലനായ മകൻ അബ്ദുൽ അസീസും ഉണ്ടായിരുന്നു. അവരിരുവരും ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്ന കുവൈത്തിലേക്ക് അഭയവും സഹായയവും തേടി പോയി.

## മൂന്നാം സഊദി-വഹാബി രാഷ്ട്രം (സഊദി അറേബ്യ)1902

കുവൈത്തിൽ തങ്ങളുടെ ബ്രിട്ടീഷ് യജമാന്മാരോട് റിയാദ് പിടിച്ചടക്കാൻ പണത്തിനും ആയുധത്തിനും വഹ്ഹാബി ഇമാം അബ്ദുർറഹ്മാനും അദ്ദേഹത്തിന്റെ മകൻ അബ്ദുൽ അസീസും നിരന്തരം അഭ്യർഥിച്ചു കൊണ്ടിരുന്നു. 1800 അവസാനമാവുമ്പോഴേക്കും വൃദ്ധനും രോഗിയുമായ അബ്ദുർറഹ്മാൻ ഇബ്നു സഊദിന്റെ നേതൃത്വം മകനായ അബ്ദുൽ അസീസിന് കൈമാറാൻ നിർബന്ധിതനായി. അന്നു മുതൽ അബ്ദുൽ അസീസ് പുതിയ ഇമാമായി അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ബിട്ടന്റെ കൊളോണിയൽ തന്ത്രങ്ങളുടെ ഭാഗമായി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ മുസ്‌ലിംകളുടെ ഉസ്മാനിയ്യാ സാമ്രാജ്യത്തിനും നജ്ദിലെ അവരുടെ സഖ്യകക്ഷിയായ അൽ റഷീദ് ഗോത്രത്തിന്റെയും സമ്പൂർണ തകർച്ചക്ക് ആക്കംകൂടി. ബ്രിട്ടീഷുകാർ വേഗത്തിൽ തന്നെ പുതിയ വഹ്ഹാബി ഇമാം അബ്ദുൽ അസീസിന് പിന്തുണ നല്കി. ബ്രിട്ടീഷ്കാർ അവരുടെ പണവും ആയുധങ്ങളും ഉപയോഗിച്ചു കൊണ്ട് അബ്ദുൽ അസീസ് 1902 ൽ റിയാദ് കീഴടക്കി. റിയാദ് കീഴടക്കിയതിന്ന് ശേഷം അദ്ദേഹം ചെയ്ത കിരാത കൃത്യം അൽ റഷീദിന്റെ വൃദ്ധനായ ഭരണത്തലവന്റെ വധമായിരുന്നു. അബ്ദുൽ അസീസും അദ്ദേഹത്തിന്റെ മത ഭ്രാന്തരായ അനുയായികളും ചേർന്ന് ആയിരത്തി ഇരുന്നൂറോളം പേരെ ചുട്ടു കൊല്ലുകയും ചെയ്തു.[10]

പാശ്ചാത്യ ദേശത്ത് ഇബ്നു സഊദ് എന്നറിയപ്പെട്ടിരുന്ന വഹ്ഹാബി ഇമാം അബ്ദുൽ അസീസിനെ അദ്ദേഹത്തിന്റെ ബ്രിട്ടീഷ് യജമാനന്മാർ വളരെ സ്നേഹിച്ചു. ധാരാളം ബ്രിട്ടീഷ് നയതന്ത്രജ്ഞന്മാരും ഉദ്യോഗസ്ഥന്മാരും അറബ് ഗൾഫ് പ്രദേശത്ത് വന്ന് അബ്ദുൽ അസീസുമായി നിരന്തരം സമ്പർക്കം പുലർത്തി പോന്നു. അവർക്ക് നിർലോഭം പണവും ആയുധങ്ങളും ഉപദേശങ്ങളും ബ്രിട്ടീഷുകാർ നല്കി. സരർ പെഗ്സി കോക്സ്, ക്യാപ്റ്റൻ പ്രിഡ്യൂക്സ്, ക്യാപ്റ്റൻ ഷേക്സ്പിയർ, ജെർറ്റൂഡ് ബെൽ, ഹാരി സെയ്ന്റ് ജോണ് പിൽബി (അബ്ദുല്ല എന്ന വ്യാജ പേർ) മുതലായ ബ്രിട്ടീഷ് ഓഫീസർമാർ സദാ സമയവും ഇമാം അബ്ദുൽ അസീസിന് സർവ്വ വി

ധസഹായങ്ങളും നൽകാനായി സദാ വലയം ചെയ്തു നിന്നിരുന്നു. ബ്രിട്ടീഷുകാരുടെ പണവും ആയുധവും ഉപദേശവും ലഭിച്ച അബ്ദുൽ അസീസ് ക്രമേണ ഏത് നെറികെട്ട മാർഗവും അവലംബിച്ച് വഹാബിസത്തിന്റെ ബാനറിൽ അറേബ്യൻ ഉപഭൂഖണ്ഡം മുഴുവൻ പിടിച്ചടക്കുകയായിരുന്നു. അങ്ങനെ ഇന്ന് 'സഊദി അറേബ്യ' എന്ന് വിളിക്കപ്പെടുന്ന മൂന്നാം സഊദി - വഹ്ഹാബി രാഷ്ട്രം രൂപം കൊണ്ടു.

ഇസ്‌ലാമിന്റെ പുണ്യദേശമായ ഹിജാസിൽ സഊദി അറേബ്യ എന്ന വഹ്ഹാബി രാഷ്ട്രം സൃഷ്ടിക്കാൻ വഹ്ഹാബി ഇമാം കൂട്ടക്കൊലകൾ നടത്തുകയും റസൂൽ തിരുമേനി(സ)യുടെ നേരിട്ടുള്ള സന്താന പരമ്പരകളിൽപെട്ട മക്ക ഭരണാധികാരി ശരീഫിനെ ക്രൂരമായി പുറത്താക്കുകയും ചെയ്തു. 1919 മെയ് മാസത്തിൽ തുറാബാനിൽ വെച്ച് ഒരു ഒളിയുദ്ധത്തിലൂടെ ഹിജാസ് സൈന്യത്തിലെ 6000 ത്തിലധികം ആളുകളെ വധിച്ചുകളയുകയുണ്ടായി. 1924 ൽ മതഭ്രാന്തരായ സഊദി വഹ്ഹാബികൾ തായിഫിലെ ഹിജാസ് നഗരത്തിൽ ജനങ്ങളുടെ വസതികൾ അതി ക്രൂരമായി അക്രമിക്കുകയും അവരെ ഭീഷണിപ്പെടുത്തുകയും തോക്കു ചൂണ്ടി അവരുടെ ധനം മുഴുവൻ കൊള്ളയടിച്ചു കൊണ്ടുപോകുകയും ചെയ്തു. വൃദ്ധന്മാരുടെയും ആൺകുട്ടികളെയും ശിരച്ഛേദം നടത്തി, കരഞ്ഞ് നിലവിളിച്ചോടുന്ന സ്ത്രീകളെ നോക്കി വിനോദിക്കുകയും ചെയ്തു. തായിഫിലെ നിരവധി സ്ത്രീകൾ പിന്നാലെ നടക്കാനിരിക്കുന്ന സഊദി വഹ്ഹാബി സൈന്യത്തിന്റെ ബലാൽസംഘത്തിനും കൂട്ടക്കൊലയിൽ നിന്നും രക്ഷപ്പെടാൻ അവരുടെ കിണറുകളിൽ ഒളിഞ്ഞിരിക്കുകയുണ്ടായി. പള്ളിയിൽ പ്രാർഥനയിൽ മുഴുകിരിക്കെ നിരവധി ഇമാമുകളെ സഊദി വഹ്ഹാബികൾ കൊന്നൊടുക്കി. തായിഫിലെ മിക്ക കെട്ടിടങ്ങളും അഗ്നിക്കിരയാക്കി. തെരുവിൽ കണ്ട് നിരധി ആളുകളെ അവർ യാതൊരു വിവേചനവുമില്ലാതെ കൊന്നൊടുക്കി. ഇളക്കി കൊണ്ടു പോകാൻ കഴിയുന്ന സകലതും അവർ കൊള്ള ചെയ്തു കൊണ്ടു പോയി. തായിഫിന്റെ തെരുവിൽ നാന്നൂറിലധികം പേർ ഉടൻ തന്നെ കശാപ്പ് ചെയ്യപ്പെട്ടു.[11]

വിജയോന്മാദത്തോടെ സഊദി വഹ്ഹാബികൾ വിശുദ്ധ നഗരത്തിൽ പ്രവേശിച്ചപ്പോൾ പേടിച്ചരണ്ട മക്കാ നിവാസികൾ വീടുകൾക്കുള്ളിൽ ഒളിച്ചിരിക്കുന്നതായി അവർ കണ്ടു. തെരുവുകൾ ജനശൂന്യമായിരുന്നു. ജനലുകളും വാതിലുകളും ഭദ്രമായി മക്കാ നിവാസികൾ അടച്ചുപൂട്ടി. സഊദി-വഹ്ഹാബികൾ കിരാതമായ രീതിയിൽ അവരുടെ വീടുകൾ തല്ലി തകർത്തു. പിശാചിന്റെ ഉപകരണങ്ങളാണെന്ന് അവർ കരുതിയിരുന്ന എല്ലാ സംഗീതോപകരണങ്ങളും ഗ്രാമഫോൺ റിക്കാർഡുകളും, റിക്കാർഡ് പ്ലെയറുകളും, റേഡിയോ, സിഗരറ്റ്, പുകയില പൈപ്പുകൾ, ചിത്രങ്ങൾ, കണ്ണാടികൾ മുതലായവ നശിപ്പിച്ചു. പ്രാകൃതരായ ഈ അക്രമികൾ മക്കക്കാരുടെ വീടുകളുടെ മരം കൊണ്ടുണ്ടാക്കിയ ചട്ടക്കുടെല്ലാം പാചകം ചെയ്യാനുള്ള വിറകായി ഉപയോഗിച്ചു. ദൈവത്തിന്റെ പട്ടാളക്കാരായ വഹ്ഹാബികൾ പാശ്ചാത്യ വസ്ത്രങ്ങൾ, സ്വർണം സുഗന്ധ ദ്രവ്യങ്ങൾ പട്ട് വസ്ത്രങ്ങൾ മുതലായവയെല്ലാം നശിപ്പിച്ചു. മിക്കവാറും എല്ലാ ഖബർസ്ഥാനുകളുടെ പവിത്രതയേയും അവർ നശിപ്പിച്ചു. നൂറ്റാണ്ടുകളോളമായി ഇസ്‌ലാമിക ചരിത്രത്തിലെ സുവർണ മുദ്രകളുടെ അടയാളമായി നിന്നിരുന്ന വിശുദ്ധ നഗരമായ മക്കയിലെ മനോഹരമായ കുംഭഗോപുരങ്ങളും പള്ളികളും മറ്റു പവിത്ര സ്ഥാപനങ്ങളിലുമുള്ള അലങ്കാരപ്പണികളും അടിച്ചു തകർത്തു. മാത്രമല്ല അജ്ഞാനികളും പ്രാകൃതരുമായ വഹ്ഹാബി അക്രമികൾ മുഹമ്മദ് നബി(സ)യുടെ ഭൗതിക സ്മരണകളുയർത്തുന്ന തിരുശേഷിപ്പുകളും സ്ഥലങ്ങളും മറ്റെല്ലാ ഭൗതികസ്മാരകങ്ങളും കെട്ടിടങ്ങളും പൈശാചികമായ ആവേശത്തോടെ തച്ചു തകർത്തു. റസൂൽ തിരുമേനി(സ)യുടെ അനുയായികൾ അത് ആരാധിച്ചുകളയുമെന്ന് പറഞ്ഞാണ് ഈ സ്മാരക നശീകരണങ്ങളെല്ലാം അവർ നടത്തിയത്.[12]

ഇത് കൂടാതെ ഇമാം അബ്ദുൽ അസീസിന്റെ വഹ്ഹാബി പട്ടാളം ഇസ്‌ലാമിലെ രണ്ടാമത്തെ വിശുദ്ധ നഗരമായ മദീന പട്ടണത്തിലും ബോംബ് വർഷിച്ചു കൊണ്ട് നാശം വിതച്ചു. ലോക മുസ്‌ലിംകളെ ഭീതിപ്പെടുത്താൻ അവർ മദീനയിൽ വിളയാടിയത്. മുഹമ്മദ് നബി(സ) പരിശുദ്ധ ഖബറിടത്തിന് ഇതുമൂലം സാരമായ കേടുപാടുകൾ പറ്റുകയും ചെയ്തു. തീവ്രവാദികളായ സഊദി വഹ്ഹാബി സൈന്യം ഒരു വർഷത്തോളം തുറമുഖ നഗരമായ ജിദ്ദ ഉപരോധിച്ചു. അവരെ പട്ടിണിക്കിട്ടു. അതിന്റെ ഫലമായി കുടിവെള്ളം കിട്ടാതെ ജിദ്ദാ നഗരം വലഞ്ഞു. ജിദ്ദയിലെ പാവപ്പെട്ടവർ പട്ടണത്തിലെ കുപ്പകൂനക്കുള്ളിൽ ഭക്ഷണം തിരഞ്ഞു ദിവസങ്ങളോളം നരകയാതന അനുഭവിച്ചു. ഒട്ടകത്തിന്റെ തീറ്റക്കായി കരുതി വച്ച ദഹിക്കാത്ത ധാന്യങ്ങൾ വരെ അവരിൽ പലരുടെയും ഭക്ഷണമായിരുന്നു. മദീനയിൽ നിർബാധം ബോംബിട്ട് തകർത്തതിനു ശേഷമാണ് അജ്ഞാനികളായ സഊദി വഹ്ഹാബി കലാപകാരികൾ ജിദ്ദയിലേക്ക് പ്രവേശിച്ചത്. ഉടൻ തന്നെ ടെലിഫോൺ ലൈനുകളും റേഡിയോ സ്റ്റേഷനുകളും ആധുനിക ജീവിതത്തിന്റെ എല്ലാ ചിഹ്നങ്ങളും നശിപ്പിക്കുകയായിരുന്നു. ഇതെല്ലാം പിശാചിന്റെ പ്രവർത്തനോപാധികളാണെന്നായിരുന്നു വഹ്ഹാബികളുടെ ന്യായം.

മതഭ്രാന്തരായ സൗദി വഹ്ഹാബികളുടെ മുപ്പത് വർഷത്തെ (1902–1932 വരെയുള്ള) കിരാത ഭരണത്തിനു കീഴിൽ അറേബ്യൻ ഉപഭൂഖണ്ഡത്തിലാകെ 400,000 ഓളം അറബികൾ വധിക്കപ്പെടുകയും പരിക്കേൽപ്പിക്കപ്പെടുകയും ചെയ്തു. 40,000 പൊതു വധശിക്ഷ നടപ്പാക്കി. 350,000 ത്തോളം പൊതു അവയവഛേദനം നടത്തി. യഥാക്രമം അക്കാലത്തെ 4 ദശ ലക്ഷം പൗരന്മാരിൽ 1 % വും 7 % ജനതയും ഈ ശിക്ഷകൾക്ക് വിധേയരായി.[13] ഇതില്ലൊം പുറമെ സൗദി വഹ്ഹാബി ഭരണകൂട ഭീകരതയിൽ നിന്നും രക്ഷപ്പെടാൻ അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ജീവിച്ചിരുന്ന ഒരു ദശലക്ഷത്തിലധികം അറബി പൗരന്മാർ അവരുടെ ജീവരക്ഷാർഥം അറേബ്യ വിട്ടു പോയി അവരൊരിക്കലും പിന്നീട് സൗദി അറേബ്യയിലേക്ക് തിരിച്ചു വന്നിട്ടില്ല.[14]

ഒരു നൂറ്റാണ്ടു മുമ്പ് സൗദി-വഹ്ഹാബി കലാപകാരികൾ ഹിജാസിലെ വിശുദ്ധനഗരങ്ങളിൽ കാട്ടിക്കൂട്ടിയ ക്രൂരതയുടെ പേരിൽ അവരെ ശിക്ഷിക്കാൻ ഉഥ്മാനിയാ ഖലീഫയുടെ നേതൃത്വത്തിൽ ഈജിപ്തിലെ ഇബ്രാഹിം പാഷയുടെ നേതൃത്തിൽ സൈന്യത്തെ അയച്ചിരുന്നു. എന്നാൽ പിന്നീട് മുസ്‌ലിം ലോകം ദയനീയമാം വിധം പശ്ചാത്യ കൊളോണിയൽ ശക്തികൾക്ക് വിധേയപ്പെടുകയാണുണ്ടായത്. അതിന്റെ ഫലമായി മത തീവ്രവാദികളായ സൗദി-വഹ്ഹാബികൾ സസുഖം ബ്രിട്ടീഷ് സംരക്ഷണത്തിൽ സൗഹൃദത്തിലും കഴിയുകയാണ്.

അവരുടെ ബ്രിട്ടീഷ് നിർമ്മിത വഹ്ഹാബി രാഷ്ട്രം സ്ഥാപിച്ചതിന്ന് ശേഷം അബ്ദുൽ അസീസ് ഒരു ഏകാധിപതിയെ പോലെ പെരുമാറുകയുണ്ടായി. അദ്ദേഹം വ്യക്തിപരമായി സർവ്വതിന്റെയും നിയന്ത്രണമേറ്റെടുത്തു. ഹിജാസിലെ സ്വതന്ത്ര പത്രപ്രവർത്തനവും ഭരണഘടനയും ഗവൺമെന്റിലെ എല്ലാ ഓഫീസുകളും അദ്ദേഹം നിരോധിച്ചു. അതിനു ശേഷം വഹ്ഹാബി ഇമാം തന്റെ കുടുംബ നാമത്തിൽ കിംഗ്ഡം ഓഫ് സൗദി അറേബ്യ എന്ന് രാജ്യത്തിന് മൊത്തം നാമകരണം ചെയ്തു.



**ഫൈസൽ രാജാവ്**

അബ്ദുൽ അസീസ് ഒരു ഏകാധിപതിയാണെന്നതിന് പുറമെ തന്റെ അദമ്യമായ ലൈംഗിക തീഷ്ണതയുടെ പേരിലും വിവാദ പുരുഷനായാണ് അറിയപ്പെടുന്നത്. നിരവധി വെപ്പാട്ടികൾക്ക് പുറമെ 30 ലധികം ഭാര്യമാർ അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു കണക്ക് പ്രകാരം അദ്ദേഹത്തിന് 125 കുട്ടികൾ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. കൃത്യമായി ആർക്കും കണക്കറിയില്ല. മാത്രമല്ല ഇമാം അബ്ദുൽ അസീസ് രാജാവ് അടിമത്തം പ്രോത്സാഹിപ്പിച്ചിരുന്നു. അദ്ദേഹത്തിന്നും അദ്ദേഹത്തിന്റെ കുടുംബങ്ങൾക്കും നൂറുക്കണക്കിന് അടിമകളുണ്ടായിരുന്നു. അവസാനം നിർബന്ധത്തിന് വഴങ്ങിക്കൊണ്ട് 1962 ലാണ് സൗദി അടിമത്തം നിർത്തലാക്കിയത്. വഹ്ഹാബിസം നേരിട്ട മറ്റൊരു അന്താരാഷ്ട്രാ പ്രതിസന്ധി അവരുടെ മതത്തിന്റെ പരമോന്നത നേതാവ് അശൈഖ് ഇബ്നു അബ്ബാസ് 1969 ൽ നടത്തിയ ചില പരാമർശങ്ങളാണ്. ഭൂമി പരന്നതാണെന്നും ചലിക്കുന്നില്ല എന്നും സൂര്യൻ ഭൂമിയെ ചുറ്റുകയാണെന്നും ഇബ്നു അബ്ബാസ് പ്രഖ്യാപിച്ചു കളഞ്ഞതാണ് പ്രതിസന്ധിക്ക് കാരണം. ഇമാം അബ്ദുൽ അസീസ് 1953 ൽ ചരമമടഞ്ഞതിനു ശേഷം അബ്ദുൽ അസീസിന്റെ മക്കളായ ഫൈസൽ, ഖാലിദ്, ഫഹദ് എന്നിവർ രാജാക്കന്മാരായി. അവർ ഏകാധിപതികളായിട്ടാണ് ഭരണം നടത്തിയത്. സ്വയം രക്ഷക്കായി പാശ്ചാത്യ ശക്തികളെ അമിതമായി ആശ്രയിക്കുന്നവരാണ് ഇവർ. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ബ്രിട്ടന്ന് പകരം അമേരിക്കയുടെ ആധിപത്യം വന്നു. സൗദി വഹ്ഹാബി കുടുംബം യാതൊരു സങ്കോചവുമില്ലാതെ നിർലജ്ജം അമേരിക്കയുടെ നേരെ തിരിഞ്ഞു. ഫലത്തിൽ ഇസ്‌ലാമിന്റെ പരിശുദ്ധ ഭൂമി ഒരു അമേരിക്കൻ കോളനിയായി മാറിയിരിക്കുന്നു.

എന്തുതന്നെയായാലും തങ്ങളുടെ പിതാവ് അബ്ദുൾ അസീസിന്റെ പുത്രന്മാർ തങ്ങൾക്ക് 'ഇമാം' എന്ന സ്ഥാനം വേണ്ടെന്ന് വെച്ചു. പകരം രാജാവ് എന്ന സ്ഥാനം മാത്രം സ്വീകരിച്ചു. പക്ഷേ 1986 ൽ സൗദി അറേബ്യയുടെ രാജാവായിരുന്ന ഫഹദ് രാജാവ് ഇമാം

എന്ന സ്ഥാനം മറ്റൊരു വഴിക്ക് തിരിച്ചു കൊണ്ടു വരികയുണ്ടായി. ഫഹദ് യുവാവായിരിക്കുമ്പോൾ കുത്തഴിഞ്ഞ ജീവിതം നയിച്ച് കുപ്രസിദ്ധനായ ആളായിരുന്നു എന്നോർക്കണം. അദ്ദേഹം 'മക്കയിലേയും മദീനയിലുമുള്ള രണ്ട് വിശുദ്ധ ആരാധനാലയങ്ങളുടെ സംരക്ഷകൻ' (ഖാദിമുൽ ഹറമൈൻ അശ്ശരീഫൈൻ) എന്ന പദവിയാണ് സ്വയം സ്വീകരിച്ചത്. വാസ്തവത്തിൽ ആ പദവി തുർക്കി ഖലീഫയും സുൽത്താനുമായിരുന്ന സലീം ഒന്നാമനാണ് (1512-20) ആദ്യമായി സ്വയം സ്വീകരിച്ചത്.

ഈ അടുത്തകാലത്തായി സഊദി അറേബ്യക്ക് കൈവന്ന അതിരറ്റ എണ്ണ സമ്പത്ത് കൊണ്ടും അതിന്റെ വിതരണവും കൊണ്ടും വഹാബിസത്തിന് അതിന്റെ വിമർശകരുടെ നാവ് ഉടൻ അടക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല മുസ്ലിം ലോകത്ത് അവരുടെ പ്രതിഛായ നാടകീയമാം വിധം മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. ഇപ്പോൾ വഹാബിസം അതിന്റെ ഒരു നവോത്ഥന പ്രസ്ഥാനമായാണ് അവതരിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. അതിനായി വഹാബിസം എന്ന കുപ്രസിദ്ധമായ പേരുപോലും ഉപേക്ഷിച്ചു കൊണ്ട് സലഫി പ്രസ്ഥാനം (പൂർവ്വസൂരികളുടെ മഹത്തായ പാരമ്പര്യം എന്നാണ് സലഫി എന്ന പദത്തിന്റെ അർത്ഥം) ***മുവ്വഹിദൂൻ*** (ഏകത്വവാദികൾ) എന്നീ പേരുകളിലാണ് അവർ ഇപ്പോൾ അറിയപ്പെടാൻ ശ്രമിക്കുന്നത്. അതിന്നുപരിയായി വഹ്ഹാബി പ്രസ്ഥാന സ്ഥാപകരായ മുഹമ്മദിബ്നു അബ്ദിൽ വഹ്ഹാബിനെ മഹാനായ ഒരു മനുഷ്യനായും അപാര പണ്ഡിതനായും അന്ധവിശ്വാസങ്ങളിൽനിന്നും ഇസ്‌ലാമിനെ രക്ഷിക്കാൻ ഒറ്റക്ക് ശ്രമിച്ച മഹാനായുമെല്ലാം അവതരിപ്പിക്കാനുള്ള ശ്രമം നടക്കുന്നു. വഹാബിസം പെട്രോഡോളർ കൊണ്ട്



**ഖാലിദ് ഇബ്ൻ അബ്ദുൽ അസീസ്**

ശക്തിപ്പെട്ട് സഊദി അറേബ്യയുടെ പുറത്തുള്ള അറബ് മുസ്ലിം നാടുകളിലേക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കുന്നുവെങ്കിലും സൗദി വഹ്ഹാബിസത്തിന്റെ മായച്ചുകളയാൻ കഴിയാത്ത അടയാളങ്ങൾ മൂലം അതൊന്നും ഫലം കാണുന്നില്ല. എന്നതാണ് വാസ്തവം.

ജെറുസലേമിലെ അൽ അഖ്സാ മസ്ജിദ് സംരക്ഷിക്കുന്നതിലും ഫലസ്തീനികൾക്കെതിരെയുള്ള ഇസ്റയേലിന്റെ അധിനിവേശത്തെയും ക്രൂരതയെയും ചെറുക്കുന്നതിനും അപ്രകാരം അവരുടെ ലജ്ജാകരമായ വഞ്ചനയും ഇസ്ലാമിന്റെയും അറബികളുടെയും ശത്രുക്കളായ പാശ്ചാത്യരുമായി തുറന്ന രീതിയിലുള്ള കൈക്കോർക്കലും അഫ്ഗാനിസ്ഥാനിലും ഇറാഖിലും മുസ്‌ലിംകളെ കൊന്നൊടുക്കുക മാത്രമല്ല അവരുടെ ഭൂമിയിൽ അധിനിവേശം നടത്തുകയും ചെയ്യുന്നു. ഇത് തടയുന്നതിലും വഹ്ഹാബി-സഊദ് കുടുംബം പൂർണമായും പരാജയപ്പെട്ടിരിക്കുകയാണ്. വസ്തുതകൾ ഇതായിരിക്കെ വഹ്ഹാബി-സഊദ് രാജകുടുംബം നടത്തുന്ന പ്രതിഛായ നന്നാക്കൽ നടപടികൾ പരിഹാസ്യമാം വിധം ഫലശൂന്യമാണ്. 9/11 ന്റെ ഭീകരാക്രമണത്തെ സംബന്ധിച്ച് അമേരിക്കൻ പ്രചാരണത്തിന് വിരുദ്ധമായി അമേരിക്ക ഇപ്പോഴും സഊദിയെ ശക്തമായി പിന്തുണക്കുകയാണ് ചെയ്യുന്നത്. റസൂൽ തിരുമേനി(സ)യുടെ ഹദീസ് 'മദ്ധ്യ അറേബ്യലെ നജ്ദ് പ്രദേശത്തെ രണ്ട് സഊദി ഭരണകുടംബങ്ങൾ (രാഷ്ട്രീയമായും മതപരമായും) സഊദി അറേബ്യക്ക് അകത്തും പുറത്തുമുള്ള പ്രത്യേകിച്ച് ഹിജാസിലെ ലക്ഷക്കണക്കിന്ന് മുസ്‌ലിംകളാൽ വെറുക്കപ്പെടുമെന്ന് ഒരു പ്രശസ്



ഫഹദ് ബിൻ അബ്ദുൽ അസീസ്

തമായ ഹദീസിൽ രേഖപ്പെട്ടു കിടക്കുന്നു. ഈ കുടുംബങ്ങളെ വെറുക്കുന്നവരാകട്ടെ റസൂൽ തിരുമേനി(സ)യുടെ ജന്മദിനം രഹസ്യത്തിൽ ആഘോഷിക്കുന്നവരുമാണ്. നബിതിരുമേനി(സ) അരുളുകയുണ്ടായി.

ഇബ്നു ഉമറിൽ നിന്നും നിവേദനം: പ്രവാചകൻ(സ) പറഞ്ഞു: അല്ലാഹുവേ! നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ ശാമിൽ (വിശാല സിറിയ) ചൊരിയേണമേ, അല്ലാഹുവേ! നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ യമനിൽ ചൊരിയേണമേ, ജനങ്ങൾ പറഞ്ഞു: 'നമ്മുടെ നജ്ദിലും' റസൂൽ തിരുമേനി(സ) പറഞ്ഞു: 'അല്ലാഹുവേ! നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ ശാമിൽ (വടക്ക്) ചൊരിയേണമേ, അല്ലാഹുവേ! നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ യമനിൽ ചൊരിയേണമേ' ജനങ്ങൾ പറഞ്ഞു: 'ഓ അല്ലാഹുവിന്റെ പ്രവാചകരേ നമ്മുടെ നജ്ദിലും കൂടി' മൂന്നാം തവണ റസൂൽ തിരുമേനി(സ) ഇപ്രകാരം പറഞ്ഞതായി ഞാൻ (ഇബ്നു ഉമർ) ഓർക്കുന്നു: 'അവിടെ (നജ്ദ്) ഭൂകമ്പങ്ങളുടെയും വിപത്തിന്റെയും ഒരു സ്ഥലമുണ്ട് അവിടെ നിന്നാണ് ശൈത്താന്റെ തല പുറത്ത് വരുക.'(ബുഖാരി)[15]

റസൂൽ തിരുമേനി(സ) ഈ ഹദീസിൽ പറഞ്ഞ നജ്ദുമായി ബന്ധപ്പെട്ട ശൈത്താന്റെ തല എന്നത് സഊദി അറേബ്യയിലെ മേൽ പറഞ്ഞ രണ്ട് കുടുംബങ്ങളാണെന്ന് പല മുസ്‌ലിംകളും വിശ്വസിക്കുന്നു.

മറ്റൊരു പ്രശസ്തമായ ഹദീസിൽ 'ലോകാവസാനം ആസന്നമായാൽ നഗ്ന പാദരായി നടന്ന ദരിദ്രരായ ആട്ടിടയന്മാർ അത്ഭുതകരമായ കെട്ടിടങ്ങൾ ഒന്നിന് പിറകെ മറ്റൊന്നായി പണിതുയർത്തും'(മുസ്‌ലിം)[16] എന്ന് വന്നിരിക്കുന്നു.

രണ്ടാമത് പറഞ്ഞ ഹദീസും പരാമർശിച്ച ആളുകളും ഈ രണ്ടു കുടുംബങ്ങൾ തന്നെയാണെന്ന് പല മുസ്‌ലിംകളും കരുതുന്നു. ഇബ്നു സഊദിന്റെയും അബ്ദിൽ വഹാബിന്റെയും കുടുംബങ്ങൾ തീർച്ചയായും അറേബ്യൻ മരുഭൂമിയിൽ വസിച്ച് പട്ടിണിപ്പാവങ്ങളും നഗ്നപാദരും ആട്ടിടയന്മാരും ആയിരുന്നു. അവർ മരുഭൂമിയിലെ മരുപ്പച്ചയിൽ ആട്ടിൻ തോലുകൊണ്ടുണ്ടാക്കിയ കൂടാരങ്ങളിലായിരുന്നു കഴിഞ്ഞിരുന്നത്. അവരാണ് മുസ്‌ലിം ലോകത്തെ പല അംബര ചുംബികളായ കെട്ടിടങ്ങളുടെയും ഉടമകൾ. സഊദിയുടെ അളവറ്റ സമ്പത്തിന്റെ ഉടമസ്ഥാവകാശവും അവർക്കാണ്.

### ഉപസംഹാരം

ചരിത്രത്തിന്റെ താളുകളിൽ നിന്നും വ്യക്തമാവുന്നത് ബ്രിട്ടന്റെ സഹായമില്ലായിരുന്നെങ്കിൽ വഹ്ഹാബി സഊദി കുടുംബമോ സഊദി അറേബ്യയോ ഉണ്ടാകുമായിരുന്നില്ല. വഹ്ഹാബിസം എന്നത് ബ്രിട്ടീഷ് പ്രചോദിതമായ ഇസ്‌ലാമിലെ ഒരു മൗലിക വാദ ഗ്രൂപ്പാണ്. സെപ്തംബർ 11 ന്റെ ആക്രമണത്തെ അവഗണിച്ചു കൊണ്ടു പോലും അമേരിക്ക സൗദിയെ പ്രത്യക്ഷമായോ പരോക്ഷമായോ പിന്തുണക്കുകകയാണ്.

വഹാബിസം കലാപകലുഷിതമായ ഒരു വലതുപക്ഷ അതിയാഥാസ്ഥിതികവും, സങ്കുചിതവും പ്രതിലോമകരവും അസഹിഷ്ണുതാപരവുമായ ഒരു പ്രസ്ഥാനമാണ്. ആ പ്രസ്ഥാനത്തിന്റെ രക്തരൂക്ഷിതമായ ചരിത്രം തെളിഞ്ഞ രേഖകളുള്ളതും ആധികാരികവുമാണ്. ആർക്കും അത് ചരിത്രത്തിൽ നിന്നും മായ്ച്ചുകളയാൻ സാദ്ധ്യമല്ല. മുഖം മിനുക്കി പുതിയ ഭാവത്തിൽ

വഹ്ഹാബിസം വേഷം മാറി അവതരിപ്പിച്ചാലും വിദ്യാസമ്പന്നരായ അറബ് മുസ്‌ലിംകൾ അത് തിരിച്ചറിയുക തന്നെ ചെയ്യും. ഈയിടെ ചില വഹ്ഹാബി മത നേതാക്കന്മാർ ഇബ്നു സഊദ് കുടുബത്തിന്റെ ക്രൂരതിൽനിന്നും അനിസ്‌ലാമിക നയങ്ങളിൽ നിന്നും ദൂരം പാലിച്ചു കഴിയാൻ ശ്രമിക്കുകയാണ്. നശിച്ചു കൊണ്ടിരിക്കുന്ന വഹ്ഹാബിസത്തെ രക്ഷിക്കാൻ ഒരു വ്യഥാ ശ്രമമാണിത്. ബഹു ഭൂരിപക്ഷം വഹ്ഹാബി നേതാക്കന്മാരും ഇപ്പോഴും ഇസ്‌ലാമിന്റെ പരിശുദ്ധ ഭൂമിയായ ഒരു അറബ് ഭൂപ്രദേശം അമേരിക്കക്ക് താവളമാക്കാൻ വിട്ടു കൊടുക്കാത്ത സഊദി അറേബ്യയുടെ ആഭ്യന്തരവും വൈദേശികവുമായും ദ്രോഹകരമായ നയങ്ങളെ നുറു ശതമാനം പിന്തുണക്കുകയും ന്യായീകരിക്കുകയും ചെയ്യുന്നു. അത് പോലെ അറബികളെയും മുസ്‌ലികളെയും ഇറാഖിലും അഫ്ഗാനിസ്ഥാനിലും നശിപ്പിച്ചതിനെയും അവർ ന്യായീകരിക്കുന്നു.

ഇബ്നു സഊദ്, വഹ്ഹാബി കുടുംബം തമ്മിലുള്ള ബന്ധം വേർപ്പെടുത്താൻ കഴിയാത്തവിധം അവിഭാജ്യമാണ്. അവർ തമ്മിൽ 1744 മുതൽ വിവാഹ ബന്ധത്തിലൂടെയും രക്തബന്ധത്തിലൂടെയും പരസ്പരം ഊടും പാവുമായി കോർത്തിണക്കപ്പെട്ടിരിക്കുന്നു. അവരുടെ ഈ സഖ്യം ഇബ്നു സഊദ് ഭരണകൂടത്തിൽ പ്രകടമാണ്. തീർച്ചയായും മധ്യകാല യൂറോപ്പിലെ ചർച്ചും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെക്കാൾ ശക്തമാണ് അവരുടെ ഇപ്പോഴത്തെ ബന്ധം. ഇബ്നു സഊദ് കുടുംബവുമായി വഹ്ഹാബിസത്തിന്നുള്ള അതിശക്തമായ ബന്ധം വളരെ വ്യക്തമായി അറിയപ്പെട്ടതാണ്. അത് ലോകത്തിലെ ഏറ്റവും ക്രൂരവും അഴിമതി നിറഞ്ഞതും ജനാധിപത്യ വിരുദ്ധവും ഫ്യൂഡലിസത്തിലധിഷ്ഠിതവുമാണ്. അവരാണ് അഹങ്കാരത്തോടെ ഇസ്‌ലാമിനെ ഏറ്റവും നന്നായി പ്രതിനിധീകരിക്കുന്നവർ എന്ന് അഭിമാനിക്കുമ്പോൾ മുസ്‌ലിംകൾ പരിഹാസത്തിനു ശരവ്യമായി തീരുകയാണ് ചെയ്യുന്നത്. ഇന്ന് വിദ്യാസമ്പന്നരായ നിരവധി അറബ് മുസ്‌ലിംകൾ വഹ്ഹാബിസം എന്നത് ഇസ്‌ലാമിനു വളരെ നിന്ദ്യമായ ഒരു പേര് ചാർത്തിയിരിക്കുന്നു എന്ന മനസ്സിലാക്കിയിരിക്കുന്നു. അത് പുരോഗതിയെ തടയുന്ന പ്രതിലോമകരമായ ഒരു വിലങ്ങായി കാണുന്നു. അത് തീർച്ചയായും കഴിഞ്ഞ 250 വർഷമായി മൊറോക്കോ മുതൽ ഇന്തോനേഷ്യ വരെ മുസ്‌ലിം ലോകത്ത് സുന്നി പണ്ഡിതന്മാരിൽ യാഥാസ്ഥിതികരും ഉദാരമതികളുമായ നിരവധിപേരുണ്ടായിട്ടുണ്ട്. അപ്രകാരം തന്നെ ശിയാക്കളാക്കളിൽ പെട്ടവരും സൂഫി വിഭാഗത്തിൽ പെട്ടവരുമായ പണ്ഡിതന്മാരുമുണ്ടായിട്ടുണ്ട് ഇവരെല്ലാം തന്നെ ഇസ്‌ലാമിനെ ഭീകരമാം വിധം വികൃതമാക്കുന്ന വഹ്ഹാബിസത്തെ തുടക്കം മുതൽ തന്നെ നിരാകരിച്ചവരാണ്.

**Reference**


1. Alex Vassiliev ' Tareekh Al Arabiya Al Saudiya'( History of Saudi Arabiya) Transilated from Ruassian into Arabic 1986 p.108
2. For details see 'Cofession of a british spy '
3. The Begning and Spreadingof Wahabism httpw
4. William Powel: Saudi Arabia and its Royal Family( 1982 p. 205 )
5. Confession of a British Spy
6. Cofession of a British Spy
7. Vassiliev, Tahreekh... p. 117
8. Garry Troeller, The Birth of Saudi Arabia: Britan and Rise of the House of Saud( 1976) p. 15-16
9. Qouted in Robert Lacey, The Kingdom: Arabia and House of Saud (Newyork 1981)p. 145
10. said K. Aburish- The Raise Corruption and the Coming Fall of the House of saud (Newyork1995)p.14
11. Powell, Saudi Arabia p. 68
12. For Detail see my book ' The Arabs And The West : The Contribution and Iinflictions'
13. Aburish The Rise... p. 27
14. Ibid
15. Mohammed Muhsin Khan Sahih Al Bhkhari: Arabic - English ( Medina vol 9 p. 166
16. Sahih Muslim. Tras: Abdul Hameed Siddiqui vol 1 ( Lahore 1976) p. 2


**പേജ് നമ്പർ 6 ൽ നിന്ന്**

സ്വീകാരം തന്നനുഗ്രഹിക്കുകയും ഒരു ജനക്കൂട്ടത്തെ എനിക്കനുകൂലമായി തിരിച്ചു വിടുകയും ചെയ്തു. ആ ശത്രുതയുടെയും കഷ്ടപ്പാടുകളുടെയും തിരശ്ശീലയേയും തടസ്സങ്ങളെയും പിച്ചിചീന്തിക്കൊണ്ടാണവർ എന്റെ അടുക്കലേക്ക് ഓടിയെത്തിയതും വന്നടുത്തുകൊണ്ടിരിക്കുന്നതും. മനുഷ്യരുടെ ആലോചനകളും ആസൂത്രണങ്ങളും കൊണ്ട് ഈ വിജയഫലങ്ങൾ കൈവരിക്കുവാൻ സാധിക്കുമോ എന്ന് നല്ല വണ്ണം ആലോചിച്ചു നോക്കുക!. *(ലക്ചർ സിയാൽക്കോട്ട്)*

The Official Website of
the Ahmadiyya Muslim Community

AL-ISLAM

# ഫലസ്തീൻ പ്രശ്നം: മതപരവും രാഷ്ട്രീയവുമായ മാനങ്ങൾ



യഹൂദ രക്തം കൊണ്ട് ചരിത്രം ശോണിതമാക്കപ്പെട്ടത് ക്രിസ്ത്യൻ സഭാഭരണത്തിനു കീഴിലാണ്. ക്രിസ്തു മതവും യഹൂദരും ഇപ്പോൾ ഐക്യപ്പെടുകയും മിശിഹായുടെ വരവിനായി സയണിസവും ക്രിസ്ത്യൻ സയണിസ്റ്റുകളായ ഇവാഞ്ചലിസ്റ്റുകളും ഇസ്റയേലിനെ അണിയൊച്ചൊരുക്കാൻ യഹൂദരോടൊപ്പം ശ്രമിക്കുന്നുവെങ്കിലും മിശിഹായുടെ കാര്യത്തിലുള്ള പരസ്പര വൈരുധ്യങ്ങൾ എങ്ങനെ പരിഹരിക്കപ്പെടും?
2023 നവമ്പറിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ രണ്ടാം ഭാഗം

**എ. എം മുഹമ്മദ് സലീം**

യഹൂദർക്ക് ഒരു ജന്മഗേഹം വേണമെന്ന ഈ മുറവിളിയുടെ പശ്ചാത്തലമെന്താണ്? ആധുനിക കാലത്തെത്തുമ്പോൾ മദ്ധ്യകാലഘട്ടം മുതൽ ഹിറ്റ്ലറുടെ കാലം വരെ ചരിത്രത്തിലുടനീളം യഹൂദരെ അതിഭീകരമായി പീഢിപ്പിച്ചത് ക്രിസ്തീയ ലോകമാണ്. ചരിത്രത്തെ യഹൂദ രക്തംകൊണ്ട് ശോണിതമാക്കിയ ക്രിസ്ത്യാനികൾ യഹൂദരുടെ എക്കാലത്തേയും വലിയ മർദ്ദകരായിരുന്നു. ഇതിന് കാരണമായി പറയുന്നത് രണ്ട് സംഭവങ്ങളാണ്. ഒന്ന് യേശുവിന്റെ ക്രൂരമായ ക്രൂശീകരണം. രണ്ടാമത്തേത് എ.ഡി 69 മുതൽ 70 വരെ പിന്നീട് ക്രിസ്ത്യാനികളായി മാറിയ റോമൻ സാമ്രാജ്യത്തിനെതിരെ യഹൂദർ നടത്തിയ കലാപം. യൂറോപ്പിലെ ആന്റിസമിറ്റിസം, ബ്ലാക്ക് ഡെത്ത് കൂട്ടക്കൊലകൾ, സ്പെയിനിലെ ഇൻക്വിസിഷൻ, റഷ്യയിലെ പോഗ്രോം ജർമ്മനിയിലെ ഹോളോകാസ്റ്റ് മുതലായവ ചരിത്രത്തെ കിടിലം കൊള്ളിച്ച ജൂതവിരുദ്ധ തരംഗങ്ങളാണ്. ഈ കാലഘട്ടത്തിലെല്ലാം മുസ്‌ലിം ഖിലാഫത്തിന്റെ കീഴിലാണ് യഹൂദർ ശാന്ത ജീവിതം നയിച്ചത്.

### ക്രിസ്തീയ ലോകത്തെ യഹൂദ പീഡനം

ക്രിസ്തീയ ലോകത്ത് സംഭവിച്ച ഈ യഹൂദ വിദ്വേഷ പ്രതിഭാസത്തിന്റെ മതപരമായ കാരണം നാം മനസ്സിലാക്കേണ്ടതുണ്ട്. യേശു വരുന്ന കാലത്ത് തങ്ങൾക്ക് യഹോവ വാഗ്ദാനം ചെയ്ത രാജ്യം, മിശിഹാ വന്നാൽ കൊണ്ടുവരും എന്ന വിശ്വാസം യഹൂദരിൽ രൂഢമൂലമായിരുന്നു. ഈജിപ്ത്, അസീറിയ, ബാബിലോൺ, പേർഷ്യ, ഗ്രീക്ക് എന്നീ പുരാതന സാമ്രാജ്യങ്ങളുടെ സാമ്രാട്ടുകളുടെ കീഴിലും ദീർഘമായ പ്രവാസകാലത്ത് അടിമ ജീവിതമാണ് അവർ നയിച്ചത്. തങ്ങളുടെ സഹോദരായ പത്ത് ഗോത്രങ്ങൾ യഹൂദർക്ക് നഷ്ടപ്പെട്ടു. യേശു വരുന്ന കാലത്ത് യഹൂദർ ഫലസ്തീനിൽ റോമക്കാരുടെ അധികാരത്തിന് കീഴിൽ അധീനരായി കഴിയുകയായിരുന്നു. മിശിഹാ വന്നാൽ അധികാരവും സമ്പത്തുമുള്ള ലൗകികമായ മതരാഷ്ട്രമായിരുന്നു അവർ സ്വപ്നം കണ്ടിരുന്നത്. യഹോവ വാഗ്ദാനം ചെയ്യുകയും ദാവീദും സോളമനും യാഥാർഥ്യമാക്കുകയും ചെയ്ത പാലും തേനും ഒഴുകുന്ന ഇസ്റയേൽ രാജ്യം അവരുടെ ഗോത്രീയ സ്വപ്നങ്ങളുടെ ഗൃഹാതുര സ്മരണകളാക്കി ജൂതമനസ്സിൽ കത്തിനിന്നു. രണ്ടായിരം വർഷം മുമ്പ് നിരാശാജനകമായ ഈ കാലത്താണ് യേശു, മിശിഹാ വാദവുമായി രംഗപ്രവേശം ചെയ്യുന്നത്. മിശിഹ ഇസ്റയേൽ ഗോത്രത്തിന്റെ നഷ്ടപ്പെട്ട സിംഹാസനവും ചെങ്കോലുമായി ആഗതനാകുമെന്നായിരുന്നു അവർ സ്വപ്നം കണ്ടിരുന്നത്. ഇപ്പോഴത്തെ മുസ്‌ലിംകളും മസീഹിനെ പ്രതീക്ഷിക്കുന്നത് ഈ വിധത്തിൽ ഭരണം കൊണ്ടുവരും എന്ന അർഥത്തിലാണെന്ന് ഓർക്കുക. പക്ഷേ പരമദരിദ്രനായി നിസ്സ്വവേഷത്തിൽ വന്ന് എന്റെ രാജ്യം ദൈവരാജ്യമാണ് എന്ന് പറഞ്ഞ യേശുവിനെ അവർ നിരാകരിച്ചു.

### യേശുവിനെ കൊന്ന പാപം തലമുറകളിലേക്ക് ഏറ്റെടുത്തവർ

യഹൂദർ പീലാത്തോസിന്റെ കോടതിയിൽ യേശുവിൽ ചാർത്തിയ

കുറ്റം 'യേശുമിശിഹാ' അഥവാ അഭിഷിക്തനായ യഹൂദ രാജാവ് എന്ന് വാദിച്ചു എന്നാണ്. പീലാത്തോസിനു മുമ്പിൽ ദൈവപ്രേഷിതനായ യേശുവിന്റെ ആത്മീയ സാന്ദ്രമായ മറുപടി 'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ യഹൂദർക്ക് എന്നെ ഏല്പിച്ചു കൊടുക്കാതിരിക്കാൻ എന്റെ ഭൃത്യർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല.' (യോഹ: 18 36)

റോമൻ ഗവർണറായ പീലാത്തോസ് തന്റെ രാഷ്ട്രീയാധികാരത്തിന് യാതൊരു വെല്ലുവിളിയും തടസ്സവും ഉയർത്താത്ത നീതിമാനും നിഷ്ക്കളങ്കനുമായ യേശുവിനെ വിട്ടയക്കാൻ തീരുമാനിച്ചു. അപ്പോഴുണ്ടായ യഹൂദരുടെ പ്രതികരണം ക്രിസ്തുമത വിശ്വാസികളെ അത്യധികം പ്രകോപിപ്പിക്കുന്നതും യഹൂദരുടെ ഭാവി ചരിത്രത്തെ തന്നെ രക്തപങ്കിലമാക്കി മാറ്റാൻ ഉതകുന്നതുമായിരുന്നു. ബൈബിൾ രേഖപ്പെടുത്തിയ അവരുടെ ഈ പ്രതികരണമാണ് നൂറ്റാണ്ടുകളോളം നീണ്ടുനിന്ന യഹൂദ പീഡനങ്ങൾക്ക് കാരണമായത്. ബൈബിൾ മത്തായിയുടെ സുവിശേഷം രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്. അവർ (യഹൂദർ) ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'അവനെ ക്രൂശിക്കുക'. പീലാത്തോസ് കുറച്ച് വെള്ളം എടുത്ത് ജനകൂട്ടത്തിനു മുമ്പിൽ കൈ കഴുകി പറഞ്ഞു: 'ഈ മനുഷ്യന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. അപ്പോൾ ജനം ഒന്നിച്ച് ഏറ്റു പറഞ്ഞു: 'അവന്റെ രക്തം ഞങ്ങളുടെയും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയിരിക്കട്ടെ' (മത്തായി 27:23-24) നിരപരാധിയായ യേശുവിനെ വിട്ടയക്കാൻ പീലാത്തോസ് ശ്രമിച്ചപ്പോൾ യേശുവിനെ ക്രൂശിച്ചുകൊല്ലാൻ യഹൂദർ ആക്രോശിക്കുകയാണുണ്ടായത്. പുണ്യമെന്ന് അവർ കരുതിയ ആ കൊലപാതകത്തിന്റെ പാപം അക്കാലത്തെ യഹൂദർക്കു മേൽ മാത്രമല്ല അവരുടെ സന്തതികൾക്ക് മേലും പതിക്കട്ടെ എന്ന് പറഞ്ഞ് തലമുറകളിലേക്ക് കൂടി ആ പാപം സംക്രമിപ്പിക്കുകയാണുണ്ടായത്. ഇതാണ് യഹൂദ സന്തതിപരമ്പര മുഴുവനും ഈ പാപത്തിൽ പങ്കാളികളെന്ന് ക്രിസ്തുസഭ വിശ്വസിക്കാൻ കാരണം. ബൈബിൾ രേഖപ്പെടുത്തിയ യഹൂദരുടെ ഈ മറുപടിയാണ് പിൽക്കാലത്ത് യഹൂദ പരമ്പരകളിലേക്ക് നൂറ്റാണ്ടുകളോളം യഹൂദ വേട്ടയുടെ കിരാത പർവങ്ങൾ രചിക്കാൻ നിമിത്തമായത്. ഖുർബാനകളിൽ ഈ ബൈബിൾ വചനങ്ങൾ വായിക്കുമ്പോൾ തങ്ങളുടെ കർത്താവിനെ കൊന്നത് യഹൂദരാണെന്നുള്ള സ്മരണയിൽ ക്രിസ്ത്യാനികൾക്ക് ഹാലിളക്കമുണ്ടാകുകയും അത് യഹൂദ വേട്ടക്ക് കാരണമാകുകയും ചെയ്യുമായിരുന്നു. ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ യഹൂദികളോടുള്ള തീരാപക സൃഷ്ടിക്കാൻ പോന്നതായിരുന്നു യഹൂദരുടെ ആ ബൈബിൾ ഉദ്ദരണി. മഹാനായ യേശുവിനെ ക്രൂശിച്ചതിൽ പുണ്യം ആഘോഷിക്കുന്ന ബൈബിളിൽ നിന്നുള്ള ഈ ക്രൂരമായ നിന്ദാവചനം ചർച്ചുകളിൽ മുഴങ്ങുമ്പോൾ അക്രമാസക്തരായി യഹൂദവേട്ടക്കിറങ്ങുന്ന ക്രിസ്തീയ കലാപകാരികളുടെ വേലിയേറ്റങ്ങൾ മധ്യകാലഘട്ടങ്ങളിലെ സ്ഥിരം പ്രതിഭാസമായിരുന്നു

**യഹൂദ പീഡനം:**
**മതപരമായ മറ്റു കാരണങ്ങൾ**

യഹൂദരും ക്രിസ്ത്യാനികളും തമ്മിൽ തുടക്കം മുതലേ പുലർത്തിപ്പോന്ന ഈ കുടിപ്പകയെപറ്റി വിശുദ്ധ ഖുർആന്റെ വിലയിരുത്തൽ ശ്രദ്ധേയമാണ്. 'ക്രിസ്ത്യാനികൾക്ക് യാതെരു പ്രമാണവുമില്ലെന്ന് യഹൂദികൾ പറയുന്നു. യഹൂദികൾക്ക് യാതൊരു പ്രമാണവുമില്ലെന്ന് ക്രിസ്ത്യാനികളും പറയുന്നു' (വിശുദ്ധ ഖുർആൻ 2:114)

യൂറോപ്പിലും പുരാതന കിഴക്കൻ റോമാസാമ്രാജ്യത്തിലും നടന്ന യഹുദ വേട്ടകളുടെ മതപരമായ മറ്റു കാരണങ്ങൾ എന്താണെന്ന് നോക്കാം. യഹൂദികൾക്ക് അവരുടെ ന്യായപ്രമാണം നിവർത്തിപ്പാൻ വേണ്ടി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായായിരുന്നുവല്ലോ യേശു. പക്ഷേ അദ്ദേഹത്തെ യഹൂദികൾ സ്വീകരിച്ചില്ലെന്ന് മാത്രമല്ല കുരിശിൽ കയറ്റി കൊല്ലാൻ ശ്രമിക്കുകയുമാണുണ്ടായത്. ഇതിന്റെ വർണനകൾ നാലു സുവിശേഷങ്ങളിലും കാണാം. യേശുവിന്റെ മുഖ്യപീഡകർ യഹൂദ പുരോഹിതന്മാരായിരുന്നു. അവർക്കെതിരെയുള്ള യേശുവിന്റെ ഭത്സനങ്ങൾ സുവിശേഷങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. യഹൂദ പുരോഹിതന്മാരെയും മതനേതാക്കന്മാരേയും കപടനാട്യക്കാരായ പരീശരേയും ശാസ്ത്രിമാരേയും യേശു ശകാരിക്കുന്നത് നോക്കൂ.

'വേദജ്ഞരും ഫരിസേയരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു.... അവർ ചെയ്യുന്നത് നിങ്ങൾ പ്രമാണമാക്കരുത്. കാരണം അവർ പ്രസംഗിക്കുന്നത് അവർ ചെയ്യുന്നില്ല. അവർ ദുർവ്വഹമായ ചുമടുകൾ കെട്ടുന്നു. അവ മനുഷ്യരുടെ ചുമരേൽ വെക്കുന്നു. എന്നാൽ തങ്ങളുടെ വിരൽ കൊണ്ട് സഹായിക്കാൻ പോലും അവർ ഒരുക്കമില്ല. അവർ ചെയ്യുന്നതെല്ലാം മനുഷ്യരെ കാണിക്കാൻ വേണ്ടിയാണ്. അവർ തിരുവചനങ്ങൾ എഴുതി നെറ്റിപ്പട്ടങ്ങൾക്ക് വീതികുട്ടുന്നു. മേലങ്കിയിലെ തൊങ്ങലുകൾക്ക് വീതി കൂട്ടുന്നു. അവർ വിരുന്നുകളിൽ മുഖ്യസ്ഥാനവും സനഗോഗുകളിൽ ഏറ്റവും മികച്ച ഇരിപ്പിടവും ചന്തസ്ഥലങ്ങളിൽ അഭിവാദനവും മനുഷ്യരിൽ നിന്ന് ഗുരോ എന്ന സംബോധനയും മോഹിക്കുന്നു.'... 'വേദജ്ഞരേ ഫരിസേയരേ കപടനാട്യക്കാരായ നിങ്ങൾക്ക് ദുരിതം! നിങ്ങൾ വെള്ള പൂശിയ ശവക്കല്ലറകൾക്കു തുല്ല്യരാണ്. അവ പുറമേ മനോഹരമായി കാണപ്പെടുന്നു. എന്നാൽ അവക്കുള്ളിൽ മരിച്ചവരുടെ എല്ലുകളും സർവ്വവിധ മാലിന്യങ്ങളും നിറഞ്ഞിരിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർക്കു നിങ്ങളും പുറമേ നീതിമാന്മാരായി കാണപ്പെടുന്നു. എന്നാൽ നിങ്ങളുടെ ഉള്ളിൽ കാപട്യവും അപരാധവും നിറഞ്ഞിരിക്കുന്നു.' (മത്തായി 23: 2-28) 'യേശു ഒരിക്കൽ പറഞ്ഞു: എന്റെ വാക്കുകൾ കേൾക്കാൻ നിങ്ങൾക്ക് (യഹൂദർക്ക്) കഴിയാത്തത് കൊണ്ട് തന്നെ നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ

ആഗ്രഹങ്ങൾ നിറവേറ്റാനാണ് നിങ്ങൾ ഇച്ഛിക്കുന്നത്. അവൻ ആദ്യം മുതൽക്കു തന്നെ കൊലയാളി ആയിരുന്നു. അവന് സത്യവുമായി യാതൊരു ബന്ധവും ഇല്ല. കാരണം അവനിൽ സത്യം ഇല്ല. നുണ പറയുമ്പോൾ അവൻ സ്വന്തം പ്രകൃതിക്കനുസരിച്ച് സംസാരിക്കുന്നു. അവൻ നുണയും നുണയുടെ പിതാവുമാണ്. (യോഹ: 8: 42:-45)

ബൈബിൾ സുവിശേഷങ്ങളിൽ ജൂതന്മാരെ പറ്റി യേശുവിന്റെ രൂക്ഷമായ പരാമർശങ്ങൾ യോഹന്നാൻ സുവിശേഷത്തിലാണുള്ളത്. അതുകൊണ്ട് സുവിശേഷകാരനായ യോഹാന്നനെ ക്രിസ്ത്യാനികളുടെ യഹൂദ വിരോധത്തിന്റെ (ആന്റി സെമിറ്റിസത്തിന്റെ) ആചാര്യനായി ചിലർ വിശേഷിപ്പിക്കുന്നുണ്ട്.

അപ്പോസ്തലനായ സെന്റ് പോളിന്റെ നിലപാടുകളും യഹൂദ വിരോധത്തിന് കാരണമായിത്തീർന്നു. യേശു സ്വയം ന്യായപ്രമാണം പാലിക്കുകയും പാലിക്കണമെന്ന് അനുയായികളെ ഉപദേശിക്കുകയുമാണ് ചെയ്തത്. (മത്താ: 15: 17-20.,16-19). എന്നാൽ സ്വന്തം യഹൂദ പാരമ്പര്യം നിഷേധിച്ച പൗലോസ് ന്യായപ്രമാണത്തെ തള്ളിപ്പറയുകയാണുണ്ടായത്. യഹൂദരുടെ നിർബന്ധ ആചാരമായ ലിംഗപരിഛേദനക്കെതിരെ കടുത്ത നിലപാട് സ്വീകരിച്ച പൗലോസ് ക്രിസ്ത്യാനികളെ പരിഛേദനയിൽ നിന്നൊഴിവാക്കുകയും ചെയ്തു. ക്രിസ്ത്യാനിയാവുന്നതിന് മുമ്പ്തന്നെ പോൾ അഥവാ പൗലോസ് എന്ന പേരും റോമൻ പൗരത്വവും അദ്ദേഹം സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ യഥാർഥത്തിലുള്ള യഹൂദ നാമം ശൗൽ എന്നാണ്. യഹൂദ പാരമ്പര്യത്തിലുണ്ടായിരുന്ന ക്രിസ്തു മതത്തെ അതിൽ നിന്നും വേർപെടുത്തുക മാത്രമല്ല യഹൂദ വിരോധത്തിന്റെ ബീജങ്ങൾ കുത്തിവെക്കുകയും ചെയ്തതിൽ പോളിന്റെ പങ്കും ചെറുതല്ല. സുവിശേഷ പ്രചാരണത്തിന്നിറങ്ങിയ പൗലോസിനെ കൊല്ലുമെന്ന് 40 യഹൂദികൾ ശപഥം ചെയ്തതായി ബൈബിൾ പറയുന്നു. ആ സന്ദർഭത്തിൽ ഈ റോമൻ പൗരത്വമാണ് അദ്ദേഹത്തെ തൽക്കാലം തുണച്ചതെന്ന് ബൈബിൾ സാക്ഷിക്കുന്നു.

### യേശുവിനെ കുറിച്ച് പറയപ്പെട്ട യഹൂദ നിന്ദാ വചനങ്ങൾ

ക്രിസ്ത്യാനികളുടെ യഹൂദ വിരോധത്തിന്ന് മതപരമായ കാരണം ബൈബിൾ പരാമർശങ്ങൾ മാത്രമല്ല. യഹുദരുടെ മത സാഹിത്യങ്ങളിൽ മിശിഹായായ ക്രിസ്തുവിനെതിരെ എഴുതിയ അങ്ങേയറ്റം ജുഗുപ്സാവഹമായ നിന്ദാവചനങ്ങൾ കൂടി കാരണമാണ്. പിതൃരഹിതനായ യേശു, ജാരസന്താനം (നൗദു ബില്ലാഹ്: ദൈവത്തിൽ ശരണം) എന്നാണ് ചില യഹൂദികൾ വിശ്വസിക്കുന്നത്. Christianity A Journey from Facts to Fiction എന്ന പുസ്തകത്തിൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) യഹൂദികളുടെ ഇത്തരം അധമ സാഹിത്യത്തെ പറ്റി ഒരു വിവരണം നല്കുന്നുണ്ട്.

'യഹുദ ജനതയുടെ മതപരമായ സകല ജ്ഞാനങ്ങളും വിശ്വാസങ്ങളും വ്യാഖ്യാനിക്കുന്ന ഒരു സൈദ്ധാന്തിക പുസ്തകമാണ് താൽമൂദ് അതിന്റെ അദ്ധ്യാപന പ്രകാരം യേശുവിന്റെ ജനനം ജാരമാർഗത്തിലുള്ളതാണ് എന്ന് മാത്രമല്ല യേശുവിന്റെ മാതാവ് ഋതുമതിയായിരുന്നപ്പോൾ പിശാചുമായുണ്ടായ വേഴ്ച്ചയിലാണ് അദ്ദേഹം ജന്മം കൊണ്ടത് എന്നും എഴുതുന്നു. വീണ്ടും താൽമൂദ് അക്കാര്യം വിശദീകരിക്കുന്നുണ്ട്. യേശുവിന് ഈസാവു(Esau.)വിന്റെ ആത്മാവാണുണ്ടായിരുന്നത്. അയാൾ ഒരു വിഢിയായിരുന്നു. ഒരു ആഭിചാരകനും ലൈംഗികമായി വഴിപിഴപ്പിക്കുന്നവനുമായിരുന്നു.. അതുകൊണ്ട് അയാളെ ക്രൂശിച്ച് നരകത്തിൽ തള്ളി. അനുയായികളിൽ അയാൾ എക്കാലത്തെയും ഒരു ബിംബമായി. താഴെക്കാണുന്ന ഉദ്ദരണി റവ: ഐ. പ്രാണൈറ്റിഡ് എഴുതിയ The Thalmud Unmasked (താൽമൂദ് മുഖംമൂടിയില്ലാതെ) എന്ന പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്. കല്ലാഹ് (Kallah) എന്ന ലഘുലേഖയിൽ വിവരിച്ചതാണ് താഴെകാണുന്ന ഉദ്ദരണി.

'ഒരിക്കൽ മുതിർന്നവർ പടിവാതിൽക്കൽ ഇരിക്കയായിരുന്നു. രണ്ടു യുവാക്കൾ കടന്നുപോയി ഒരാൾ തലമറച്ചിരുന്നു. റബ്ബി ഏലിസർ രേഖപ്പെടുത്തുന്നു. തലമറക്കാത്തവൻ ജാരനായിരുന്നു. അതായത് ഒരു മംമ്സർ(Mumzer). റബ്ബി ജോഷാ പറയുന്നു: അവനെ ഗർഭം ധരിച്ചത് ആർത്തവ സമയത്തായിരുന്നു അതായത് അവൻ 'ബന്നിദ്ദാഹ്'(Bennidha) ആയിരുന്നു. റബ്ബി അകിബാഹ് പറയുന്നു: 'അയാൾ ഇത് രണ്ടുമായിരുന്നു.' ഇത് പറഞ്ഞ ഉടനെ റബ്ബി അകിബാഹിനോട് മറ്റുള്ളവർ ചോദിച്ചു: 'താങ്കൾ എന്തുകൊണ്ട് മറ്റുള്ളവരിൽ നിന്നും ഭിന്നമായി ഇത് പറയുന്നു?.' അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ പറയുന്നത് എന്താണെന്ന് എനിക്ക് തെളിയിക്കാൻ സാധിക്കും ചന്തയിൽ പച്ചക്കറിവിറ്റു കൊണ്ടിരുന്ന ആ ചെക്കന്റെ അമ്മയുടെ അടുത്ത് ഞാൻ പോയിരുന്നു. ഞാനവളോട് പറഞ്ഞു: 'എന്റെ മകളേ ഞാൻ ചോദിക്കുന്നതിന് നീ സത്യസന്ധമായി മറുപടി പറഞ്ഞാൽ പരലോകത്തെ ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെടും'. വാഗ്ദാനം പാലിക്കണമെന്ന് അദ്ദേഹത്തോട് അവൾ ആവശ്യപ്പെട്ടു. റബ്ബി അകിബാഹ് അപ്രകാരം സമ്മതിച്ചു. പക്ഷേ ചുണ്ടുകൾ മാത്രമായിരുന്നു അത് പറഞ്ഞത്. അയാളുടെ ഹൃദയം ആ വാഗ്ദാനം നിഷേധിച്ചിരുന്നു. അതിന് ശേഷം അവളോട് ചോദിച്ചു: 'ഇനി പറയൂ, ഏത് തരത്തിലുള്ള പുത്രനാണിവൻ?' അതിന് അവൾ ഉത്തരം പറഞ്ഞു: 'ഞാൻ വിവാഹം കഴിച്ച ദിവസം ആർത്തവകാരിയായിരുന്നു. ഇത് കാരണം എന്റെ ഭർത്താവ് എന്നെ വിട്ടകന്നിരുന്നു. പക്ഷേ ഒരു പിശാച് എന്റെ അരികിൽ വരികയും എന്നോടൊപ്പം ശയിക്കുകയും ചെയ്തു. ഈ വേഴ്ച്ചയിലാണ് എനിക്ക് ഇവൻ ജനിച്ചത്.' അങ്ങനെയാണ്. ഈ യുവാവ് ജാരനാണെന്ന് മാത്രമല്ല ആർത്തവകാരി ആയി

രിക്കുമ്പോൾ മാതാവിന് ജനിച്ചവനുമാണെന്ന് എനിക്ക് തെളിഞ്ഞത്.' റബ്ബിയോട് ചോദ്യം ചോദിച്ചവർ ഇത് കേട്ടപ്പോൾ ഒന്നടങ്കം പ്രഖ്യാപിച്ചു: 'റബ്ബി അകിബാഹ് മഹാനാണ്. അദ്ദേഹം തന്റെ പുർവികരെ സത്യപ്പെടുത്തിയിരിക്കുന്നു. അവർ ആശ്ചര്യപ്പെട്ടു. ജോസഫിന്റെ മകനെപ്പറ്റി സത്യം വെളിപ്പെടുത്തിയ ഇസ്രയേലിന്റെ ദൈവത്തിന് സ്തുതിയായിരിക്കട്ടെ!'

നമ്മുടെ രക്ഷകനായ യേശുവിനെപറ്റിയും അദ്ദേഹത്തിന്റെ മാതാവ് മറിയയെ പറ്റിയും യഹൂദർ മനസ്സിലാക്കിയ ജനനകഥ അവരുടെ തൊൽദാത്ത് ജേഷാ (Tholdath Jescha-യേശുവിന്റെ തലമുറ) എന്ന പുസ്തകത്തിലും ഇതേ വാക്കുകളിൽ തന്നെ വിവരിച്ചിരിക്കുന്നു.

മഹാനായ യേശുവിന്റെ വിശുദ്ധ നാമത്തിനും പ്രതിച്ഛായക്കും മേൽ കൊടുംപകയുള്ള അദ്ദേഹത്തിന്റെ ശത്രുക്കൾ വാരിയെറിഞ്ഞ കെട്ടു നാറുന്ന മാലിന്യങ്ങൾക്കെതിരെ മനുഷ്യനിലുള്ള മാന്യത പ്രതിഷേധിക്കാതിരിക്കില്ല. തീർച്ചയായും യേശുവിനെ ഗർഭം ധരിച്ചത് ചാരിത്രവതിയും വിശുദ്ധ കന്യകയുമായ മർയമാണ്. നമ്മുടെ ദൈവത്തിന്റെ പരിധിയിലുള്ള സൃഷ്ടി ലീലകളല്ലാതെ മറ്റൊന്നും തന്നെ യേശുവിന്റെ ഗർഭ ധാരണത്തിൽ സംഭവിച്ചിട്ടില്ല. ഋതുമതിയായിരിക്കുമ്പോൾ പിശാചുമായി വേഴ്ച്ച നടത്തി ഗർഭിണിയായി എന്ന പരാമർശം കൂടുതൽ നന്നായി ചേരുക പകയുടെ ഗർഭം ധരിക്കുന്ന മനസ്സുകൾക്കാണ്. കഷ്ടം! വിശുദ്ധാത്മാക്കളുടെ ധർമ്മപത്നിമാരെക്കുറിച്ചു മാത്രമല്ല അവരുടെ വിശുദ്ധ മാതാക്കൾക്കെതിരെയും മനോവൈകൃതം ബാധിച്ചവരുടെ നാവും തൂലികയും വിഷവും മാലിന്യവും ചീറ്റുകയാണ്. (Christianity A Journey from Facts to Fiction - Hadrath Mirza Tahir Ahmad. 'ക്രിസ്തുമതം : യാഥാർത്ഥ്യത്തിൽ നിന്നും കെട്ടുകഥയിലേക്ക്.' മലയാള വിവ: പേജ് 121-124)

**യഹൂദപീഡനം**

എ. ഡി 66 മുതൽ 74 വരെയുള്ള റോമൻ ആധിപത്യത്തിനു കീഴിലുണ്ടായിരുന്ന ഫലസ്തീനിൽ യഹൂദർ മൂന്ന് കലാപങ്ങൾ നടത്തുകയുണ്ടായി, ഈ കലാപത്തിന്റെ ഫലമായി എ. ഡി 70 ൽ നിരവധി യഹൂദർ കൊല്ലപ്പെടുകയും ജെറുസലേമിലെ സോളമന്റെ ദേവാലയം തകർക്കപ്പെടുകയും ബാക്കി യഹൂദർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും ചിതറിപ്പോവുകയും ചെയ്തു. പിന്നീട് ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ മതമായി മാറുകയും യൂറോപ്പിലുടനീളം ക്രിസ്തുമതം പ്രചരിക്കുകയും ചെയ്തു. അവിടങ്ങളിലെല്ലാം യഹൂദ പീഡനവും ആവർത്തിച്ചു. കുരിശുയുദ്ധ പോരാളികൾ ജെറുസലേമിലേക്ക് പോകുന്ന വഴിയിൽ തുർക്കികളുടെ ഖിലാഫത്ത് ഭരണ പ്രദേശത്ത് സമാധാന ജീവിതം നയിക്കുകയായിരുന്ന യഹൂദരെ മുഴുവൻ കൊന്നൊടുക്കുകയും അവരുടെ സ്വത്തുക്കളെല്ലാം കൊള്ളയടിക്കുകയും ചെയ്തു. യേശുവിന്റെ ശത്രുക്കളാണ് യഹൂദർ എന്ന നിലക്കാണ് ഈ ആക്രമണങ്ങളെല്ലാം അവർ ചെയ്തത്. മറ്റൊന്ന് യഹൂദർ കഴുത്തറുപ്പൻ പലിശക്ക് പണം കടം കൊടുക്കുന്ന കുപ്രസിദ്ധ പലിശ വ്യാപരികളായിട്ടാണ് യൂറോപ്പിലുടനീളം അറിയപ്പെട്ടത്. പ്രശസ്തനായ എലിസബത്തൻ ഇംഗ്ലീഷ് കവി ഷേക്ക്സ്പിയർ 'മർച്ചന്റ് ഓഫ് വെനീസ്' എന്ന നാടകത്തിൽ അനശ്വരനാക്കിയ ഷൈലോക്ക് എന്ന് യഹൂദ കഥാപാത്രം ഈ കഴുത്തറുപ്പൻ പലിശ വ്യാപാരത്തിന്റെ പ്രതീകമാണ്.

ബ്ലഡ് ലിബൽ (Blood Libel രക്തത്തിന്റെ അപകീർത്തി) എന്നത് യഹൂദ വിദ്വേഷത്തിനായി പ്രചരിപ്പിക്കുന്ന കള്ളക്കഥകളുടെ പേരായിരുന്നു. അതായത് യഹൂദർ മതപരമായ ആചാരങ്ങൾക്ക് വേണ്ടി ക്രിസ്തീയ ബാലന്മാരുടെ രക്തം ഉപയോഗിക്കാറുണ്ടെന്നതായിരുന്നു ആ കള്ളക്കഥ. അതിനെ തുടർന്നാണ് യഹൂദ കൂട്ടക്കൊലകൾ യൂറോപ്പിൽ അരങ്ങേറിയത്. നാസികൾ ഹോളോകാസ്റ്റിന് മുമ്പും പിമ്പും ബ്ലഡ് ലിബൽ കഥകൾ വ്യാപകമായി ഉപയോഗിച്ചിരുന്നു. മദ്ധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നവോഥാനത്തിന്റെ മുന്നോടിയായി പതിനാറാം നൂറ്റാണ്ടു മുതൽ മാർട്ടിൻ ലൂതറുടെ നേതൃത്വത്തിൽ (1483-1546) പ്രൊട്ടസ്റ്റന്റ് വിഭാഗം ആരംഭിച്ച മതനവീകരണ പ്രസ്ഥാനം യഹൂദ വിരോധം വീണ്ടും കടുപ്പിക്കുകയാണ് ചെയ്തത്. ആദ്യം യഹൂദരോട് റോമൻസഭയുടെ സമീപനത്തിൽ വിയോജിച്ച ലൂതർ യഹൂദരെ ക്രിസ്തു മതത്തിലേക്ക് പരിവർത്തിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. അത് പരാജയപ്പെട്ടപ്പോൾ ഭീകരമായി അവർക്കെതിരെ വിദ്വേഷം പ്രചരിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ On Jews and Their Lies എന്ന പുസ്തകം ഇതിന് തെളിവാണ്. യഹൂദ ആരാധനാലയങ്ങളും അദ്ധ്യാപനങ്ങളും ഇല്ലാതാക്കാൻ സിനഗോഗുകൾ ചുട്ടുചാമ്പലാക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ചർച്ചിനെതിരെ നവോഥാന ചിന്തകന്മാരായ വോൾട്ടയരും റൂസ്സോയും നേതൃത്വം നൽകിയ ജ്ഞാനോദയത്തിന്റെ (Age of Enlightenment) കാലഘട്ടത്തിൽ ഫ്രാൻസായിരുന്നു ഈ പുരോഗമന ചിന്തക്ക് നേതൃത്വം നൽകിയത്. എങ്കിലും ജർമനിയിലും ഇറ്റലിയിലും യഹൂദവിദ്വേഷത്തിന്റെ വേരോട്ടം ശക്തമായിരുന്നു. അതാണ് രണ്ടാം ലോക മഹായുദ്ധ കാലത്തും അതിന് തൊട്ടു മുമ്പും ജർമനിയിൽ നാസികളുടെ ഭരണത്തിൽ കണ്ട ലോക മനസ്സാക്ഷിയെ ഞെട്ടിച്ച കിരാതമായ ഹോളോകോസ്റ്റ്. സമീപ കാലത്തുണ്ടായ ഏറ്റവും വലിയ യഹൂദ വേട്ടയായിരുന്നു അത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സാറുകളുടെ ഭരണത്തിനു കീഴിൽ റഷ്യയിൽ യഹൂദ പീഡനം വൻതോതിൽ പ്രോത്സാഹിപ്പിക്കപ്പെട്ടു. 1914 ൽ ഒന്നാം ലോക മഹായുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ നിരവധി പോഗ്രോം (യഹൂദ വേട്ട) റഷ്യയിൽ അരങ്ങേറി. റഷ്യയിൽ യഹൂദരെ പൊതു രംഗത്തു നിന്നും ബഹിഷ്കൃതരാക്കുകയുണ്ടായി. അതുകൊണ്ടാണ് ലിയോൺ ട്രോസ്കി, ഗ്രിഗറി സിനോവിവ് മുതലായ യഹൂദർ റഷ്യൻ സാറിനെതിരായ വിപ്ലവത്തിൽ ബോൾഷെവിക് പാർട്ടിയിൽ അംഗങ്ങളായി കമ്മ്യൂണിസ്റ്റ് വിപ്ലവത്തിൽ സജീവമായി പങ്കെടുത്തത്. കമ്മ്യൂണി

സ്റ്റാചര്യൻ കാറൽ മാക്സും ഒരു യഹൂദനായിരുന്നുവല്ലോ. 'സ്വാതന്ത്ര്യം അർദ്ധ രാത്രിയിൽ' എന്ന ഗ്രന്ഥമെഴുതിയ ലാറികോളിൻസ് ഡൊമിനിക് ലാപ്പിയർ എന്നീ ഗ്രന്ഥകാരന്മാർ എഴുതിയ മറ്റൊരു പ്രശസ്ത ഗ്രന്ഥമാണ് 'ഓ ജെറുസലേം' (O Jerusalem) ക്രിസ്തീയ ലോകത്തെ യഹൂദ പീഡനത്തെ ഉദാഹരിക്കാൻ അതിലെ ഒരു ഭാഗം ഉദ്ദരിക്കാം.

'ചിതറിത്തെറിക്കലിനു ശേഷം അവർ വന്നുപെട്ട എല്ലാ അഭയകേന്ദ്രങ്ങളിൽ നിന്നും അനസ്യൂതമായ പീഡനമെന്ന ശാപം അവരുടെ അഭ്യർഥനയെ ബലപ്പെടുത്തി. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണം എന്ന സമർപ്പണത്തോടെ ഉയിർത്തെഴുന്നേറ്റ മറ്റൊരു മതത്തിൽ നിന്നാണ് യഹൂദികൾക്കെതിരെയുള്ള പീഡനം ഉയർന്നു വന്നത്. മതപരിവർത്തന സംരംഭങ്ങളുടെ തീക്ഷ്ണമായ ആവേശത്തിൽ തങ്ങളുടെ പൂർവസുരികളായ യഹൂദരുടെ മതം മാറ്റത്തിന് ക്രിസ്ത്യാനികൾ പ്രത്യേകം ഊന്നൽ നൽകി റോമിലെ തിയോഡോഷ്യസ് രണ്ടാമൻ ഇതിന് നിയമപരമയ പ്രോത്സാഹനം നല്കി. യഹൂദന്മാർ അകറ്റപ്പെട്ട ജനതയാണെന്ന് അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കുകയും ഒരു ആത്മീയ വിവേചന നയം (Spiritual Apartheid) നടപ്പാക്കുകയും ചെയ്തു. ദൈവം അതാഗ്രഹിക്കുന്നു എന്ന് പറഞ്ഞ് (Deus Vault God wills it) കൂട്ട യഹൂദ ഹത്യകൾ അരങ്ങേറി. ജറുസലേം വഴിത്താരയിൽ കണ്ട അശരണരായ യഹൂദരെ കുരിശ് യുദ്ധക്കാർ നിഷ്കരുണം കൊന്നൊടുക്കി.

മിക്കവാറും എല്ലാ ക്രിസ്തീയ രാജ്യങ്ങളും യഹൂദർക്ക് സ്വത്ത് വാങ്ങുന്നത് നിരോധിച്ചു. മതപരമായി സംഘടിപ്പിക്കപ്പെട്ട മധ്യകാലഘട്ടത്തിലെ കൈത്തൊഴിൽ-വിപണന മേഖലകളിൽ ജൂതന്മാർക്ക് തൊഴിൽ കൊടുക്കുന്നത് ക്രിസ്തുസഭ നിരോധിച്ചു. ജൂതന്മാർക്കിടയിൽ താമസിക്കാൻ ക്രിസ്ത്യാനികളെ അനുവദിച്ചില്ല. 1215 ൽ ചേർന്ന സഭാകൗൺസിൽ യഹൂദർ അകറ്റപ്പെട്ട ജനവർഷമാണെന്ന് വിളംബരപ്പെടുത്തുകയും അവരെ തിരിച്ചറിയാൻ ഒരു ബാഡ്ജ് ധരിക്കണമെന്ന് വിധിപുറപ്പെടുവിക്കുകയും ചെയ്തു. മോസസിന് ലഭിച്ച പത്ത് കല്പനകൾ ഉറുക്കുകളാക്കി തിരിച്ചറിയാൻ വേണ്ടി ഇംഗ്ലണ്ടിൽ അവരുടെ കഴുത്തിൽ കെട്ടുമായിരുന്നു ഫ്രാൻസിലും ജർമ്മനിയിലും അത് മഞ്ഞ നിറത്തിലുള്ള 'O' ചിഹ്നമായിരുന്നു. പ്ലേഗ്, ദുർമരണങ്ങൾ എന്നിവ യഹൂദർ മൂലമാണെന്ന് ആരോപിച്ച് തവളയുടെ കാലും ചിലന്തിവലയും ക്രിസ്ത്യാനികളുടെ കുടൽ മാലയും ഉപയോഗിച്ചുണ്ടാക്കിയ ചൂർണ്ണം ക്രിസ്ത്യാനികളുടെ കിണറുകളിൽ യഹൂദർ കലക്കുന്നത് കൊണ്ടാണ് പ്ലേഗ് വരുന്നതെന്ന് വിശ്വസിച്ചുകൊണ്ട് ജൂതപീഡനത്തിന്റെ ഒരു തരംഗം യൂറോപ്പിൽ അലയടിച്ചു. 200 യഹൂദ സമുദായങ്ങളാണ് ഈ വിദ്വേഷാഗ്നിയിൽ ഹോമിക്കപ്പെട്ടത്. ഖലീഫമാരുടെ കീഴിലുണ്ടായിരുന്ന സ്പെയിനിൽ ഒഴികെ അന്ധകരാവൃതമായ പശ്ചിമ ലോകത്ത് യഹൂദന്റെ അസ്തിത്വം അനുവദിക്കപ്പെട്ടിരുന്നില്ല. സ്പെയിനിൽ അവർ അഭിവൃദ്ധിപ്പെട്ടു. അവർ അവിടെ നിന്നും ചിതറിത്തെറിച്ചില്ല. 1492 ൽ സ്പെയിനിൽ നിന്നും ഫെർഡിനാന്റും ഇസബെല്ലായും മുസ്‌ലിംകളിൽ നിന്ന് ഭരണമേറ്റെടുത്ത ഉടൻ തന്നെ അതാരംഭിക്കുകയും ചെയ്തു.

ജർമനിയിൽ ജൂതരെ വാഹനത്തിൽ കയറ്റാൻ പാടില്ലായിരുന്നു. നഗരത്തിൽ അവർക്ക് പ്രവേശിക്കണമെങ്കിൽ പ്രത്യേകം ചുങ്കം ചുമത്തി. പോളണ്ടിലെ കൊസാക്ക് വിപ്ലവം ഒരു ദശകത്തിനുള്ളിൽ ഒരു ലക്ഷം യഹൂദികളെ കൊന്നൊടുക്കി. യഹൂദി ജനതയുടെ പകുതിയിലധികം താമസിച്ചിരുന്ന പോളണ്ടിലേക്ക് റഷ്യൻ സാറിന്റെ പട നീങ്ങിയപ്പോൾ അതൊരു ഇരുണ്ട കാലഘട്ടമായി അവർക്ക് അനുഭവപ്പെട്ടു. ഫ്രാൻസിൽ 12 മുതൽ 25 വയസ്സു വരെ നിർബന്ധ പട്ടാള ജോലി ചെയ്യണമായിരുന്നു. ശബത്ത് മെഴുകുതിരികൾക്ക് അവിടെ നികുതി ചുമത്തി. വേശ്യകൾക്ക് നല്കിയിരുന്ന മഞ്ഞ കാർഡ് കൂടാതെ യഹൂദ സ്ത്രീകളെ അവൻ നഗരങ്ങളിൽ പ്രവേശിപ്പിച്ചില്ല. റഷ്യയിൽ അലക്സാണ്ടർ II ന്റെ വധത്തിന് ശേഷം യഹൂദ സമുദായത്തെ ഒന്നിനു പിറകെ മറ്റൊന്നായി ചുട്ടെരിച്ച് പോഗ്രം അരങ്ങേറി (Lary Colins and Dominique Lappier `O! Jerusalem` p. 20)

## തിയോഡർ ഹെർസലും സയണിസത്തിന്റെ ആവിർഭാവവും

ക്രിസ്ത്യൻ മതമൗലിക വാദത്തിൽ ദുർഭരണം നടത്തിയിരുന്ന യൂറോപ്പിനെ നവോത്ഥാനത്തിലൂടെ ക്രിസ്തുമത മുക്തമാക്കിയതിന് ശേഷം പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ യൂറോപ്പിലെ യഹൂദ ജീവിതം ഏറെ കുറെ സുരക്ഷിതമായിരുന്നു. ജനാധിപത്യത്തിനും സെക്കുലരിസത്തിനും ഫ്രാൻസ് നല്കിയ സംഭാവന അദ്വിതീയമാണ്. പക്ഷേ ആ ഫ്രാൻസ് പോലും യഹൂദ വിദ്വേഷത്തിൽ നിന്നും അവരോടുള്ള മുൻവിധിയിൽ നിന്നും മുക്തമായില്ല എന്നതിന്റെ ഉത്തമ ഉദാഹരണമായിരുന്നു 1894 ഫ്രാൻസിൽ അരങ്ങേറിയ ആൽഫ്രഡ് ഡ്രെഫസ് കേസ്. യഹൂദനും ഫ്രഞ്ച് പട്ടാള ഓഫീസറുമായ ഡ്രൈഫസ് സ്വന്തം രാജ്യമായ ഫ്രാൻസിന്റെ സൈനിക രഹസ്യങ്ങൾ ജർമനിക്ക് ചോർത്തിക്കൊടുത്തു എന്നതായിരുന്നു അദ്ദേഹത്തിനുമേൽ ചുമത്തിയ കുറ്റം. വാസ്തവത്തിൽ ഡ്രെഫസ് അക്കാര്യത്തിൽ നിരപരാധിയായിരുന്നു. പക്ഷേ അദ്ദേഹം യഹൂദനായത് കൊണ്ട് യേശുവിനെ ഒറ്റിക്കൊടുത്ത ചാരൻ യൂദാസിന്റെ പിൻതലമുറയിൽപ്പെട്ടവനായിരിക്കും എന്ന യൂറോപ്പിലെ ക്രിസ്തീയ ബോധത്തിൽ ഡ്രെഫസിനെ ബലിയാടാക്കുകയായിരുന്നു. യാതൊരു തെളിവും ഇല്ലാഞ്ഞിട്ടും പട്ടാളവും കോടതിയും ഭരണകൂടവും ഗൂഢാലോചന നടത്തി അദ്ദേഹത്തെ കുറ്റക്കാരനാക്കാൻ ശ്രമിച്ചു. ഫ്രഞ്ച് ഭരണകൂടം ഡ്രെഫസിനോട് ചെയ്യുന്ന അനീതി തുറന്നു കാട്ടി ഫ്രഞ്ച് പ്രസിഡണ്ടിന് കത്തെഴുതിയ പ്രശസ്ത ഫ്രഞ്ച് നോവലിസ്റ്റ് എമിലി സോളക്ക് ഇംഗ്ലണ്ടിലേക്ക്

പലായനം ചെയ്യേണ്ടിവന്നു. നിരവധി സംഭവ പരമ്പരകൾക്കും സമ്മർദങ്ങൾക്കും ശേഷം 1902 ൽ ആൽഫ്രഡ് ഡ്രൈഫസ് കുറ്റവിമുക്താക്കപ്പെടുകയുണ്ടായി. ലോകശ്രദ്ധ പിടിച്ചു പറ്റിയ ഡ്രൈഫസ് കേസ് വിയന്നയിലെ Neue Freie Prese എന്ന പത്രത്തിൽ റിപ്പോർട്ട് ചെയ്യാൻ വേണ്ടി പാരീസിലെത്തിയ ഒരു യഹൂദ പത്രപ്രവർത്തകനായിരുന്നു സിയോണിസത്തിന്റെ സ്ഥാപകനായ തിയോഡർ ഹെർസൽ. പൊതുവേ മതവിഷയങ്ങളിൽ താൽപര്യമില്ലാതിരുന്ന ഹെർസൽ ഫ്രാൻസിൽ ഡ്രൈഫസ് കേസിൽ കണ്ട ജനങ്ങളുടെയും ഭരണകൂടത്തിന്റെയും യഹൂദ വിദ്വേഷവും പക്ഷപാതിത്വവും മുൻവിധിയുമാണ് യഹൂദികൾക്ക് ഒരു ജന്മഗേഹം വേണമെന്ന ആശയത്തിന് വേണ്ടി സയണിസം എന്ന പ്രസ്ഥാനത്തിന് രൂപം നല്കാൻ നിമിത്തമായത്. 1897 ആഗസ്റ്റ് 29 ന് സ്വിസ്റ്റർലന്റിലെ ബാസലിൽ ആദ്യത്തെ ലോക സയണിസ്റ്റ് സമ്മേളനം അദ്ദേഹം വിളിച്ച് ചേർക്കുകയുണ്ടായി.

'തുർക്കി ഖലീഫയുടെ അധികാര പരിധിയിലുണ്ടായിരുന്ന ഫലസ്തീനിൽ യഹൂദർക്ക് കുടിയേറി സ്ഥിരതാമസത്തിന് അനുവാദം ചോദിച്ചുകൊണ്ട് തിയോഡർ ഹെർസൽ തുർക്കി ഖലീഫയായിരുന്ന അബ്ദുൽ ഹമീദ് **II** നെ സമീപിച്ചിരുന്നു. അന്ന് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന തുർക്കിയുടെ എല്ലാ സാമ്പത്തിക പ്രയാസങ്ങളും തങ്ങൾ ഏറ്റെടുക്കാമെന്നു പറഞ്ഞിട്ടും തുർക്കി ഖലീഫ സയണിസ്റ്റുകളുടെ അഭ്യർഥന നിരസിക്കുകയാണ് ചെയ്തത്.' (**Raphl Patai (ed) and Hary Diaries of Theodor Herzl (1960) p. 213**). ക്രിസ്തുമതവുമായി രമ്യതപ്പെട്ടുകൊണ്ട് യഹൂദ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് വിശ്വസിച്ച ആളായിരുന്നു ഹെർസൽ. 1895 അദ്ദേഹം തന്റെ ഡയറിക്കുറിപ്പിൽ എഴുതി 'രണ്ട് വർഷം മുമ്പ് കത്തോലിക്കാ സഭയുടെ സഹായത്തോടെ ആസ്ട്രിയയിലെങ്കിലും യഹൂദ പ്രശ്നം പരിഹരിക്കാനാവുമെന്ന് ഞാനാഗ്രഹിച്ചു. പോപ്പുമായി ഒരു കൂടിക്കാഴ്ച്ച നടത്തി ആന്റി സെമിറ്റിസത്തിനെതിരെ ഞങ്ങളെ സഹായിക്കാൻ അഭ്യർത്ഥിക്കണമെന്ന് ഞാനാഗ്രഹിച്ചു. ക്രിസ്തു മതത്തിലേക്ക് ബഹുമാന പുരസ്സരം യഹൂദികളെ പരിവർത്തിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തിന് ഞാൻ രൂപം കൊടുക്കുന്നതാണ്. പകൽ വെട്ടത്തിൽ പന്ത്രണ്ട് മണിക്ക് ഞായറാഴ്ച്ച സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഹാളിൽ പള്ളിമണികളുടെ നാദധാരയിലായിരിക്കും മതപരിവർത്തന സത്യപ്രതിജ്ഞ നടക്കുക. (**Marvin Lowventhal- `The Diaries of Theodor Herzl` (Newyork p. 32**) പിന്നീട് ഇസ്റയേൽ രാഷ്ട്ര രൂപീകരണത്തിന് വേണ്ടി സയണിസത്തിന്റെ പ്രത്യക്ഷവും പ്രച്ഛന്നവുമായ പ്രവർത്തനമാണ് നാം കണ്ടത്. ജൂതന്മാരെ വിശുദ്ധ ഭൂമിയിലേക്ക് നയിക്കാൻ ഒരു മിശിഹാ ആണ് വരേണ്ടത് എന്ന ദൈവത്തിന്റെ വാഗ്ദാനത്തെ വെല്ലുവിളിക്കുകയാണ് ജൂതരാഷ്ട്ര സ്ഥാപനം എന്ന് പറഞ്ഞ്കൊണ്ട്, അക്കാലത്ത് തന്നെ യഥാസ്ഥിതിക യഹൂദ റബ്ബിമാർ ഹെർസലിനെ എതിർത്തിട്ടുണ്ടായിരുന്നു. ഒടുവിൽ 1948 ൽ ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ അവിടെ ജീവിച്ചിരുന്ന ഫലസ്തീനികളെ പുറത്താക്കി ഇസ്റയേൽ രാഷ്ട്ര രൂപീകരണത്തിന് ലോകം സാക്ഷ്യം വഹിക്കുകയുണ്ടയി.

### ആലിയ: അഥവാ വാഗ്ദത്ത ഭൂമിയിലേക്കുള്ള തിരിച്ചുപോക്ക്

'ആലിയ'(**Aliyah**) എന്ന ഹിബ്രു പദത്തിന് കയറ്റം അല്ലെങ്കിൽ മുകളിലേക്ക് കയറിപ്പോവുക എന്നാണ് അർഥം. ആലിയ എന്ന പദത്തിന് യഹൂദമതത്തിൽ പല ആത്മീയമാനങ്ങളുമുള്ള അർഥങ്ങളുണ്ട്. ഈ പദത്തെ പലസ്തീനിലേക്കുള്ള കുടിയേറ്റം എന്ന് രാഷ്ട്രീയമായി ചുരുങ്ങിയ അർഥത്തിൽ സയണിസ്റ്റുകൾ വ്യാപകമായി ഉപയോഗിക്കുകയായിരുന്നു. ഫലസ്തീൻ ഭൂമിയിലേക്കുള്ള കുടിയേറ്റം തിരിച്ചുപോക്ക് എന്നാണ് ഇതിന് സയണിസ്റ്റുകൾ കൽപ്പിക്കുന്ന അർഥം. ലോകത്തിന്റെ നാനാ ഭാഗത്തേക്കും പൗരാണിക കാലത്ത് തന്നെ ഫലസ്തീനിൽ നിന്നും കുടിയൊഴിഞ്ഞു പോയവരും അടിമകളാക്കി പിടിച്ചുകൊണ്ടു പോയവരും ഒന്നാം നൂറ്റാണ്ടിൽ റോമക്കാർ പുറത്താക്കിയവരുമാണ് യഹൂദർ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ 99.7 ശതമാനം ലോകത്തിലുള്ള മൊത്തം യഹൂദന്മാർ ജീവിച്ചത് ഫലസ്തീന് വെളിയിലായിരുന്നു. പല ചരിത്ര സന്ദർഭത്തിലും ചിതറിത്തെറിച്ച (**Diaspora**) യഹൂദരുടെ വാഗ്ദത്ത ഭൂമിയായ ഫലസ്തീനിലേക്കുള്ള രാഷ്ട്ര രൂപീകരണത്തിന്നായുള്ള മടക്കമായിട്ടാണ് സയണിസ്റ്റുകൾ ആലിയയെ കാണുന്നത്. അതായത് ഡയസ്പോറയുടെ (ചിതറിത്തെറിക്കലിക്കൽ) ഒരു വിപരീത പ്രതിഭാസം. ഫലസ്തീൻ എന്ന പദത്തിന്ന് പകരം 'ഇസ്റയേൽ ഭൂമി' -എർള് ഇസ്റയേൽ (**Eretz Yisrael Land of Israel**) എന്ന പദമാണ് സയണിസ്റ്റുകൾ ഉപയോഗിക്കുക. സയണിസ്റ്റുകളുടെ രാഷ്ട്രീയ ഭാഷ്യപ്രകാരം അത് ഇസ്റയേലിൽ പോയി കുടിയേറി രാഷ്ട്രം സ്ഥാപിക്കുക എന്നാണ്. ഇസ്റയേൽ രാഷ്ട്രം രൂപീകരിച്ചതിന് ശേഷം ഇത് മൂന്നാമത്തെ ആലിയയാണ് എന്നാണ് സയണിസ്റ്റ് വിവരണം. ഒന്നാമത്തെ ആലിയ അബ്രഹാം കനാൻ ദേശത്ത് വന്നപ്പോൾ സംഭവിച്ചത്. പിന്നീട് പന്ത്രണ്ട് യഹൂദ ഗോത്രങ്ങളും ഒരു ക്ഷാമത്തെ തുടർന്ന് ജോസഫ് മുഖേന ഈജിപ്തിലെത്തി. അവിടെ ഫറവോയുടെ കാലത്ത് അവർ അടിമത്തത്തിലായി. ഈജിപ്തിൽ നിന്നും മോസസിന്റെ നേതൃത്വത്തിൽ ഫലസ്തീനിലേക്കുള്ള വരവാണ് രണ്ടാമത്തെ ആലിയ. പിന്നീട് ചിതറിത്തെറിച്ചു. 1948 ൽ സയണിസ്റ്റുകൾ ഇസ്റയേൽ സ്റ്റേറ്റ് രൂപീകരിച്ചതിനുശേഷം ഇപ്പോഴുള്ള തിരിച്ച് വരവാണ് മൂന്നാമത്തെ ആലിയ എന്നാണ് സയണിസ്റ്റുകൾ പറയുന്നത്.

### ഇസ്റയേൽ സ്റ്റേറ്റിന്റെ രൂപീകരണം.

1903 മുതലാണ് ഫലസ്തീനിലേക്ക് ആസൂത്രിതമയ യഹൂദ കുടിയേറ്റം

ആരംഭിച്ചത്. ഇതോടെ ഫലസ്തീനിലെ ജൂതജനസംഖ്യ 25,000 മായി ഉയർന്നു. 1914 ആകുമ്പോഴേക്കും ഇത് 60,000 മായി. ചുരുക്കത്തിൽ 1918 ൽ 7 ശതമാനമുണ്ടായിരുന്നു ജൂതജനസംഖ്യ 1947 ആവുമ്പോഴേക്കും 37 ശതമാനമയി. 1917 ഫലസ്തീനിൽ യഹൂദ രാഷ്ട്രം സ്ഥാപിക്കാൻ ബ്രിട്ടൻ അനുകൂലമാണ് എന്ന ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറിയായിരുന്ന ആർതർ ബാൽഫറിന്റെ പ്രഖ്യാപനം വന്നു. ഒന്നാം ലോക മഹായുദ്ധത്തിൽ ധനികരും ആയുധ നിർമ്മാതാക്കളുമായ യഹൂദർ ബ്രിട്ടനും സഖ്യകക്ഷികൾക്കും ചെയ്ത ഉപകാരത്തിന്റെ ഫലമായിരുന്നു ഈ പ്രഖ്യാപനം ഒന്നാം ലോക മാഹായുദ്ധത്തിൽ പരാജിതരായ തുർക്കി ഭരണ പ്രദേശമയിരുന്നു ഫലസ്തീൻ ബ്രിട്ടന്റെ കൈവശം മാൻഡേറ്ററി ഭരണം എന്ന പേരിൽ വന്നു ചേർന്നു. ബ്രിട്ടീഷ് മാൻഡേറ്ററി ഭരണത്തിനു കീഴിൽ ഫലസ്തീനിൽ യഹൂദരുടെ സയണിസ്റ്റ് ഭീകര സൈനിക ഗ്രൂപ്പുകൾക്ക് ബ്രിട്ടൻ ഗറില്ല യുദ്ധ മുറകളും പരിശീലനങ്ങളും നല്കി. അവരുടെ ഭരണത്തിനു കീഴിൽ നിരവധി അറബി പ്രതിഷേധക്കാരെ വെടിവെച്ചു കൊന്നു. ഇസ്റയേൽ രാഷ്ട്ര നിർമാണത്തിന് കളമൊരുക്കി. 1947 നവംബർ 29 ന് ഫലസ്തീൻ വിഭജന പ്രമേയം പല കുതന്ത്രങ്ങളിലൂടെയും ഐക്യരാഷ്ട്ര സഭയിൽ പാസ്സാക്കിയെടുത്തു. 1948 മെയ് 14 ന് ബ്രിട്ടീഷ് ഹൈക്കമ്മീഷണറായിരുന്ന അലൻ കണ്ണിംങ്ഹാം മാൻഡേറ്ററി ഭരണം അവസാനിപ്പിച്ച് ഫലസ്തീൻ വിട്ടുപോയതോടെ ഹഗാന, ഇർഗൂൻ എന്നീ ജൂതഭീകര സംഘടന കൂട്ടകൊലകളും അക്രമവും അഴിച്ചു വിട്ട് യു എൻ അനുവദിച്ച സ്ഥലത്തേക്കാൾ കൂടുതൽ ഫലസ്തീൻ പ്രദേശം പിടിച്ചെടുത്ത് ഇസ്റയേൽ രാഷ്ട്രം രൂപീകരിക്കപ്പെടുകയായിരുന്നു.

ബ്രിട്ടനും പാശ്ചാത്യ ശക്തികളും ഇസ്റയേൽ രൂപീകരണം എന്ന ഈ അനീതി പ്രാവർത്തികമാക്കാൻ മുഖ്യമായും മൂന്ന് കാരണങ്ങളാണുള്ളത്. ഒന്നാമതായി മദ്ധ്യപൗരസ്ത്യ ദേശത്തെ സമ്പത്തും വിഭവങ്ങളും ഒരു കോളനിയാക്കി ചൂഷണം ചെയ്യാൻ മൂലധന ശക്തി വേണ്ടുവോളമുണ്ടായിരുന്ന യഹൂദർ ഭാവിയിൽ സഹായകരമായിരിക്കുമെന്ന് അവർ കരുതി. രണ്ടാമതായി ദീർഘകാലം യൂറോപ്യൻ ക്രിസ്ത്യാനികൾ പീഡിപ്പിച്ച ഒരു ജനതക്ക് അന്യന്റെ ഭൂമിയിൽ അന്യായമായി ഒരു സമ്മാനം നൽകി പ്രബലരായ അവരെ സന്തോഷിപ്പിക്കുക. മൂന്നാമതായി ദീർഘകാലം ജെറുസലേം പിടിച്ചെടുക്കാൻ നടത്തിയ കുരിശുയുദ്ധത്തിന്റെ വിജയം സ്ഥാപിക്കാൻ ലഭിച്ച ഒരവസരം ബ്രിട്ടീഷുകാർ ഭംഗിയായി ഉപയോഗിച്ചു. നാലാമതായി യഹൂദർ ഫലസ്തീനിൽ ഒരുമിച്ചു കൂട്ടിയാൽ അവരെ എളുപ്പത്തിൽ ക്രിസ്ത്യാനികളാക്കി യേശുവിന്റെ രണ്ടാം വരവിന് കളമൊരുക്കാം എന്ന ബ്രിട്ടനിലെ പ്രൊട്ടസ്റ്റന്റ് വിശ്വാസികളെ തൃപ്തിപ്പെടുത്തുക. ഇതൊക്കെയാണ് ഇസ്റയേൽ രൂപീകരണത്തിന്റെ രാഷ്ട്രീയ പശ്ചാത്തലം.

### ക്രിസ്ത്യൻ സയണിസവും വിരോധത്തിന്റെ വിത്തുകളും

1962 മുതൽ 1965 വരെ പോപ്പ് പോൾ 6–ാമന്റെ കീഴിൽ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൽ നോസ്ട്ര് എയ്റ്റേറ്റി (Nostra aetate- In Our Time) എന്ന പ്രഖ്യാപനത്തിന് ശേഷമാണ് ഈ യഹൂദ വിരുദ്ധതക്ക് ക്രിസ്തീയ ലോകത്ത് ഒരു ശമനമുണ്ടായത്. ക്രിസ്തുവിന്റെ മരണത്തിൽ ജൂതസമൂഹത്തിന് മുഴുവൻ പങ്കുണ്ട് എന്ന വിശ്വാസം സഭ അതോടെ തള്ളിക്കളഞ്ഞു. സഭ യഹൂദരോട് ചെയ്തതും ചരിത്രത്തെ ചെഞ്ചായം പൂശിയതുമായ എല്ലാ അപരാധങ്ങൾക്കും മാപ്പ് ചോദിക്കുന്നതായിരുന്നു വത്തിക്കാന്റെ 1965 ലെ ഈ പ്രമാണ രേഖ. നോസ്ട്ര എയ്റ്റേറ്റി പറയുന്നു: 'യഹൂദരുടെ അധികാരികൾ അവരുടെ അനുയായികളുമൊത്ത് മിശിഹായുടെ മരണത്തെ പ്രേരിപ്പിച്ചെങ്കിലും യേശുവിന്റെ പീഡാനുഭവത്തിൽ ചെയ്യപ്പെട്ടവ അന്നു ജീവിച്ചിരുന്ന യഹൂദരിൽ വിവേചനമില്ലാതെ എല്ലാവരിലുമോ ഇന്നത്തെ യഹൂദരിലോ ചുമത്താൻ സാധിക്കുകയില്ല. സഭ പുതിയ ദൈവ ജനമാണെങ്കിലും യഹൂദർ ദൈവത്താൽ പരിത്യജിക്കപ്പെട്ടവരോ ശപിക്കപ്പെട്ടവരോ ആയി വിശുദ്ധ ലിഖിതങ്ങളിൽ നിന്നുള്ള നിഗമനമെന്ന നിലയിൽ ചിത്രീകരിക്കപ്പെട്ടു കൂടാ. യഹൂദ വിരോധത്തിന്റെ എല്ലാ പ്രകടനങ്ങളും എതെങ്കിലും കാലഘട്ടത്തിൽ ഏതെങ്കിലും വ്യക്തികൾ യഹൂദരോട് ചെയ്തിട്ടുള്ളവയെല്ലം സഭ അപലപിക്കുന്നു. (നോസ്ട്രാ എയ്റ്റെറ്റേ). വളരെ കാലം കഴിഞ്ഞെങ്കിലും ചെയ്ത കുറ്റത്തിന് മാപ്പും അപലപനവും നല്ലത് തന്നെ. പക്ഷേ ഈ കുറ്റങ്ങളത്രയും മതപരമായ കർത്തവ്യം എന്നനിലക്ക് ചെയ്ത് കൂട്ടിയത് സഭ തന്നെയാണെന്നോർക്കണം.

ഇപ്പോഴത്തെ പുതിയ പ്രതിഭാസം ഇസ്റയേൽ രൂപീകരണത്തിന് അനുകൂലരായ യഹൂദ ക്രിസ്ത്യൻ ഐക്യമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ സയണിസത്തിന് ആദ്യം പിന്തുണ വന്നത് പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽ നിന്നാണ്, കത്തോലിക്കരിൽ നിന്നല്ല. അതായത് ക്രിസ്തുവിന്റെ രണ്ടാം വരവിനു മുന്നോടിയായി യഹൂദർ ഫലസ്തീനിൽ കൂടിച്ചേരലും 1948 ലെ ഇസ്റയേൽ സ്റ്റേറ്റ് രൂപീകരണവും ബൈബിളിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ട പ്രവചനങ്ങളാണെന്ന് ക്രിസ്ത്യൻ വീക്ഷണത്തിൽ വിശ്വസിക്കുന്ന ആശയമാണ് ക്രിസ്ത്യൻ സയണിസം. ക്രിസ്ത്യാനികളിൽ ഒരു ചെറുവിഭാഗം 15–ാം നൂറ്റാണ്ടു മുതൽ തന്നെ ക്രിസ്തുമതത്തിന്റെ പ്രാക്തന വിശുദ്ധിലേക്ക് തിരിച്ചു പോകണം എന്ന ആശയത്തിൽ വിശ്വസിച്ചിരുന്നു. അവരെ പുനസ്ഥാപന വാദികൾ Restorationist എന്നാണ് അറിയപ്പെട്ടിരുന്നത്. പല ക്രിസ്തീയ വിഭാഗങ്ങളും ഈ ആശയത്തിൽ പ്രചോദിതരാണ്. യേശുവിന്റെ അനുയായികളായ ആദിമ ക്രിസ്ത്യാനികളെ പോലെ യഹൂദരായ സത്യക്രിസ്ത്യാനികൾ അന്ത്യനാളിൽ യേശു ആഗതനാകുമ്പോൾ യേശുവിനെ സ്വീകരിക്കൻ ജെറുസലേമിൽ ഉണ്ടാവണം എന്നാണ് ഇവർ വിശ്വസിക്കുന്നത്. സയണിറ്റുകളായ ജൂതന്മാരെ പോലെ ഈ ക്രിസ്ത്യാനികളും ഇസ്റയേലിലേക്ക് യഹൂദർ തിരിച്ച് വരാൻ ആഗ്രഹിക്കുന്നവ

രായത് കൊണ്ട് അവർ ഇപ്പോൾ ക്രിസ്ത്യൻ സയണിസ്റ്റുകൾ എന്നാണ് അറിയപ്പെടുന്നത്. പക്ഷേ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യൻ സയണിസത്തിൽ ഒരു അപകടം പതിയിരിപ്പുണ്ട്. അത് വിവരിക്കാം

ഹെർസൽ ഫലസ്തീനിൽ തന്റെ ജൂതരാഷ്ട്ര സ്ഥാപന പദ്ധതിയുമായി പോപ്പ് പിയൂസ് 10 – ാമനെ 1904 ൽ വത്തിക്കാനിൽ സന്ദർശിക്കുകയുണ്ടായി. പോപ്പിന്റെ മറുപടി: 'ഞങ്ങൾക്ക് ജെറുസലേമിലേക്ക് യഹൂദർ പോകുന്നത് തടയാൻ കഴിയില്ല. പക്ഷേ ഒരിക്കലും ഞങ്ങൾക്കതിനെ അംഗീകരിക്കാൻ സാധ്യമല്ല. പോപ്പ് പത്താമൻ തുടർന്നു: ജെറുസലേം ഭൂമി എപ്പോഴും പരിശുദ്ധമാക്കപ്പെട്ടിട്ടില്ലെങ്കിൽ അത് യേശുവിന്റെ ജീവിതം കൊണ്ട് പവിത്രീകരിക്കപ്പെടണം. ചർച്ചിന്റെ തലവൻ എന്ന നിലക്ക് മറ്റൊന്ന് പറയാൻ എനിക്ക് സാദ്ധ്യമല്ല. കാരണം ജൂതജനത ഞങ്ങളുടെ കർത്താവിനെ അംഗീകരിക്കുന്നില്ല. ഞങ്ങൾ ജൂതജനതയെയും അംഗീകരിക്കുന്നില്ല.' ("THEODOR HERZL: Audience with Pope Pius X (1904)". Council of Centers on Jewish-Christian Relations. 26 January 1904. Retrieved on 19 February 2023.

യേശുവിന്റെ രണ്ടാം വരവിന് ശേഷമാണ് ഇസ്റയേൽ രാഷ്ട്രം അഥവാ വാഗ്ദത്ത ഭൂമി സ്ഥാപിക്കുക എന്നതായിരുന്നു പരമ്പരാഗത ക്രിസ്തീയ വിശ്വാസം. എന്നാൽ ഇപ്പോൾ മിശിഹാ വരാൻ വേണ്ടി ഇസ്റയേലിനെ ഒരുക്കുക എന്നതാണ് പുതിയ ക്രൈസ്തവ സയണിസ്റ്റ് ദൈവശാസ്ത്രം. യഹൂദരും ക്രിസ്ത്യാനികളും കൂടി മുസ്‌ലികളെ പൊതുശത്രുവാക്കിക്കൊണ്ടുള്ള ഫലസ്തീന്റെ യഹൂദരാഷ്ട്രം പൂർണതോതിൽ സ്ഥാപിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അതാണ് ഏറ്റവും അവസാനത്തെ യുദ്ധമാണ് ഇസ്റയേൽ ഹമാസ് യുദ്ധം. ഇതിന് വേണ്ടി ഇസ്റയേലിനൊപ്പം ചേർന്ന് ഏറ്റവും ശക്തവും ഊർജ്ജസ്വലമായും ഇപ്പോൾ ലോകം മുഴുവനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അമേരിക്കയിലെ 62 ദശലക്ഷം വരുന്ന ഇവാഞ്ചലിസ്റ്റുകൾ എന്നറിയപ്പെടുന്ന പ്രൊട്ടസ്റ്റന്റ് ക്രിസ്തീയ സുവിശേഷ പ്രചാരകരാണ്. സുവിശേഷം പറഞ്ഞ് ആളുകളെ ക്രിസ്തു മതത്തിലേക്ക് പരിവർത്തിപ്പിക്കുകയാണ് അവരുടെ മുഖ്യ അജണ്ട. യഹൂദർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം (ആവ:7:6) ആണെന്നും അവരെ സംരക്ഷിക്കേണ്ടത് ക്രിസ്ത്യാനികളുടെ ബാധ്യതയാണെന്നുമാണ് ഇവരുടെ പ്രചാരണം. ഇസ്റയേൽ നിന്നും എല്ലാവിധ സഹായ സഹകരണങ്ങളും പ്രോത്സാഹനങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. പ്രൊട്ടസ്റ്റ് ക്രിസ്തീയ രാജ്യമായ അമേരിക്കയിലും നമ്മുടെ കേരളമടക്കം ക്രിസ്തീയ ലോകം മുഴുവൻ ഇസ്റയേലിന് ഇന്ന് കാണുന്ന വൻപിന്തുണക്കും ഇസ്‌ലാമോഫോബിയക്കും കാരണക്കാർ ഈ അമേരിക്കൻ ക്രിസ്ത്യൻ സയണിസ്റ്റുകളായ ഇവാഞ്ചലിസ്റ്റുകളാണ്. 2023 ഒക്ടോബറിൽ ആരംഭിച്ച് ഇസ്റയേൽ ഹമാസ് യുദ്ധത്തിൽ ഇസ്റയേലിന് വേണ്ടി പണപ്പിരിവ് നടത്താൻ ഇവാഞ്ചലിസ്റ്റ് നേതാക്കന്മാർ ക്രിസ്തീയ വിശ്വാസികളോട് അഭ്യർഥിക്കുകയുണ്ടായി. പക്ഷേ അമേരിക്കയിൽ ഇവാഞ്ചലിസ്റ്റ് വിശ്വാസികളിലെ യുവതലമുറയിൽ നിന്നും അവരുടെ ഇസ്റയേൽ അനുകൂല നിലപാടിനെതിരെ വൻ എതിർപ്പ് നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. പ്രൊട്ടസ്റ്റന്റ് ഇവാഞ്ചലിസ്റ്റുകളുടെ ഇസ്റയേലി പ്രേമത്തിൽ യഹൂദർക്ക് ഏറ്റവും അപകടകരമായ ഒരു വിപത്ത് ഒളിഞ്ഞു കിടക്കുന്നുണ്ട് എന്ന് പലരും ചൂണ്ടികാട്ടുന്നു. അതായത് യേശുവിന്റെ രണ്ടാം വരവിന് മുമ്പായി ഇസ്റയേലിലെത്തുന്ന യഹൂദന്മാരെ മുഴുവനും ക്രിസ്ത്യാനികളായി പരിവർത്തിപ്പിക്കേണ്ടതുണ്ട് അതിനാണ് അവരെ ഇസ്റയേലിൽ ഒരുമിച്ചു കൂട്ടുന്നത്. എങ്കിൽ മാത്രമേ യേശുവിന്റെ രണ്ടാം വരവ് സംബന്ധിച്ച പ്രവചനം പുലരുകയുള്ളൂ. ഈത് ഇവാഞ്ചലിസ്റ്റുകളുടെ ഒരു നിഗൂഢ പദ്ധതിയായി വിമർശിക്കുന്നവരുമുണ്ട്. അല്ലാതെ തങ്ങളുടെ ദൈവമായ യേശുവിനെ ക്രൂശിച്ചതിൽ അഭിമാനിക്കുന്ന യഹൂദരെ ക്രിസ്ത്യാനികൾ എന്തിനാണ് ഫലസ്തീനിലേക്ക് ആനയിക്കുന്നത്?

## പ്രവചനത്തിലെ മസീഹ് (മിശിഹാ) അവഗണിക്കപ്പെടുന്നു

യഹൂദ ക്രിസ്ത്യൻ മുസ്‌ലിം മതങ്ങളിൽ ഫലസ്തീനിലേക്കുള്ള യഹൂദരുടെ വരവും ഇസ്റയേൽ സ്റ്റേറ്റ് രൂപീകരണവും മിശിഹാ അഥവാ മസീഹിന്റെ ആഗമനവുമായി ബന്ധപ്പെട്ട യുഗാന്ത്യത്തിൽ സംഭവിക്കുന്ന അടയാളങ്ങളാണ്. ഈ മതങ്ങളിൽ വാഗ്ദത്ത മസീഹിനെ പറ്റി കാണുന്ന പ്രകടമായ വൈരുദ്ധ്യം, യഹോവ യഹൂദർക്ക് വാഗ്ദാനം ചെയ്ത യേശു മിശിഹാ രണ്ടായിരം വർഷം മുമ്പ് ആഗതനായപ്പോൾ അദ്ദേഹം വ്യാജനായതിനൽ തങ്ങൾ അദ്ദേഹത്തെ ക്രൂശിച്ചു കൊന്നു എന്ന് യഹൂദർ വിശ്വസിക്കുന്നു. അവർ ഇപ്പോഴും യഹോവയുടെ വാഗ്ദത്ത മിശിഹായെ കാത്തിരിക്കുകയാണ്. ക്രിസ്ത്യാനികൾ കുരിശിൽ ക്രൂശിതനായി മരിച്ച ആ മിശിഹാ ആകാശത്തേക്ക് പോയെന്നും അവിടെ ദൈവത്തോടൊപ്പം ലോക ഭരണം നടത്തി വരുന്ന മിശിഹാ യുഗാന്ത്യത്തിൽ രണ്ടാമതും ഇറങ്ങി വരുമെന്നും വിശ്വസിക്കുന്നു. മുസ്‌ലികളാകട്ടെ ക്രിസ്ത്യാനികളിൽ നിന്നും തെല്ല് വ്യത്യാസത്തോടെ യേശു അഥവാ ഈസാ നബി(അ)യെ ശത്രുക്കളിൽ നിന്നും രക്ഷപ്പെടുത്താനായി അല്ലാഹു ആകാശത്തേക്ക് ഉയർത്തി എന്നാണ് ഭൂരിപക്ഷ മുസ്‌ലിംകളും വിശ്വസിക്കുന്നത്. ഈ മൂന്ന് സെമിറ്റിക്ക് മതങ്ങളുടെയും എസ്ക്കറ്റോളജി അഥവാ യുഗാന്ത്യസംഭവങ്ങളിൽ പരസ്പര സാമ്യങ്ങളും വൈരുദ്ധ്യവുമുണ്ട്.

ഈ മൂന്നു സെമിറ്റിക് മതങ്ങളിലും മസീഹിന്റെ ഇറക്കത്തെയും ജൂതന്മാരുടെ വരവിനെയും ഇസ്റയേൽ സ്റ്റേറ്റ് രൂപീകരണത്തെയും പറ്റിയും വ്യക്തമായ സൂചനയുണ്ട്. ബൈബിൾ പറയുന്നു. 'നിന്നിൽ നിന്നും ചിതറിത്തെറിച്ചു കളഞ്ഞവർ ജനതകളുടെ ഇടയിൽ നിന്നും നിന്നെ കൂട്ടിചേർക്കുകയും ചെയ്യും. നിന്നിൽ നിന്നും ചിതറി

ക്കപ്പെട്ടവർ ആകാശത്തിന്റെ ഏത് വിദൂര ഭാഗങ്ങളിൽ നിന്നുപോലും നിന്റെ ദൈവമായ കർത്താവ് നിന്നെ ഒന്നിപ്പിക്കും. അവിടെ നിന്ന് അവൻ നിന്നെ കൂട്ടിക്കൊണ്ടു വരും. നിന്റെ പിതാക്കന്മാർക്കു അവകാശമായിരുന്ന ദേശത്തേക്കും നിന്റെ ദൈവമായ കർത്താവ് നിന്നെ കൊണ്ടുവരും. അങ്ങനെ അതു നീ അവകാശമാക്കും. (ആവർത്തനം 30:4,5) ഇസ്‌ലാമിക പ്രമാണങ്ങളിൽ ഇത് സംബന്ധിച്ച് നിരവധി പ്രവചനങ്ങൾ കാണാം. വിശുദ്ധ ഖുർആനിലെ ഒരു പ്രവചനം മാത്രം ഇവിടെ ഉദ്ദരിക്കം; 'അവന് ശേഷം ബനീ ഇസ്രയേല്യരോട് ഞാൻ പറഞ്ഞു. നിങ്ങൾ ആ ഭൂമിയിൽ വസിച്ചു കൊള്ളുക പിന്നീട് ഒടുവിലത്തെ വാഗ്ദാനം പൂർത്തിയാവുന്ന കാലമായാൽ (വാഗ്ദത്ത മസീഹിന്റെ ആഗമനം) നാം നിങ്ങളെ ഒരിക്കൽ കൂടി ഒരുമിച്ചു കൂട്ടുന്നതാണ്.' (ബനീ ഈസ്രായീൽ 17: 106)

ഈ പ്രവചനങ്ങളിലെ മസീഹിന്റെ അഥവാ മിശിഹായുടെ അടയാളമായിട്ടാണ് യഹൂദരുടെ ഇസ്റായേലിലേക്കുള്ള വരവും ഇസ്റയേൽ സ്റ്റേറ്റ് രൂപീകരണവും സാക്ഷ്യം നിൽക്കുന്നത്. യുഗാന്ത്യത്തിൽ സംഭവിക്കേണ്ട ഈ പ്രവചനങ്ങൾ വ്യക്തമായി പുലർന്നിട്ടും ആ അടയാളങ്ങൾ സാക്ഷീകരിക്കപ്പെടുന്ന വാഗ്ദത്ത മിശിഹ എവിടെ എന്ന പ്രസക്തമായ ചോദ്യം അവശേഷിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം ആഗതനായിരിക്കുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) അല്ലാതെ മറ്റാരുമല്ല അത്. അത്ഭുതങ്ങൾ പ്രതീക്ഷിച്ചും അലങ്കാര വചനങ്ങൾ അക്ഷരാർഥത്തിൽ പുലരണമെന്ന് ശഠിച്ചും രാജകീയ വേഷത്തിൽ മസീഹിനെ പ്രതീക്ഷിച്ചിരുന്നവരുടെ മുമ്പിലേക്ക് നിസ്വനും ദരിദ്രനും അവഗണിതനുമായ യേശു വന്നു നിന്നപ്പോൾ അവർ തിരിച്ചറിഞ്ഞില്ല. ആ ദൈവ പുരുഷനെ പരിഹസിക്കുകയും ഭത്സിക്കുകയും മർദ്ദിക്കുകയും ക്രൂശിച്ചുകൊല്ലാൻ ശ്രമിക്കുകയും ചെയ്തു. ഈ ചരിത്ര പാഠം വിശ്വാസികൾക്ക് മുമ്പിൽ പ്രമാണരേഖകളായി ജ്വലിച്ചു നിൽക്കുന്നു. യഥാർഥ വാഗ്ദത്ത മിശിഹയെ തിരിച്ചറിയാൻ ഈ ബൈബിൾ പാഠങ്ങൾ ഉതകുമാറാകട്ടെ. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

'വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്നും ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്ന് നല്ലവണ്ണം ധരിച്ചു കൊള്ളുക. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്ക് ആകാശത്ത് നിന്നും മർയമിന്റെ മകൻ യേശു ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനു ശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ ഈസാ ഇറങ്ങുന്നതായി കാണാതെ മരണമടയുകയും പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാ നബി(അ) യെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും' (തദ്കിറത്തു ശഹാദത്തൈൻ) (അവസാനിച്ചു)

പേജ് നമ്പർ 8 ൽ നിന്ന്

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: ഉഹുദ് ദിനം ഒരു വാളെടുത്ത് റസൂൽ(സ) ചോദിച്ചു: എന്നിൽ നിന്ന് ആരാണ് ഇത് ഏറ്റെടുക്കുക? ഹദ്റത്ത് അബൂദുജാന ചോദിച്ചു എന്താണ് അതിന്റെ കടമ.? റസൂലുല്ലാഹ്(സ) പറഞ്ഞു: അത് കൊണ്ട് ഒരു മുസ്‌ലിമിനെയും കൊല്ലരുത്; അവിശ്വാസിയിൽനിന്ന് ഒളിച്ചോടരുത്, സ്ഥൈര്യത്തോടെ യുദ്ധം ചെയ്യണം. അദ്ദേഹം ആ വാളെടുത്ത് മുശ്‌രിക്കുകളുടെ ശിരച്ഛേദം നടത്തുകയും അതിനോടുള്ള കടമ നിറവേറ്റുകയും ചെയ്തു.

ഹദ്റത് മിർസാ ബശീർ അഹമദ് സാഹിബ്(റ) എഴുതുന്നു, തിരുനബി(സ)യുടെ ആ വാളെടുക്കാൻ സുബൈർ ഏറ്റവും കൂടുതൽ ആഗ്രഹിച്ചിരുന്നു. എന്നാൽ തിരുനബി(സ) അബൂദുജാനയ്ക്ക് വാൾ നൽകിയപ്പോൾ, അബൂദുജാന വാളുകൊണ്ട് എന്ത് ചെയ്യുമെന്ന് നോക്കാമെന്ന് അദ്ദേഹം ശപഥം ചെയ്തു. അബൂദുജാന വാളെടുത്ത് മുശ്‌രിക്കുകളുടെ നിരയിലേക്ക് തുളച്ചുകയറുകയും മരണം വിതറുകയും ചെയ്തുകൊണ്ട് അദ്ദേഹം ഖുറൈശികളുടെ സ്ത്രീകൾ നിൽക്കുന്ന സൈന്യത്തിന്റെ മറുവശത്ത് എത്തി. അബൂസുഫിയാന്റെ ഭാര്യ ഹിന്ദ് അവരുടെ മുന്നിൽ വന്ന് ഉറക്കെ നിലവിളിക്കുകയും സഹായത്തിനായി ആളുകളെ വിളിക്കുകയും ചെയ്തു; പക്ഷേ ആരും അവളെ സഹായി ക്കാൻ വന്നില്ല. അബൂദുജാന തന്റെ വാൾ താഴ്ത്തി അവിടെ നിന്ന് പോയി. പിന്നീട് സുബൈർ (ഇതിനെപറ്റി) ചോദിച്ചപ്പോൾ പറഞ്ഞു: റസൂൽ(സ)ന്റെ വാൾ ഒരു ദുർബലയായ സ്ത്രീക്ക് നേരെ പ്രയോഗിക്കാൻ എന്റെ മനസ്സ് അനുവദിച്ചില്ല; ആ സമയം അവരുടെ കൂടെ ഒരു പുരുഷനും സംരക്ഷണത്തിന് ഇല്ലായിരുന്നു.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു, റസൂൽ(സ) എല്ലായ്പ്പോഴും സ്ത്രീകളെ ബഹുമാനിക്കാനും ആദരിക്കാനുമുള്ള അധ്യാപനം നൽകിയിരുന്നതിനാലാണ് അവിശ്വാസികളുടെ സ്ത്രീകൾ കൂടുതൽ ധൈര്യത്തോടെ മുസ്‌ലിംകൾക്ക് നഷ്ടം വരുത്താൻ ശ്രമിച്ചിരുന്നത്. എന്നിട്ടും മുസ്‌ലിംകൾ ഈ കാര്യങ്ങളിൽ ക്ഷമ കൈകൊണ്ടിരുന്നു. ചുരുക്കത്തിൽ ഇതാണ് ഇസ്‌ലാമിക യുദ്ധങ്ങളുടെ നിയമം.

ഇൻശാ അല്ലാഹ് ബാക്കി പിന്നീട്.

അവസാനം ഹുസൂർ അൻവർ പറഞ്ഞു: ദുആ ചെയ്തുകൊണ്ടിരിക്കുക. ഫലസ്തീനികൾക്കു വേണ്ടിയും പ്രാർത്ഥിക്കുക. അക്രമം അതിന്റെ പാരമ്യതയിൽ എത്തിയിരിക്കുന്നു. അനുദിനം അത് വർധിച്ചുവരികയാണ്. അല്ലാഹു അക്രമികളെ പിടികൂടാനുള്ള അവസരം ഒരുക്കട്ടെ, മർദ്ദിതരായ ഫലസ്തീനികൾക്ക് അവൻ എളുപ്പം സൃഷ്ടിക്കട്ടെ. മുസ്‌ലിം രാജ്യങ്ങൾക്ക് ജ്ഞാനവും വിവേകവും നൽകട്ടെ. അതിലൂടെ അവരുടെ ശബ്ദം ഒന്നാകുകയും മുസ്‌ലിം സഹോദരങ്ങൾക്ക് വേണ്ടി അവരുടെ അവകാശം നൽകാൻ ശ്രമിക്കുകയും ചെയ്യട്ടെ.

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## ഖലീഫത്തുൽ മസീഹ് അവ്വൽ رضي الله عنه

ആരെങ്കിലും ആരോഗ്യം എങ്ങനെ ഉണ്ടെന്നു ചോദിച്ചാൽ അല്ലാഹുവിനു ശുക്ർ ചെയ്തു കൊണ്ട് ചികിത്സിക്കുന്ന ഡോക്ടറേയും ശുശ്രൂഷിക്കുന്നവരെയും പുകഴ്ത്തുകയും അവരുടെ സഹായത്താൽ എല്ലാം നല്ലതു പോലെ നടക്കുന്നു എന്നു പറയുകയും ചെയ്യും.

ഇബ്നു വഫാ ബേപ്പൂർ

### അനഹ്മദിയായ ഒരു മാന്യദേഹത്തിന്റെ ഖാദിയാൻ സന്ദർശനവും പ്രതികരണവും

അമൃതസറിലെ അനഹ്മദിയായ ഒരു മാന്യവ്യക്തി മിയാ മുഹമ്മദ് അസ്ലം സാഹിബ് 1913 മാർച്ചിൽ ഖാദിയാനിൽ വന്നിട്ടുണ്ടായിരുന്നു. തന്റെ ഖാദിയാൻ യാത്രയെ കുറിച്ചും അനുഭവങ്ങളെ സംബന്ധിച്ചും അദ്ദേഹം എഴുതുകയാണ്. ഇസ്ലാമിന്റെ ശോചനീയവും നിരാശാജനകവുമായ അവസ്ഥയുടെ പശ്ചാത്തലത്തിൽ, തങ്ങൾ എഴുത്തിന്റേയും പ്രസംഗത്തിന്റേയും രണാങ്കണത്തിലൂടെ ലോകത്തെ കീഴടക്കുകയും, ഇസ്ലാമിന്റെ അധീനതയിൽ കൊണ്ടു വരികയും ചെയ്യുമെന്നത് അഹ്മദിയാ ജമാഅത്തിന്റെ ദീർഘനാളത്തെ അവകാശ വാദമാണ്. അവരുടെ ഈ വാദത്തിൽ വല്ല കഴമ്പുമുണ്ടോ, അവർക്കതിനുള്ള കെൽപ്പുണ്ടോ എന്നറിയാനുള്ള വാഞ്ച ഇക്കഴിഞ്ഞയാഴ്ച എന്നെ അമൃത്സറിൽ നിന്നും ഖാദിയാനിലേയ്ക്കു പോകാൻ നിർബന്ധിതനാക്കി.

അതിനായി ഞാനും എന്റെ സ്നേഹിതൻ മൗലവി സിയാ ഉല്ലാഹ് സാഹിബും ബട്ടാല റെയിൽവേ സ്റ്റേഷനിൽ എത്തിയ ശേഷം അവിടെ നിന്നും കുതിരവണ്ടിയിൽ ഖാദിയാനിൽ എത്തുകയും മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബിന്റെ അതിഥിയാവുകയും ചെയ്തു. കരുണാർദ്രമനസ്കനായ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിന്റെ ആതിഥേയത്വത്തിൽ ഞങ്ങൾക്കു ഖാദിയാനിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടായില്ല. അവിടെ മൗലവി നൂറുദ്ദീൻ സാഹിബുമായും സാഹിബ്സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബുമായും കൂടിക്കാഴ്ച നടത്തുവാനുള്ള ഭാഗ്യവും ഞങ്ങൾക്കു ലഭിക്കുകയുണ്ടായി.

മൗലവി നൂറുദ്ദീൻ സാഹിബ്, മിർസാ സാഹിബിന്റെ ഖലീഫയായ കാരണത്താൽ ഇപ്പോൾ അഹ്മദിയാ ജമാഅത്തിന്റെ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ആത്മീയ നേതാവാണ്. ഞാൻ രണ്ടു ദിവസം അദ്ദേഹത്തിന്റെ ഉപദേശ മജ്ലിസുകളിലും ഖുർആൻ ദറസുകളിലും പങ്കെടുത്തു കൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടിരുന്നു. അദ്ദേഹം അങ്ങേയറ്റം പരിശുദ്ധിയിലും അല്ലാഹുവിനു വേണ്ടി മാത്രം നിലകൊള്ളുന്ന ആളായും എനിക്കു കാണാൻ കഴിഞ്ഞു. മൗലവി സാഹിബിന്റെ പ്രവർത്തന രീതി കപടനാട്യത്തിൽ നിന്നും പ്രദർശനപരതയിൽ നിന്നും തികച്ചും പരിശുദ്ധമാണ്. അദ്ദേഹത്തിന്റെ ഹൃദയദർപണത്തിൽ എന്നും ഇസ്ലാമിന്റെ സത്യതയെ തുറന്നു കാട്ടുന്ന അതിമഹത്തായ ആവേശവും ഔത്സുക്യവുമാണുള്ളത്. അത് ഏകദൈവ വിശ്വാസ ജ്ഞാനത്തിന്റെ പരിശുദ്ധവും നിർമലവുമായ നീരുറവയുടെ രൂപത്തിൽ പരിശുദ്ധ ഖുർആന്റെ ആയത്തുകളുടെ വ്യാഖ്യാനം നിഷ്കപടമായ അദ്ദേഹത്തിന്റെ നെഞ്ചകത്തു നിന്നും സദാ തിളച്ചു പൊങ്ങി ഏകദൈവ വിശ്വാസ ജ്ഞാന ദാഹികളുടെ തൃഷ്ണയെ ശമിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

യഥാർഥ ഇസ്ലാം വിശുദ്ധ ഖുർആനാണെങ്കിൽ ആ ഖുർആനോടുള്ള മൗലവി സാഹിബിന്റെ സത്യസന്ധവും ആത്മാർഥവുമായ സ്നേഹം ഞാൻ മറ്റൊരു വ്യക്തിയിലും കണ്ടില്ല. അതു വിശ്വാസപരമായി അങ്ങനെ ചെയ്യാൻ മൗലവി സാഹിബ് നിർബന്ധിതനായതു കൊണ്ടല്ല, മറിച്ച് അദ്ദേഹം പ്രബലനായ ദാർശനികനും അഗാധ ചിന്തയുള്ള തത്ത്വജ്ഞാനിയായതു കൊണ്ടുമാണ്. അദ്ദേഹം തത്ത്വശാസ്ത്രപരമായ വിമർശനത്തിലൂടേയും നിരൂപണത്തിലൂടേയും ഖുർആനോടുള്ള സ്നേഹത്തിൽ ബന്ധിതനായിരിക്കുകയാണ്. കാരണം ഞാൻ അദ്ദേഹത്തിന്റെ ഖുർആൻ ദറസിൽ കേട്ടതു പോലുള്ള വിശുദ്ധ ഖുർആന്റെ ശക്തവും തത്ത്വശാസ്ത്രപരവുമായ വ്യാഖ്യാനം, നടത്താൻ കഴിവുള്ളവർ ഒരു പക്ഷേ, ലോകത്തു തന്നെ വിരലിലെണ്ണാവുന്നവർ മാത്രമേ ഉണ്ടാവുകയുള്ളു. ശക്തരും ആരോഗ്യ ദൃഢഗാത്രരുമായ രണ്ടു മൂന്നു പേർ ഒരുമിച്ചു ചേർന്നാൽ പോലും ചെയ്തു തീർക്കാൻ പ്രയാസമുള്ള പ്രവൃത്തിയാണു എൺപതു വയസ്സുള്ള വൃദ്ധനായ ഒരാൾ പുലർക്കാലം മുതൽ രാവേറെ വൈകു

വോളം തുടർച്ചയായി ചെയ്തു കൊണ്ടിരിക്കുന്നത്. അതെന്നെ വല്ലാതെ ആശ്ചര്യപ്പെടുത്തുന്നു.

മൗലവി സാഹിബ് അസാധാരണ ശാരീരിക ശക്തിയുള്ളയാളാണെന്നു ഞാൻ കരുതുന്നില്ലെങ്കിലും കർത്തവ്യ നിർവഹണത്തിൽ മൗലവി സാഹിബ് റസൂൽ കരീമി(സ)ന്റെ പരിശുദ്ധരായ സഹാബാക്കളെ പൂർണ അർഥത്തിൽ പിന്തുടരുന്നയാളാണെന്നു പറഞ്ഞില്ലെങ്കിൽ അതു സത്യത്തെ ബലി കഴിക്കുന്നതിനു തുല്യമായിരിക്കും അദ്ദേഹത്തിന്റെ ഓരോ അനക്കത്തിലും ഇളക്കത്തിലും സഹാബാക്കളുടെ നിഷകളങ്കതയും ലാളിത്യവും നിറഞ്ഞു നിൽക്കുന്നതായി കാണാം. അദ്ദേഹം ഒരിക്കലും തന്നെ വ്യക്തി മാഹാത്മ്യം പ്രകടിപ്പിക്കുന്നതിനായി തന്റെ മജ്ലിസുകളിൽ ഒരു വിവേചനവും ഉണ്ടാക്കിയിട്ടില്ല. ധനികനെന്നോ പാവപ്പെട്ടവനെന്നോ ഉള്ള വേർതിരിവിന്റെ ശാപം അവിടം തീണ്ടിയിട്ടേയില്ല.

സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബുമായി മുലാഖാത്ത് നടത്താൻ സാധിച്ചതിൽ ഞങ്ങൾക്കു അതീവ സന്തോഷമുണ്ട്. സാഹിബ് സാദാ സാഹിബ് വളരെ സൗമ്യശീലനും ലാളിത്യം ഇഷ്ടപ്പെടുന്നയാളുമാണ്. അദ്ദേഹം കുശാഗ്ര ബുദ്ധിയുള്ളയാളും കാര്യാലോചകനും ഭരണതന്ത്രജ്ഞനുമാണ്. അദ്ദേഹവുമായി ഞങ്ങൾ പല കാര്യങ്ങൾ സംസാരിച്ചിട്ടുണ്ടായിരുന്നു. അതിൽ ഭാരതത്തിന്റെ ഭാവിയെ കുറിച്ചുള്ള ചർചയിൽ ലോക ജനതയുടെ ഭൂതകാല സംഭവങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം വിവരിച്ച കാര്യങ്ങൾ വളരെ മഹത്തായതും ഒരു ഭരണതന്ത്രജ്ഞന്റെ വൈദഗ്ദ്ധ്യത്തോടും ബുദ്ധിയോടും കൂടിയുള്ളതായിരുന്നു. ഒരാഴ്ചയെങ്കിലും ഖാദിയാനിൽ തങ്ങാൻ അദ്ദേഹം വിനയ പുരസ്സരം എന്നോടു അപേക്ഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സമയക്കുറവു കാരണം അദ്ദേഹത്തിന്റെ ആ അപേക്ഷ സ്വീകരിക്കാൻ നിർവാഹമില്ലായിരുന്നു.

റിവ്യൂ ഓഫ് റിലീജിയൻസിന്റെ പത്രാധിപരായ മൗലവി മുഹമ്മദ് അലി സാഹിബിനേയും കാണണമെന്നു ഞാൻ കുറേ ആഗ്രഹിച്ചിട്ടുണ്ടായിരുന്നു. വലിയ പള്ളിയിൽ (മസ്ജിദ് അഖ്സ) വെച്ചു അദ്ദേഹത്തെ കാണുകയും ഹസ്ത ദാനം നടത്തുകയും ചെയ്തിട്ടും,വ്യസനകരമെന്നു പറയട്ടെ ഹൃദയംഗമമായ സ്നേഹത്തോടെ അദ്ദേഹത്തോടു ഹസ്ത ദാനം ചെയ്യുന്ന അപരിചിതരായ ഈ മുസ്‌ലിം യാത്രക്കാരെ ഗൗനിക്കുകയോ ഇവർ ആരാണെന്നു ചോദിക്കാനുള്ള സന്മനസ്സു കാണിക്കുകയോ അദ്ദേഹം ചെയ്തില്ല. അതിനാൽ അദ്ദേഹത്തെ കാണാൻ സാധിച്ചുവെന്നല്ലാതെ സംസാരിക്കുവാനുള്ള ഭാഗ്യം ഞങ്ങൾക്കു ലഭിച്ചില്ല.

ഇതിനു പുറമെ ഖാദിയാനിൽ രണ്ടു ദിവസം താമസിച്ചു കൊണ്ട് എല്ലാം വളരെ ശ്രദ്ധാപൂർവ്വം നോക്കിക്കാണുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. ഞങ്ങൾ യഥാർഥ ഇസ്‌ലാമിക സമൂഹത്തെ ലോകത്തു വീണ്ടും നില നിർത്തുമെന്നു അവകാശപ്പെടുന്ന അഹ്മദിയാ ജമാഅത്ത് അതിനു വേണ്ടി സ്ഥാപിച്ചിട്ടുള്ള മദ്റസ അഹ്മദിയയും ഹൈസ്ക്കൂളും ഞങ്ങൾ കണ്ടു. ഹൈസ്ക്കൂളിൽ മുസ്‌ലിം വിദ്യാർഥികൾക്കു ഖുർആൻ മജീദിന്റെ വ്യാഖ്യാനവും പഠിപ്പിക്കുന്നുണ്ട്. ഈ കുട്ടികൾ മറ്റുള്ളവരോടൊപ്പം അസർ നമസ്ക്കാരത്തിനു ശേഷം വലിയ പള്ളിയിൽ നടക്കുന്ന മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഖുർആൻ ദറസിലും കൃത്യമായി പങ്കെടുക്കുന്നുണ്ട്. അഹ്മദിയാ ജമാഅത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തീർച്ചയായും അഭിനന്ദനമർഹിക്കുന്ന ഒന്നാണ്.

പൊതുവിൽ ഖാദിയാനിലെ അഹ്മദികളെ നോക്കി അവർ ഏക ദൈവ വിശ്വാസത്തിന്റെ ലഹരിയിലാണു കഴിഞ്ഞു കൂടുന്നതെന്നു പറയുവാൻ സാധിക്കും. ഖുർആൻ മജീദിനോടു ഈ ജമാഅത്തിലുള്ളവർ കാണിക്കുന്നതു പോലുള്ള യഥാർഥ സ്നേഹം എനിക്കു മറ്റെവിടേയും കാണാൻ സാധിച്ചിട്ടില്ല. ചെറിയ പള്ളിയിൽ സുബഹി നമസ്ക്കരിച്ച ശേഷം വെളിച്ചം വരാൻ കാത്തു നിൽക്കാതെ നേരിയ ഇരുട്ടിൽ ഞാൻ പള്ളിയിൽ നിന്നും പുറത്തിറങ്ങി അഹ്മദിയാ മഹല്ലയിലൂടെ ചുറ്റിക്കറങ്ങുകയുണ്ടായി. ആ സമയം, പ്രായഭേദമന്യേ മുഴുവൻ അഹ്മദികളും കുട്ടികളെന്നോ സ്ത്രീകളെന്നോ പുരുഷന്മാരെന്നോ ഉള്ള വ്യത്യാസവുമില്ലാതെ വിളക്കിനു മുന്നിലിരുന്നു ഖുർആൻ പാരായണം ചെയ്യുന്നതാണു ഞാൻ കണ്ടത്. ബോർഡിങ്ങിൽ താമസിച്ചു പഠിക്കുന്ന നൂറുക്കണക്കിനു കുട്ടികളുടെ ഖുർആൻ പാരായണവും അഹ്മദികളായ കച്ചവടക്കാർ തങ്ങളുടെ കടകളിലിരുന്നും അതിഥി മന്ദിരങ്ങളിൽ (ഗസ്റ്റ് ഹൗസ്) താമസിച്ചു കൊണ്ടിരിക്കുന്ന അഹ്മദികളായ യാത്രക്കാരുടേയും ഖുർആൻ പാരായണം ഹൃദ്യവും പരിപാവനവുമായ കാഴ്ചയായിരുന്നു. അതെനിക്കൊരിക്കലും മറക്കാനാവുകയില്ല. ആകാശത്തുനിന്നും പരിശുദ്ധാത്മാക്കൾ കൂട്ടം കൂട്ടമായി ഇറങ്ങി വന്നു ഭൂമിയിൽ മുഴുവൻ മനുഷ്യരാശിയുടേയും മേൽ ഖുർആൻ പാരായണത്തിലൂടെ ഖുർആന്റെ ആധിപത്യം സ്ഥാപിക്കുകയാണോ ഇവർ ചെയ്യുന്നതെന്നു തോന്നിപ്പോകും. ചുരുക്കത്തിൽ ഖാദിയാനിലെ അഹ്മദികൾ ഖുർആന്റെ മറ്റൊരു മുഖമായി എനിക്കു തോന്നി.

ഇന്ത്യയിൽ വലിയ വലിയ ഔലിയാക്കളുടെയും പീർമാരുടേയും ഖബർ പൂജകളിലൂടെ അവരുടെ പിൻഗാമികളും ഖലീഫമാരും ഇസ്‌ലാമിന്റെ അടിസ്ഥാന ശിലയായ തൗഹീദി (ഏകദൈവ വിശ്വാസം) ന്നേൽപ്പിച്ച ആഘാതം പോലുള്ളതിന്റെ നേരിയ ലാഞ്ചന പോലും ഞാനെന്റെ രണ്ടു ദിവസത്തെ ഖാദിയാൻ സന്ദർശനത്തിന്നിടയിൽ എങ്ങും കണ്ടില്ല. മിർസാ സാഹിബിന്റെ ഖബറും ഞാൻ ചെന്നു കണ്ടു. അതിനെ ഒരുതരത്തിലും ഉന്നതമാക്കുകയോ ആഡംബര രീതിയിൽ മോടി പിടിപ്പിക്കുകയോ ചെയ്തിട്ടില്ല. അതിന്റെ ചുറ്റുപാടുമുള്ള മറ്റു ഖബറുകളേക്കാൾ മിർസാ സാഹിബിന്റെ ഖബറിനു ഒരു പ്രാധാന്യവും കൊടുത്തതായി എനിക്കു തോന്നിയിട്ടില്ല. സാധാരണ ദർഗകളിലും പീർമാരുടെ ഖബറിടങ്ങളിലും കണ്ടു വരുന്ന

നടത്തിപ്പുകാരെ ആരേയും ഞാന വിടെ കണ്ടില്ല. അവിടെ ഖബർ സിയാറത്തു ചെയ്യുന്നവരെയോ ദുആ ചെയ്യാൻ വന്നവരേയോ എനിക്കവിടെ കാണാൻ സാധിച്ചില്ല. (മിയാ മുഹമ്മദ് അസ്‌ലം സാഹിബ് ബഹിശ്ത്തി മഖ്ബറയിൽ മസീഹ് മൗഊദി(അ)ന്റെ ഖബർ കാണാൻ ചെന്ന ആ സമയത്തു അവിടെ ദുആ ചെയ്യാൻ ആരും ഉണ്ടായിട്ടില്ലായി രിക്കാം. എന്നാൽ റസൂൽ കരീമി(സ) ന്റെ നിർദേശമനുസരിച്ചു ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഖബർ സിയാ റത്ത് ചെയ്യാറുണ്ട്. ദുആ ചെയ്യാറു മുണ്ട്. എന്നാൽ ദുആ ചെയ്യുന്നവർ മസീഹ് മൗഊദിനെ വിളിച്ചു കൊ ണ്ടല്ല തനിക്കു വേണ്ടി ദുആ ചെയ്യുകയോ തന്റെ ആവശ്യങ്ങൾ ഉണർത്തുകയോ ചെയ്യുന്നത്. മറിച്ചു ആ പുണ്യാത്മാവിന്റെ ഉന്നതമായ ആത്മീയ സ്ഥാനത്തിനും അദ്ദേഹം കൊണ്ടു വന്ന പ്രസ്ഥാനത്തിലൂടെ ഇസ്‌ലാമിന്റെ വിജയത്തും സ്വന്തം മഗ്ഫിറത്തിനും വേണ്ടി അല്ലാഹു വിനോടാണു ദുആ ചെയ്യുന്നത്. (ലേഖകൻ.)

പീർമാരുടേയും ഖബർ പൂജ നടക്കുന്നയിടങ്ങളിലും കണ്ടു വരുന്ന വിളക്ക് കത്തിക്കൽ മിർസാ സാഹി ബിന്റെ ഖബറിൽ ഉണ്ടോയെന്നു ഞാനെന്റെ രണ്ടു കണ്ണും തുറന്നു പിടിച്ചു കൊണ്ട് കണ്ടെത്താൻ ശ്ര മിച്ചെങ്കിലും അതിന്റെ ഒരടയാള വും എനിക്കു ലഭിച്ചില്ല. അതു പോ ലെ മൗലവി നൂറുദ്ദീൻ സാഹി ബിൽ നിന്നും ആരും തന്നെ ഉറുക്ക് കെട്ടിക്കുന്നതൊ മന്ത്രിച്ചൂ ദിക്കുന്നതോ എനിക്കു കാണാൻ സാധിച്ചില്ല. എവിടെ തിരിഞ്ഞാ ലും നിഷ്കപടമായ തൗഹീദിന്റെ (ഏകദൈവ വിശ്വാസം) അതിപ്രസരം മാത്രമേ കാണുവാൻ സാധിച്ചുള്ളു. എവിടെ നോക്കിയാലും ഖുർആനും അതിന്റെ അധ്യാപനങ്ങളും മാത്രം. ഞങ്ങൾ ഇസ്‌ലാമിനെ സമാധാന പാതയിലൂടെ സഞ്ചരിച്ചു ലോകത്തു പ്രചരിപ്പിക്കുമെന്ന അഹ്മദിയാ ജമാ അത്തിന്റെ വാദത്തിൽ കഴമ്പുണ്ടെ ന്നും അവർക്കതിനു കെൽപ്പിണ്ടെ ന്നും എനിക്കു മനസ്സിലായി. അ ഹ്മദികൾ ഖുർആനെ പരിപൂർ ണമായും പിന്തുടരുന്നവരും ഇസ് ലാമിനു വേണ്ടി ജീവത്യാഗം ചെ യ്യാൻ സന്നദ്ധരായിട്ടുള്ളവരുമാണ്. ലോകത്തിലുള്ള മുഴുവൻ മുസ്‌ലിം കളും പ്രത്യേകിച്ചു ഇന്ത്യയിലുള്ള മുസ്‌ലിംകളെങ്കിലും ഇസ്‌ലാമിന്റെ പ്രചരണത്തിൽ അഹ്മദികളെ സഹാ യിക്കുകയാണെങ്കിൽ യൂറോപ്പ് ഇ സ്‌ലാമിന്റെ കിരണങ്ങളാൽ പ്രകാശ പൂരിതമാകുമെന്നത് തീർച്ച. (ബദർ 1913 മാർച്ച് 13)

### അവസാന കാല രോഗാവസ്ഥയിലും ഉന്നതവും ഉൽകൃഷ്ടവുമായ പെരുമാറ്റം

എത്ര വലിയവരും ശക്തരും ധീ രരും പുണ്യവാളന്മാരായി ഗണിക്ക പ്പെടുന്നവരായാലും ദീർഘകാലം രോഗം മൂലം കഷ്ടപ്പാടിലും ദുരിത ത്തിലും കഴിഞ്ഞാൽ അവരുടെ മ നോധൈര്യവും നെഞ്ചുറപ്പും ചോർ ന്നു പോകും. അവർ പിന്നീട് മുൻ കോപികളും മൂശേട്ടകളുമായി മാ റും. അവർ ആവശ്യത്തിനും അനാ വശ്യത്തിനും ഭാര്യയേയും മക്ക ളേയും വേലക്കാരേയും കുറ്റം പറ യും. എപ്പോഴും പിറുപിറുത്തു കൊ ണ്ടുമിരിക്കും. എവിടം വരെയെന്നാൽ ചിലപ്പോൾ ചികിത്സിക്കുന്ന ഡോ ക്ടറേയും വഴക്കു പറയും ചീത്ത വിളിക്കും. എല്ലാവരും അങ്ങനെ യല്ലായെങ്കിലും ഇതു പൊതുവിൽ എല്ലായിടത്തും കണ്ടു വരുന്ന ഒരു സാധാരണ പ്രതിഭാസമാണ്.

എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വളരെയധികം ശാ രീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസരത്തിലും എല്ലായിപ്പോഴും പ്ര സന്നവദനും എല്ലാവരോടും വളരെ സ്നേഹത്തിലും ഉന്നതവും ഗാംഭീ ര്യം നിറഞ്ഞതും ഉൽകൃഷ്ടവും മഹത്തരവുമായ രീതിയിലായിരുന്നു പെരുമാറിയിരുന്നത്. ആരെങ്കിലും ആരോഗ്യാവസ്ഥയെ കുറിച്ചു ചോ ദിച്ചാൽ അല്ലാഹുവിനു ശുക്ർ ചെ യ്തുകൊണ്ട് ചികിത്സിക്കുന്ന ഡോ ക്ടറേയും ശുശ്രൂഷിക്കുന്നവരെയും പുകഴ്ത്തുകയും അവരുടെ സഹാ യത്താൽ എല്ലാം നല്ലതുപോലെ നടക്കുന്നു എന്നു പറയുകയും ചെ യ്യും. ഒരിക്കലും തന്നെ ആരെ കുറി ച്ചും ഒരു പരാതിയും പറയാറില്ല.

മിർസാ ഖുദാ ബഖ്ശ് സാഹിബ്(റ) പറയുകയാണു ഹുദൂറിനു അസു ഖവും ക്ഷീണവും ബലഹീനതയും വർദ്ധിച്ച അവസാന ഒന്നൊന്നര മാസം നമ്മുടെ അഹ്മദി ഡോക് ടർമാർ എല്ലായി പ്പോഴും ഹുദൂറി ന്നരികിൽ തന്നെ ഉണ്ടാകുമായിരു ന്നു. ഒരിക്കൽ ഹുദൂറിന്റെ വഫാ ത്തിനു രണ്ടു മൂന്നു ദിവസം മുമ്പ് നമ്മുടെ ഡോക്ടർമാർ ഹുദൂറിനു സൂപ്പ് കൊടുക്കുകയായിരുന്നു. ആ സമയം ഹുദൂറിന്റെ ക്ഷീണവും ബ ലക്കുറവും കണ്ട് അവർ പറഞ്ഞു ഹുദൂർ കിടന്നു കൊണ്ട് തന്നെ സൂപ്പ് കുടിച്ചാലും. ഹുദൂർ പറ ഞ്ഞു വേണ്ട എന്നെ എഴുന്നേൽപി ച്ചു ഇരുത്തിക്കൊള്ളു. അങ്ങനെ ഹു സൂറിനെ ചാരിയിരുത്തിയ ശേഷം തലയിണ വെച്ചു താങ്ങിക്കൊണ്ട് ഈ വിനീതൻ ഹുദൂറിന്റെ പിറകിൽ ഇരുന്നു.

ആ അവസരത്തിൽ ഡോക്ടർമാരെ നോക്കി ഹുസൂർ ഇങ്ങനെ പറഞ്ഞു. ചികിത്സയിലൂടെ എന്റെ ശരീരത്തിനു അൽപം പോലും ഊർജവും ഉണർ വും ലഭിച്ചിട്ടില്ല. ഇരിക്കാനുള്ള ശക് തി ഒട്ടും ഇല്ല. എന്നിട്ടും ഞാൻ ഇരിക്കാൻ ശ്രമിക്കുന്നത് നിങ്ങൾക്കു നിരാശ തോന്നരുത് എന്ന നിലക്കാ ണ്. ഈ ദുർബലാവസ്ഥയിലും ഞാൻ അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഭയപ്പെടുന്നവനല്ലെന്നു പറ യാതെ പറഞ്ഞു കൊണ്ട് ഹുസൂർ ഡോക്ടർമാരേയും ശുശ്രൂശിക്കുന്ന വരേയും നിരാശരാകാതിരിക്കാൻ അവരെ ആശ്വസിപ്പിക്കുകയാണ് ചെ യ്യുന്നത്. ഹുസൂറിന്റെ എത്രമാത്രം വിശാലവും ഉന്നതവുമായ സ്വഭാവ മഹിമയും ചിന്താഗതിയുമാണിത്.

### ബ്രിട്ടീഷുകാരൻ ഡോക്ടർ ലാഹോറിൽ നിന്നും ഖാദിയാനിലേയ്ക്കു

ഹുസൂറിന്റെ അവസാന കാല രോഗത്തെ കുറിച്ചു ഹദ്റത്ത് മിർ സാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പറയുകയാണ് ഹുസൂറി നു തുടക്കത്തിൽ വാരിയെല്ലിന്റെ ഭാഗത്തു വേദനയായിരുന്നു ഉണ്ടാ യിരുന്നത്. അതോടൊപ്പം ചെറിയ പനിയും ഛർദിയും ഉണ്ടായി. എന്നാ ലതു വർദ്ധിച്ചു വർദ്ധിച്ചു ശ്വാസത ടസ്സവും ക്ഷയ രോഗം പോലുള്ള അവസ്ഥയുമായി മാറി. അതിനു

ശേഷം ഹുദൂർ കിടക്കയിൽ നിന്നും എഴുന്നേറ്റിട്ടില്ല. അത്തരത്തിൽ ആരോഗ്യം ക്ഷയിക്കുകയും ബലഹീനതയും ക്ഷീണവും വർദ്ധിക്കുകയും ശബ്ദം വളരെ നേർത്തതായിത്തീരുകയും ഭക്ഷണം കഴിക്കൽ പേരിനു മാത്രമായി ചുരുങ്ങുകയും ചെയ്തപ്പോൾ ലാഹോർ ജമാഅത്തിലെ നമ്മുടെ സഹോദരന്മാരുമായി കൂടിയാലോചിച്ചു ഒരു സ്പെഷ്യലിസ്റ്റു ഡോക്ടറെ അവിടെ നിന്നു വിളിച്ചു കൊണ്ടു വരുന്നതിനായി 1914 ഫിബ്രവരി 14ാം തിയ്യതി ഹദ്റത്ത് ഭായി അബ്ദുർറഹീം സാഹിബ് ഖാദിയാനി[൧]യെ ലാഹോറിലേയ്ക്കയച്ചു. അദ്ദേഹം അവിടത്തെ സഹോദരന്മാരുടെ അഭിപ്രായമനുസരിച്ചു വളരെ പ്രശസ്തനും പ്രഗൽഭനുമായ ഇംഗ്ലീഷ് ഡോക്ടർ മലോലിനേയും കൂട്ടി ഖാദിയാനിൽ വന്നു. അദ്ദേഹത്തോടൊപ്പം നമ്മുടെ ഡോക്ടർ സയ്യിദ് മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബും ഉണ്ടായിരുന്നു.

ഡോക്ടർ വളരെ സമയമെടുത്തു ഹുദൂറിനെ വിശദമായി പരിശോധിച്ച ശേഷം പറഞ്ഞു: ശ്വാസകോശത്തിനു കുഴപ്പമൊന്നുമില്ല. നാഡിമിടിപ്പും സാധാരണ നിലയിൽ തന്നേയാണുള്ളത്. ആമാശയത്തിൽ കുറച്ചു കുഴപ്പമുണ്ട്. വാർദ്ധക്യം കാരണം പേശികളിലും നല്ല ബലക്ഷയമുണ്ട്. പിന്നീട് അദ്ദേഹം നമ്മുടെ ഡോക്ടർമാരായ മിർസാ യാഅ്ഖൂബ് ബേഗ് സാഹിബ്, ഡോക്ടർ സയ്യിദ് മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബ്, ഡോക്ടർ ഖലീഫാ റശീദുദ്ദീൻ സാഹിബ് എന്നിവരുമായി കൂടിയാലോചന നടത്തിയ ശേഷം ചില മരുന്നുകൾ നിർദേശിക്കുകയുണ്ടായി. ഈ മരുന്നുകളോടൊപ്പം നല്ല പോഷകാഹാരങ്ങളും കഴിക്കാനും ഉപദേശിച്ചു.

ഡോക്ടർ തിരിച്ചു പോയ ശേഷം ഹുദൂർ പറഞ്ഞു. ഈ ഡോക്ടർ തന്റെ ഫീസ് വസൂലാക്കാനും അതു നിങ്ങളെയൊക്കെ ബോദ്ധ്യപ്പെടുത്താനും വേണ്ടി മാത്രമാണു എന്നെ ഇത്ര സമയമെടുത്തു പരിശോധിച്ചത്. എനിക്കുള്ള രോഗവും ബുദ്ധിമുട്ടും മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. ഇത്രയൊന്നും സമയം ചെലവാക്കേണ്ട യാതൊരാവശ്യവുമില്ല. എന്റെയടുക്കൽ ക്ലിനിക്കിൽ ആരെങ്കിലും വന്നു മൗലവി സാഹിബ് അസ്സലാമുഅലൈകും എന്നു പറഞ്ഞാൽ തല ഉയർത്തി നോക്കാതെ തന്നെ അയാൾക്കെന്താണു രോഗമെന്നു അയാളുടെ ശബ്ദത്തിലൂടെ എനിക്കു ഏറെക്കുറെ മനസ്സിലാകും.

## ഹുസൂറിന്റെ ജീവിതത്തിലെ അവസാന വസീയത്ത്

ഹുസൂറിന്റെ ആരോഗ്യ നില ഓരോ ദിവസവും താഴേയ്ക്കു തന്നെ പോകാൻ തുടങ്ങിയപ്പോൾ ഹുസൂർ 1914 മാർച് 4-ാം തിയ്യതി കടലാസ്സും പേനയും കൊണ്ടു വരാൻ ആവശ്യപ്പെട്ടു. പിന്നീട് ഹുസൂർ കിടന്നു കൊണ്ട് തന്നെ വസീയത്ത് എഴുതി. അതിന്റെ താഴെ ഹുസൂറും അഞ്ചുമനിലെ അംഗങ്ങളും ഒപ്പു വെച്ചു. വസീയത്തിന്റെ പൂർണ രൂപം ഇങ്ങനെയായിരുന്നു.

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم

വിനീതൻ പൂർണ ബോധത്തോടും വിവേചനാശക്തിയോടും കൂടി എഴുതുകയാണ്.

لا اله الا الله محمد رسول الله

എന്റെ കുട്ടികൾ ചെറുപ്രായക്കാരാണ്. വീട്ടിൽ ഞങ്ങൾ പണമൊന്നും ശേഖരിച്ചു വെച്ചിട്ടില്ല. അവരുടെ സംരക്ഷകൻ അല്ലാഹുവായിരിക്കട്ടെ. ഈ മക്കളുടെ പരിപാലനത്തിനായി അനാഥരുടേയും സാധുക്കളുടേയും ഫണ്ട് ഉപയോഗിക്കരുത്. അവർക്കു വേണ്ടി കുറച്ചു ഖർസെ ഹസന (കടം) ചിലരിൽ നിന്നും വാങ്ങിച്ചോളൂ. മക്കളിൽ കഴിവുള്ളവർ ആ കടം തിരിച്ചു നൽകിക്കോളും. ഗ്രന്ഥങ്ങളും മറ്റു സ്വത്തും മക്കളുടെ പേരിൽ വഖ്ഫ് ചെയ്താൽ മതി. എനിക്കു ശേഷം വരുന്ന എന്റെ പ്രതിനിധി മുത്തഖിയായിരിക്കണം. ജനസമ്മതനും എല്ലാവരാലും ഇഷ്ടപ്പെടുന്നയാളുമായിരിക്കണം. സ്വാലിഹായ അമലുകളനുഷ്ഠിക്കുന്ന പണ്ഡിതനും ഹദ്റത്ത് സാഹിബിന്റെ പഴയതും പുതിയതുമായ സഹാബാക്കളോടു ക്ഷമിച്ചും പൊറുത്തും മുന്നോട്ടു പോകുന്നയാളുമായിരിക്കണം. ഞാൻ എല്ലാവരുടേയും അഭ്യുദയകാംക്ഷിയായിരുന്നു. അദ്ദേഹവും അതുപോലെ തന്നെയായിരിണം. ഖുർആന്റേയും ഹദീസിന്റേയും ക്ലാസ്സുകൾ തുടർന്നു കൊണ്ടിരിക്കണം.

*വസ്സലാം*

**നൂറുദ്ദീൻ,** *മാർച്ച് 4. 1914*

വസിയ്യത്തെഴുതി ഹുദൂറും അഞ്ചുമനിലെ മറ്റംഗങ്ങളും ഒപ്പിട്ട ശേഷം അടുത്തുതന്നെ ഇരിക്കുകയായിരുന്ന മൗലവി മുഹമ്മദ് അലി സാഹിബിനോടു ഈ വസീയത്തു എല്ലാവരേയും വായിച്ചു കേൾപിക്കാൻ ഹുസൂർ ആവശ്യപ്പെട്ടു. ഒരു പ്രാവശ്യം അദ്ദേഹം വായിച്ചു കേൾപിച്ച ശേഷം വീണ്ടും വായിക്കാൻ പറഞ്ഞു. അതിനു ശേഷം മൂന്നാമതും വായിക്കാൻ ഹുസൂർ ആവശ്യപ്പെട്ടു. മൂന്നു പ്രാവശ്യത്തെ വായനയ്ക്കു ശേഷം മൗലവി മുഹമ്മദ് അലി സാഹിബിനോടു, ഇതിൽ പ്രധാനപ്പെട്ടതു വല്ലതും എഴുതാൻ വിട്ടു പോയിട്ടുണ്ടോയെന്നു ഹുസൂർ ചോദിച്ചു. അദ്ദേഹം ഇല്ലായെന്നു മറുപടി നൽകി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ്[൧] പറയുകയാണ്. തന്റെ ഹൃദയത്തിൽ എല്ലായിപ്പോഴും ഖിലാഫത്തിനെ നശിപ്പിക്കാനുള്ള പദ്ധതികളും ആസൂത്രണങ്ങളുമായി കഴിഞ്ഞിരു ന്ന മൗലവി മുഹമ്മദ് അലി സാഹിബ് ഈ വസിയ്യത്ത് വായിച്ച് ആകെ ആശ്ചര്യചകിതനും അത്ഭുതപരതന്ത്രനുമായി. അതോടെ ഖിലാഫത്തിനെ നശിപ്പിക്കുന്നതിനായി അദ്ദേഹവും സിൽബന്ധികളും കെട്ടിപ്പൊക്കിയ എല്ലാ പദ്ധതികളും ആസൂത്രണങ്ങളും ഒരു ശീട്ടു കൊട്ടാരം പോലെ തകന്നടിയുന്നതായി കണ്ട അദ്ദേഹത്തിന്റെ മുഖത്തു പ്രകടമായ ദേഷ്യവും ഉൽകണ്ഠയും പ്രത്യേകമായ വികാരവും അവിടെ സന്നിഹിതരായിരുന്നവരെല്ലാം തന്നെ കണ്ടതാണ്. എന്നിട്ടും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഗാംഭീര്യത്തിനു മുന്നിൽ വാ തുറന്നൊന്നു പറയുവാനോ ചോദിക്കുവാനോ അദ്ദേഹത്തിനു സാധിച്ചില്ല. ഹൃദയത്തിൽ ശത്രുതാ

ശേഷം പേജ് 43 ൽ

# വലത്പക്ഷ തീവ്രവാദത്തിലേക്ക് നീങ്ങുന്ന യൂറോപ്പും ഇസ്‌ലാമും

യൂറോപ്പിലുടനീളമുള്ള രാജ്യങ്ങളിൽ വലത്പക്ഷ ദേശീയ രാഷ്ട്രീയ കക്ഷികളുടെ മുന്നേറ്റം സജീവമാവുകയാണ്. വലത് പക്ഷങ്ങളിൽ തന്നെ തീവ്ര വലത് പക്ഷം അഥവാ പ്രതിലോമ വലത് പക്ഷം (Reactionary Right) ജനകീയ വലത് പക്ഷം (Populist Right) എന്നിങ്ങനെ രണ്ടായി തിരിക്കാം. 1980 കൾക്ക് ശേഷം യൂറോപ്യൻ രാഷ്ട്രീയ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വലത് പക്ഷവത്ക്കരണം എന്ന പ്രതിഭാസം ഓരോ രാജ്യങ്ങളിലെ ഇലക്ഷനിലും കൂടി വരികയാണ്. യൂറോപ്പിനെ പിടികൂടിയിരിക്കുന്ന ഈ ഭൂതത്തിന്റെ പരിണിതി സർവ്വ നാശമായിരിക്കുമെന്നാണ് ചരിത്രം നൽകുന്ന പാഠം .

തീവ്രദേശീയവാദികളായ വലത് പക്ഷ പാർട്ടികൾ കുടിയേറ്റത്തിനും ആഗോള വത്ക്കരണത്തിനും യൂറോപ്യൻ യൂണിയനും എതിരാണ് (Euroscepticism). ഉക്രെയ്ൻ യുദ്ധത്തിൽ ഉക്രയ്നെ പിന്തുണക്കുന്നതിനും അവർ എതിരാണ്. അത് പോലെ LGBT അവകാശങ്ങൾക്കും ഗർഭചിദ്രത്തിനുമെതിരാണ്. ഈ തീവ്ര വലത്പക്ഷത്തിന്റെ മറ്റൊരു പ്രകടമായ ഐഡന്റിറ്റി കടുത്ത ഇസ്‌ലാം മത വിരുദ്ധതയാണ്. പണ്ട് യൂറോപ്പിൽ ആന്റി സെമിറ്റിസം എന്ന പേരിൽ യഹൂദ വിദ്വേഷമായിരുന്നു ഫാസിസം നാസിസം പോലെയുള്ള വലത് പക്ഷ ദേശീയ വാദികൾ പുലർത്തിയിരുന്നതെങ്കിൽ ആ വിദ്വേഷം ഇപ്പോൾ മുസ്‌ലിംകൾക്കെതിരായും ഇസ്‌ലാം മതത്തിന്നെതിരെയുമായി തിരിഞ്ഞിരിക്കുന്നു. അതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ഇറ്റലിയിലെ തീവ്ര വലത്പക്ഷ പാർട്ടിയായ 'ബ്രദേഴ്സ് ഓഫ് ഇറ്റലി' പാർട്ടിയുടെ നേതാവും ഇറ്റാലിയൻ പ്രധാനമന്ത്രിയുമായ ജിയോർജിയ മെലോനി, ബ്രിട്ടീഷ് പ്രധാന മന്ത്രി ഋഷി സുനകിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ വിവാദമായ പ്രസ്താവന. അതായത് ഇസ്‌ലാമിക സംസ്ക്കാരം യൂറോപ്യൻ നാഗരിക മൂല്യങ്ങളുമായി പൊരുത്തപ്പെടില്ല എന്നാണ് അവർ പറഞ്ഞത്. ശരീഅത്ത് നിയമം നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുന്ന സഊദി അറേബ്യയാണ് ഇറ്റലിയിലെ ഇസ്‌ലാമിക് കൾച്ചറൽ സെന്ററിന് പണം നല്കുന്നത്. ഇറ്റലിയിൽ നടന്നുകൊണ്ടിരിക്കുന്ന ഇസ്‌ലാമികവത്ക്കരണത്തിന് നമ്മുടെ നാഗരിക മൂല്യങ്ങളും തമ്മിൽ വളരെ അകലമുണ്ടെന്നുമാണ് അവർ പറഞ്ഞത്. (Hindustan Times, 17 Dec 2023). ഇസ്‌ലാമിനെതിരെ വിദ്വേഷവും മുൻവിധിയുമുള്ള ആളാണെങ്കിലും അവർ പറഞ്ഞ ഒരു കാര്യം അവഗണിക്കാൻ സാദ്ധ്യമല്ല. മതപ്പോലീസിനെ നിർത്തി ആളുകളെ നമസ്ക്കരിപ്പിക്കുകയും എല്ലാ ആശയപ്രകടന സ്വാതന്ത്ര്യവും പൗരാവകാശങ്ങളും നിഷേധിക്കുകയും ചെയ്യുന്ന യാഥാസ്ഥിതിക വഹാബിസം ഐഡിയോളജിയായി സ്വീകരിച്, രാജഭരണം നടത്തുന്ന സഊദി ബ്രാൻഡ് ഇസ്‌ലാം മറ്റുള്ളവരുടെ വിമർശനം ഏറ്റുവാങ്ങിയിട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ.



യൂറോപ്യൻ വലതുപക്ഷ നേതാക്കൾ

എന്താണ് ഇറ്റാലിയൻ പ്രധാന മന്ത്രി പറഞ്ഞ പാശ്ചാത്യ മൂല്യങ്ങൾ? പൗരസ്ത്യ രാജ്യങ്ങളും ആഫ്രിക്കയുമടക്കം ലോകത്തുള്ള ദുർബ്ബലരായ സമൂഹങ്ങളെ കൊന്നൊടുക്കിയും അടിമകളാക്കിക്കൊണ്ടും കോളനിവത്ക്കരണത്തിലൂടെ ചൂഷണം ചെയ്യുന്നതാണോ ഈ പാശ്ചാത്യമൂല്യങ്ങൾ. ഒന്നു രണ്ടും ലോകമഹായുദ്ധങ്ങളിലൂടെ കോടിക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിയത് ഇസ്‌ലാമാണോ? അതോ പശ്ചാത്യ സംസ്ക്കാരമോ? ആറ്റംബോംബ് വർഷിച്ച് ആളുകളെ കൂട്ടത്തോടെ കൊല്ലുകയും മനുഷ്യവംശത്തെ പലമടങ്ങ് നശിപ്പിക്കാൻ ശേഷിയുള്ള ന്യൂക്ലിയർ ആയുധങ്ങൾ നിർമിക്കുകയും കൈവശം വെച്ചിരിക്കുകയും ചെയ്യുന്നത് ഇസ്‌ലാമാണോ? ലോകത്ത് രാഷ്ട്രീയ സംഘർഷങ്ങളും യുദ്ധങ്ങളുമുണ്ടാക്കി ആയുധ കച്ചവടം നടത്തി അശാന്തി വിറ്റ് ജീവിക്കുന്നത് ഇസ്‌ലാമോ പാശ്ചാത്യരോ? ഈ സംഹാരാത്മകവും ചൂഷ

ണത്തിലധിഷ്ഠിതവുമായ പാശ്ചാത്യ മൂല്യങ്ങൾക്ക് സേവനഭാവത്തിൽ വർണവും വദനവും നല്കിയത് നിർഭാഗ്യകരമെന്ന് പറയട്ടെ ക്രിസ്തു സഭയുമായിരുന്നു. കിഴക്കാണ് പിറന്നതെങ്കിലും ആ മതത്തെ സ്വന്തം മതമാക്കി വളർത്തിയത് പാശ്ചാത്യരാണ്. അവർ മദ്ധ്യകാലഘട്ടങ്ങളിൽ നടത്തിയ അതിഭയാനകമായ മതവിചാരണകളും യഹൂദ കൂട്ടക്കൊലകളും മഹാന്മാരായ ശാസ്ത്ര പ്രതിഭകളെ ദ്രോഹിച്ച ശാസ്ത്ര വിരുദ്ധതയും ഏത് മതമാണ് നിർവ്വഹിച്ചത്? ഉക്രയ്നിൽ നിന്നുള്ള അഭയാർത്ഥികളോട് EU ഉദാര സമീപനം സ്വീകരിച്ച് അവരെ സ്വീകരിച്ചപ്പോൾ സിറിയൻ അഭയാർത്ഥികളോട് യൂറോപ്യൻ രാജ്യങ്ങൾ കാണിച്ച ഇരട്ടത്താപ്പ് മാനവസമതക്ക് ചേർന്നതാണോ? ഈ പാശ്ചാത്യ കുടിലതയുടെ മൂല്യങ്ങൾ എതിർക്കാത്ത നിങ്ങളുടെ മതം നിങ്ങൾക്ക് നല്ലതും ഇസ്‌ലാം മതം നിങ്ങളുടെ യൂറോപ്യൻ മൂല്യങ്ങൾക്ക് യോജിക്കാത്തതുമായി തോന്നുന്നുവെങ്കിൽ അതിനെ പറ്റിയൊന്നും പറയാനില്ല. ഇസ്‌ലാം പലിശ എന്ന ചൂഷണം നിരോധിക്കുന്നുണ്ട്. മദ്യം കഴിച്ച് സ്വബോധം നഷ്ടപ്പെടുന്നതിനെ വിലക്കുന്നുണ്ട്. സ്വവർഗ്ഗ വിവാഹം പാടില്ല എന്ന് പറയുന്നുണ്ട്. പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധങ്ങളെ എതിർക്കുന്നുണ്ട്. തുറന്ന നിലയിലുള്ള നഗ്നതാ പ്രദർശനവും വിരോധിക്കുന്നുണ്ട്. ഇതെല്ലാം പാശ്ചാത്യമൂല്യങ്ങൾക്കെതിരാണെങ്കിൽ അതിനോട് ഇസ്‌ലാം വിട്ടുവീഴ്ച ചെയ്യില്ല. എന്നത് നേരാണ്.

സമകാലീന യൂറോപ്പിൽ പല രാജ്യങ്ങളിലും ഇപ്പോൾ തീവ്ര വലത് പക്ഷ പാർട്ടികൾ ഭരണത്തിലെത്തിയിരിക്കുന്നു. ചിലയിടങ്ങളിൽ അവർ ഭരണ പങ്കാളികളാണ് ചില രാജ്യങ്ങളിൽ മുഖ്യ പ്രതിപക്ഷമോ പ്രതിപക്ഷ നിരയിലോ നിൽക്കുന്നു. മാത്രമല്ല പൊതുവേ ലിബറൽ ഡമോക്രസി നയമായി സ്വീകരിച്ച യൂറോപ്യൻ രാജ്യങ്ങളിലെ മുഖ്യധാരാ പാർട്ടികൾ പോലും വലത് പക്ഷ പാർട്ടികളുടെ കുടിയേറ്റ വിരുദ്ധതയുടെയും ഇസ്‌ലാമോഫോബിയയുടെയും പ്രചാരണ ചുഴിയിൽപ്പെട്ട് അവരുടെ ഉദാര നയങ്ങളിൽ തീവ്രവാദം കലർത്തേണ്ടി വരുന്നു. തീവ്രവലത് പക്ഷങ്ങൾ വളരാനുള്ള മറ്റ് കാരണങ്ങൾ ഉക്രയ്ൻ യുദ്ധത്തിന് ശേഷമുണ്ടായ വിലക്കയറ്റം, ഉക്രയ്ൻ അഭയാർത്ഥികളോട് യൂറോപ്യൻ ഭരണകൂടം കാണിക്കുന്ന ഉദാരസമീപനം, തൊഴിലില്ലായ്മ, 2019 ലെ കൊറോണാ രോഗവും ലോക്ക് ഡൗണും, 2008 മുതൽ ആരംഭിച്ച് ഇപ്പോഴും തുടരുന്ന സാമ്പത്തിക മാന്ദ്യം, കാലാവസ്ഥാ വ്യതിയാനം ക്രിസ്തു സഭകളുടെ ധാർമിക ഭ്രംശങ്ങൾ, വ്യക്തിപരമായ ജീവിതനൈരാശ്യങ്ങളുടെ ആധിക്യം, കുടുംബ തകർച്ച മുതലായ പല കാരണങ്ങളാണ് യൂറോപ്യൻ വലത് പക്ഷ തീവ്രവാദത്തിന് വളരുവാനുള്ള കളമൊരുങ്ങാൻ കാരണം. യൂറോപ്പിൽ മാത്രമല്ല ലോകത്തുടനീളം മിക്ക രാജ്യങ്ങളിലും ഈ തീവ്രവാദ പ്രതിഭാസം ദൃശ്യമാണ്.

രണ്ടാം ലോക മഹായുദ്ധത്തിൽ സംഭവിച്ചത് ഫാസിസം നാസിസം എന്നീ ആശയങ്ങളുടെ പരാജയം കൂടിയായിരുന്നു. ഇത്തരം തീവ്ര ദേശീയതയുടെ അപരവിരോധത്തിന്റെയും അംശങ്ങളുള്ള പാർട്ടികൾക്ക് ഒരിക്കലും തങ്ങളുടെ രാജ്യങ്ങളിൽ സ്ഥാനമുണ്ടാകില്ല എന്ന് യുദ്ധാനന്തരം ആ രാജ്യങ്ങളിലുള്ള ജനത പ്രതിജ്ഞയെടുത്തതാണ്. ഫാസിസം താണ്ഡവ നൃത്തം ചവിട്ടി പരാജയപ്പെട്ട ആ ഇറ്റലിയിലാണ് ഫാസിസത്തിന്റെ യുദ്ധോത്സുക രാഷ്ട്രീയ സ്മരണകൾ ഉണർത്തിക്കൊണ്ട് തീവ്ര വലത്പക്ഷ പാർട്ടിയായ 'ബ്രദേഴ്സ് ഓഫ് ഇറ്റലി' എന്ന സംഘടന 2022 സെപ്തമ്പറിൽ ഭരണം കൈയ്യേൽക്കുന്നത്. ജോർജിയ മെലോനി എന്ന അവരുടെ നേതാവ് ഇറ്റലിയുടെ ആദ്യത്തെ വനിതാ പ്രധാനമന്ത്രി കൂടിയാണ്. ജർമ്മനിയിലാകട്ടെ വലത് പക്ഷ പാർട്ടിയായ Alternative for Germany (AfD) ജർമ്മൻ നിയമ നിർമ്മാണ സഭയിൽ (ബുൻഡിസ്റ്റാഗ്) ഇപ്പോൾ 78 അംഗങ്ങളുള്ള പാർട്ടിയാണ്. 1884 അംഗങ്ങളുള്ള ജർമ്മൻ സ്റ്റേറ്റ് പാർലമെന്റിൽ 252 അംഗങ്ങൾ അവർക്കുണ്ട്. അടുത്ത് നടന്ന അഭിപ്രായ വോട്ടെടുപ്പിൽ 13 ശതമാനം ജനങ്ങൾ ജർമ്മനിയിൽ എഎഫ്ഡിയെ അനുകൂലിക്കുന്നു. ജൂതന്മാർക്കെതിരെ ഹോളോകാസ്റ്റ് നടത്തിയ ഹിറ്റ്ലറുടെ നാടായ ജർമ്മനിയിൽ അതിതീവ്രവാദം കുതിച്ചുയരുകയാണെന്നാണ് The Guardian പത്രം പറയുന്നത് (Rightwing extremist views increasingly widespread in Germany, study finds,The Guardian, 21 Sep 2023) നാസി കാലത്തുള്ളത് പോലെ ശക്തമായ ദേശീയത ഉയർത്തിപ്പിടിക്കുന്ന 16 ശതമാനം ജനങ്ങൾ ഇന്ന് ജർമ്മനിയിലുണ്ട്. മറ്റൊരു വസ്തുത 16.5 ശതമാനം ജർമ്മൻകാരും നാസികളെ കുറ്റപ്പെടുത്തി ജൂതന്മാർ മുതലെടുപ്പ് നടത്തുകയാണെന്ന് കരുതുന്നവരാണ്. 2023 ഒക്ടോബറിൽ ആരംഭിച്ച ഇസ്റയേലിന്റെ ഗസ്സ കൂട്ടക്കൊലകൾക്ക് തൊട്ട് മുമ്പാണ് ഈ പഠനം എന്നോർക്കണം. അതിന് ശേഷം ജർമ്മൻ ജനതയുടെ യഹൂദരോടുള്ള ഈ മനോഭാവം വർദ്ധിക്കാനാണ് സാദ്ധ്യത. 2023 ജൂലായിയിൽ നടന്ന ജർമ്മനിയിലെ പ്രാദേശിക തെരെഞ്ഞെടുപ്പിൽ സോൻബെർഗ് കൗണ്ടിയിൽ 52.8% വോട്ട് നേടിയണ് എഫ്ഡി വിജയിച്ചത്.

1999 ലാണ് യൂറോപ്യൻ യൂണിയൻ(EU) നിലവിൽ വന്നത് 2023 ൽ ബ്രിട്ടൻ EU വിൽ നിന്നും പിന്മാറിയതോടെ 27 അംഗരാജ്യങ്ങളാണുള്ളത്. EU രാജ്യങ്ങളിൽ ഇപ്പോൾ ഭരണത്തിലിരിക്കുന്നവരും ഭരണ പങ്കാളികളായവരും പ്രതിപക്ഷത്തുള്ളവരുമായ വലത്പക്ഷ പാർട്ടികളുടെ പ്രബലമായ സാന്നിദ്ധ്യമുണ്ട്. ഫാസിസ്റ്റ് പ്രവണതകളുള്ള EU വിൽ അവരുടെ ഒരു ഐക്യനിര രൂപപ്പെടുകയും ചെയ്യുന്നു. യൂറോപ്യൻ യൂണിയനെ മൊത്തം പരമാധികാര (Sovereignty) സ്വഭാവത്തിലാക്കുന്നതിനെ അവർ എതിർക്കുന്നു. രാജ്യങ്ങളുടെ ദേശീയ പ്രാധാന്യം നിലനിർത്തിയുള്ള ഫെഡറൽ ബ്ലോക്കായി ഇരിക്കാനാണ് അവർക്ക് താൽപര്യം. തീവ്രവാദികളായ വലത് പക്ഷ നേതാക്കന്മാർക്ക് അധികവും റഷ്യയോടാണ് ആഭിമുഖ്യം. 2015 ൽ റഷ്യ ക്രീമിയ സ്വ

ന്തം രാജ്യത്തോട് കൂട്ടിചേർത്തതു മുതൽ റഷ്യയുമായി EU എല്ലാ ബന്ധങ്ങളും ഔദ്യോഗികമായി അവസാനിപ്പിക്കുകയുണ്ടായി. 2022 ഫെബ്രവരിയിൽ ഉക്രയ്നെ റഷ്യ ആക്രമിച്ചതോടെ ഉപരോധം കൂടുതൽ രൂക്ഷമായി.

ഹംങ്കറിയിൽ പ്രധാനമന്ത്രിയായ വിക്ടർ ഒർബാൻ നയിക്കുന്ന ഫിഡെസ് (Fidesz) പാർട്ടി, പോളണ്ടിലെ ജെറൊസ്ലോ കാശിൻസ്കി ചെയർമാനായ ലോ ആന്റ് ജസ്റ്റീസ് പാർട്ടി, ഇറ്റലിയിൽ ജോർജിയ മെലോനി പ്രധാനമന്ത്രിയായ ബ്രദേഴ്സ് ഓഫ് ഇറ്റലി എന്നിവയാണ് യൂറോപിൽ അധികാരത്തിലിരിക്കുന്ന തീവ്ര വലത് പക്ഷ പാർട്ടികൾ. കടുത്ത ഇസ്ലാമിക വിരുദ്ധനും നെതർലൻഡിനെ ഇസ്ലാം വിമുക്തമാക്കുമെന്നും പറഞ്ഞ ഗീർട്ട് വൈൽഡേഴ്സിന്റെ ഫ്രീഡം സ്വീഡൻ ഡമോക്രാറ്റിക്ക് പാർട്ടി. വിശുദ്ധ ഖുർആനെ ഫാസിസ്റ്റ് ബുക്ക് എന്നും മെയ്ൻ കാഫ് പോലെയാണെന്നുമാണ് അയാൾ വിശേഷിപ്പിച്ചത്. സ്പെയിനിലെ വോക്സ് പാർട്ടി, ഫ്രാൻസിൽ മെരീ ലീ പെൻ നയിക്കുന്ന നാഷനൽ ഫ്രണ്ട്, ഫിൻലന്റിൽ ഫിൻസ് പാർട്ടി(Finns Party) സ്വീഡനിൽ സ്വീഡിഷ് ഡമോക്രാറ്റ്സ്, സെർബിയയിൽ യുണൈറ്റഡ് സെർബിയ എന്നീ വലത് പക്ഷ തീവ്രവാദ പാർട്ടികൾ യൂറോപ്പിനെ കൂടുതൽ മാനവിരുദ്ധവും കുടിയേറ്റ വിരുദ്ധവുമാക്കി മാറ്റുന്നു. ഈ പുതിയ പ്രവണതകളുടെ സമഗ്രരൂപമാണ് യൂറോപ്പിന്റെ ഇസ്ലാം വിരുദ്ധത. യൂറോപ്യൻ യൂണിയൻ പാർലമെന്റിലും അവരുടെ പ്രാതിനിധ്യം ഗണ്യമായി കൂടിവരുന്നു. അമേരിക്ക ഇസ്റയേൽ യൂറോപ്പ് മുതലായ രാജ്യങ്ങളിൽ നിന്നും കയറ്റി അയക്കുന്ന ഇസ്ലാമിക വിരുദ്ധ ആശയങ്ങളാണ് ലോകം മുഴുവനുമിപ്പോൾ ഇസ്ലാമോ ഫോബിയ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

2011 സെപ്തംബർ 11 ടിൻ ടവർ ആക്രമണം 2004, 2005 വർഷങ്ങളിൽ സ്പെയിനിലെ മാഡ്രിഡിലും ലണ്ടനിലും നടന്ന ബോംബ് സ്ഫോടനങ്ങൾ. മുഹമ്മദ് നബി(സ) കാർട്ടൂൺ വിവാദം സിറിയൻ യുദ്ധം ഫ്രാൻസിലെ ശിരോ വസ്ത്ര വിവാദം, റസൂൽ തിരുമേനി(സ)ക്കെതിരെ കാർട്ടൂൺ വരച്ചയാളെ ന്യായീകരിച്ച ഫ്രാൻസിലെ സാമുവൽ പാട്ടി എന്ന അദ്ധ്യാപകനെ പതിനെട്ടുകാരനായ ഒരു ചെച്നിയൻ വിദ്യാർത്ഥി കഴുത്തറുത്തുകൊന്ന സംഭവം. ഇതെല്ലാം തന്നെ രാഷ്ട്രീയക്കാരും ക്രിസ്തുമത സംഘടനകളും മാദ്ധ്യമങ്ങളും കലാസാഹിത്യ പ്രവർത്തകരും ആസൂത്രിതവും സംഘടിതവുമായി മുസ്ലിംകൾക്കും ഇസ്ലാമിനുമെതിരെ പ്രയോഗിക്കുകയാണ്. ഇസ്ലാമിസ്റ്റുകൾ ജിഹാദി സിദ്ധാന്തമാണ് അവർ ഇതിന് ഏറ്റവും നല്ല ആയുധമായി ഉപയോഗിക്കുന്നത്. ജിഹാദ് അഥാവാ യുദ്ധം നടത്താനുള്ള യാതൊരു ഭൗതികമായ വിഭവങ്ങളോ ശാസ്ത്രീയവും സാങ്കേതികവുമായ അറിവോ ഇല്ലാതെ താടിയും തലപ്പാവും ധരിച്ച ഈ ഇസ്ലാമിക വേഷധാരികൾ കൊണ്ട് നടക്കുന്ന കലാനിഷ്ക്കോവ് തോക്ക് ഒരു പാശ്ചാത്യ നിർമിതിയാണ്. സ്കൂളുകൾക്ക് ബോംബിടുകയും സ്ത്രീ വിദ്യാഭ്യാസത്തെ സമ്മതിക്കാത്ത പ്രാകൃതരായ അഫ്ഘാനിസ്ഥാനിലെയും പാകിസ്ഥാനിലെയും സിറിയയിലെയും യമനിലെയും ജിഹാദികൾക്ക് എങ്ങനെ സുന്ദരമായ ഇസ്ലാമിക മൂല്യങ്ങളെ പ്രതിനിധീകരിക്കാനാവും? പക്ഷേ അല്ലാഹു വാഗ്ദാനം ചെയ്ത ആഗോള ഇസ്ലാമിക വിജയം ആധുനിക കാലത്ത് അല്ലാഹു മുഹമ്മദ് നബി(സ)യുടെ മഹ്ദിയും മസീഹുമായി അയച്ച ഹദ്റത്ത് അഹ്മദിന്റെ പ്രസ്ഥാനം മുഖേന ബുദ്ധിപരമായ സംവാദങ്ങളിലൂടെയാണ് സാധിതമാവുക എന്നത് വിധിച്ച കാര്യമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: 'തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ, അദ്ദേഹം അതിനെ എല്ലാ മതങ്ങളുടെയും(എല്ലാ പ്രത്യയ ശാസ്ത്രങ്ങളുടെയും മേൽ വിജയിപ്പിക്കുന്നതിന് വേണ്ടി' (61:9)

പേജ് നമ്പർ 40 ൽ നിന്ന്

മനോഭാവവും ഭിന്നാഭിപ്രായവും കൊണ്ടു നടന്നിരുന്ന അദ്ദേഹത്തോടു ഹുദൂർ ആ വസീയത്തിനെ കുറിച്ചു ഇതു മതിയോ, ഒന്നും വിട്ടു പോയിട്ടില്ലല്ലോ എന്നു ചോദിച്ചപ്പോൾ

یہ بالکل درست ہے

ഇതു തികച്ചും ശരിയാണെന്നാണു അദ്ദേഹം ഹുസൂറിനോടു സമ്മതിച്ചത്. എന്നാൽ മരണക്കിടക്കയിൽ കിടക്കുന്ന തന്റെ യജമാനനും ആത്മീയ നേതാവുമായ ഒരാളേടു ലോകത്തുള്ള ഒരു ശിഷ്യനും സേവകനും മൗലവി മുഹമ്മദ് അലി സാഹിബ് കാണിച്ചതു പോലുള്ള ചതിയും വഞ്ചനയും ഒരിക്കലും കാണിച്ചിട്ടുണ്ടാവില്ലെന്നാണു പിന്നീടുള്ള സംഭവങ്ങൾ നമുക്ക് പറഞ്ഞു തരുന്നത്. (തുടരും)

**ഖുർആനിൽ നിന്ന്**

*നീ പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്.*
*അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ*
*അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ*
*അവൻ അവിശ്വസിക്കട്ടെ. (18: 30)*
*മതത്തിൽ ഒരുവിധത്തിലുള്ള ബലപ്രയോഗവുമില്ല.*
*തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്ന്*
*വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുഷ്ശക്തികളെ*
*നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും*
*ചെയ്യുന്നുവോ തീർച്ചയായും അവർ ഏറ്റവും ഉറപ്പുള്ള*
*കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അതൊരിക്കലും മുറിഞ്ഞുപോകുകയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും*
*നല്ലവണ്ണം അറിയുന്നവനുമാകുന്നു. (2 : 257)*

ന്തം രാജ്യത്തോട് കൂട്ടിചേർത്തതു മുതൽ റഷ്യയുമായി EU എല്ലാ ബന്ധങ്ങളും ഔദ്യോഗികമായി അവസാനിപ്പിക്കുകയുണ്ടായി. 2022 ഫെബ്രവരിയിൽ ഉക്രയ്നെ റഷ്യ ആക്രമിച്ചതോടെ ഉപരോധം കൂടുതൽ രൂക്ഷമായി.

ഹംഗറിയിൽ പ്രധാനമന്ത്രിയായ വിക്ടർ ഒർബാൻ നയിക്കുന്ന ഫിഡെസ് (Fidesz) പാർട്ടി, പോളണ്ടിലെ ജെറൊസ്ലോ കാശിൻസ്കി ചെയർമാനായ ലോ ആന്റ് ജസ്റ്റീസ് പാർട്ടി, ഇറ്റലിയിൽ ജോർജിയ മെലോനി പ്രധാനമന്ത്രിയായ ബ്രദേഴ്സ് ഓഫ് ഇറ്റലി എന്നിവയാണ് യൂറോപിൽ അധികാരത്തിലിരിക്കുന്ന തീവ്ര വലത് പക്ഷ പാർട്ടികൾ. കടുത്ത ഇസ്‌ലാമിക വിരുദ്ധനും നെതർലൻഡിനെ ഇസ്‌ലാം വിമുക്തമാക്കുമെന്നും പറഞ്ഞ ഗീർട്ട് വൈൽഡേഴ്സിന്റെ ഫ്രീഡം സ്വീഡൻ ഡമോക്രാറ്റിക്ക് പാർട്ടി. വിശുദ്ധ ഖുർആനെ ഫാസിസ്റ്റ് ബുക്ക് എന്നും മെയ്ൻ കാഫ് പോലെയാണെന്നുമാണ് അയാൾ വിശേഷിപ്പിച്ചത്. സ്പെയിനിലെ വോക്സ് പാർട്ടി, ഫ്രാൻസിൽ മെരീ ലീ പെൻ നയിക്കുന്ന നാഷനൽ ഫ്രണ്ട്, ഫിൻലന്റിൽ ഫിൻസ് പാർട്ടി(Finns Party) സ്വീഡനിൽ സ്വീഡിഷ് ഡമോക്രാറ്റ്സ്, സെർബിയയിൽ യുണൈറ്റഡ് സെർബിയ എന്നീ വലത് പക്ഷ തീവ്രവാദ പാർട്ടികൾ യൂറോപ്പിനെ കൂടുതൽ മാനവിരുദ്ധവും കുടിയേറ്റ വിരുദ്ധവുമാക്കി മാറ്റുന്നു. ഈ പുതിയ പ്രവണതകളുടെ സമഗ്രരൂപമാണ് യൂറോപ്പിന്റെ ഇസ്‌ലാം വിരുദ്ധത. യൂറോപ്യൻ യൂണിയൻ പാർലമെന്റിലും അവരുടെ പ്രാതിനിധ്യം ഗണ്യമായി കൂടിവരുന്നു. അമേരിക്ക ഇസ്റയേൽ യൂറോപ്പ് മുതലായ രാജ്യങ്ങളിൽ നിന്നും കയറ്റി അയക്കുന്ന ഇസ്‌ലാമിക വിരുദ്ധ ആശയങ്ങളാണ് ലോകം മുഴുവനുമിപ്പോൾ ഇസ്‌ലാമോ ഫോബിയ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

2011 സെപ്തംബർ 11 ടിിൻ ടവർ ആക്രമണം 2004, 2005 വർഷങ്ങളിൽ സ്പെയിനിലെ മാഡ്രിഡിലും ലണ്ടനിലും നടന്ന ബോംബ് സ്ഫോടനങ്ങൾ. മുഹമ്മദ് നബി(സ) കാർട്ടൂൺ വിവാദം സിറിയൻ യുദ്ധം ഫ്രാൻസിലെ ശിരോ വസ്ത്ര വിവാദം, റസൂൽ തിരുമേനി(സ)ക്കെതിരെ കാർട്ടൂൺ വരച്ചയാളെ ന്യായീകരിച്ച ഫ്രാൻസിലെ സാമുവൽ പാട്ടി എന്ന അദ്ധ്യാപകനെ പതിനെട്ടുകാരനായ ഒരു ചെച്നിയൻ വിദ്യാർത്ഥി കഴുത്തറുത്തുകൊന്ന സംഭവം. ഇതെല്ലാം തന്നെ രാഷ്ട്രീയക്കാരും ക്രിസ്തുമത സംഘടനകളും മാദ്ധ്യമങ്ങളും കലാസാഹിത്യ പ്രവർത്തകരും ആസൂത്രിതവും സംഘടിതവുമായി മുസ്‌ലിംകൾക്കും ഇസ്‌ലാമിനുമെതിരെ പ്രയോഗിക്കുകയാണ്. ഇസ്‌ലാമിസ്റ്റുകൾ ജിഹാദി സിദ്ധാന്തമാണ് അവർ ഇതിന് ഏറ്റവും നല്ല ആയുധമായി ഉപയോഗിക്കുന്നത്. ജിഹാദ് അഥാവാ യുദ്ധം നടത്താനുള്ള യാതൊരു ഭൗതികമായ വിഭവങ്ങളോ ശാസ്ത്രീയവും സാങ്കേതികവുമായ അറിവോ ഇല്ലാതെ താടിയും തലപ്പാവും ധരിച്ച ഈ ഇസ്‌ലാമിക വേഷധാരികൾ കൊണ്ട് നടക്കുന്ന കലാനിഷ്ക്കോവ് തോക്ക് ഒരു പാശ്ചാത്യ നിർമിതിയാണ്. സ്കൂളുകൾക്ക് ബോംബിടുകയും സ്ത്രീ വിദ്യാഭ്യാസത്തെ സമ്മതിക്കാത്ത പ്രാകൃതരായ അഫ്ഘാനിസ്ഥാനിലെയും പാകിസ്ഥാനിലെയും സിറിയയിലെയും യമനിലെയും ജിഹാദികൾക്ക് എങ്ങനെ സുന്ദരമായ ഇസ്‌ലാമിക മൂല്യങ്ങളെ പ്രതിനിധീകരിക്കാനാവും? പക്ഷേ അല്ലാഹു വാഗ്ദാനം ചെയ്ത ആഗോള ഇസ്‌ലാമിക വിജയം ആധുനിക കാലത്ത് അല്ലാഹു മുഹമ്മദ് നബി(സ)യുടെ മഹ്ദിയും മസീഹുമായി അയച്ച ഹദ്റത്ത് അഹ്മദിന്റെ പ്രസ്ഥാനം മുഖേന ബുദ്ധിപരമായ സംവാദങ്ങളിലൂടെയാണ് സാധിതമാവുക എന്നത് വിധിച്ച കാര്യമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: 'തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ, അദ്ദേഹം അതിനെ എല്ലാ മതങ്ങളുടെയും(എല്ലാ പ്രത്യയ ശാസ്ത്രങ്ങളുടെയും മേൽ വിജയിപ്പിക്കുന്നതിന് വേണ്ടി' (61:9)

പേജ് നമ്പർ 40 ൽ നിന്ന്

മനോഭാവവും ഭിന്നാഭിപ്രായവും കൊണ്ടു നടന്നിരുന്ന അദ്ദേഹത്തോടു ഹുദൂർ ആ വസീയത്തിനെ കുറിച്ചു ഇതു മതിയോ, ഒന്നും വിട്ടു പോയിട്ടില്ലല്ലോ എന്നു ചോദിച്ചപ്പോൾ

یہ بالکل درست ہے

ഇതു തികച്ചും ശരിയാണെന്നാണു അദ്ദേഹം ഹുസൂറിനോടു സമ്മതിച്ചത്. എന്നാൽ മരണക്കിടക്കയിൽ കിടക്കുന്ന തന്റെ യജമാനനും ആത്മീയ നേതാവുമായ ഒരാളേടു ലോകത്തുള്ള ഒരു ശിഷ്യനും സേവകനും മൗലവി മുഹമ്മദ് അലി സാഹിബ് കാണിച്ചതു പോലുള്ള ചതിയും വഞ്ചനയും ഒരിക്കലും കാണിച്ചിട്ടുണ്ടാവില്ലെന്നാണു പിന്നീടുള്ള സംഭവങ്ങൾ നമുക്ക് പറഞ്ഞു തരുന്നത്. (തുടരും)

**ഖുർആനിൽ നിന്ന്**

*നീ പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ. (18: 30)*

*മതത്തിൽ ഒരുവിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുഷ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവർ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അതൊരിക്കലും മുറിഞ്ഞുപോകുകയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു. (2 : 257)*

Published on 07.01.2024
Pages 44
RNI No. 3332/1957, Registered KL/EKM/726/2024-26
Vol: 96 Issue.01
Price Rs. 30/-

The Sathyadoothan Monthly


വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

# SUBSCRIBE

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
**Phone No: 9447086862 (G. Pay)**

ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis

Scan and pay with any BHIM UPI app





Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.